25 Jan 1931

# ഗുരുനാഥൻ.


| പുസ്തകം 10 | 1106 വൃശ്ചികം | ലക്കം 4 |
|---|---|---|


## വിഹായസവിഹാരം.

(എം. രാജരാജവമ്മതമ്പുരാൻ എം. എ., ബി. എൽ.)

### അഞ്ചാം അദ്ധ്യായം.

സൂൎയ്യരശ്മികളുടെ ചൂടിന്റെ അല്പാംശം മാത്രമേ നമുക്കു ലഭിക്കുന്നുള്ളു എന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞുവല്ലൊ. അതു നിസ്സാരമെന്നാണൊ നിങ്ങൾ കരുതുന്നതു്.? ക്രിത്രിമമായി നാമുണ്ടാക്കുന്ന ചൂടിൽ എത്രയോ മടങ്ങ് അതു കൂടുതലാണെന്നു കണക്കെടുക്കുമ്പോൾ അറിയാം. വെള്ളം തിളയ്ക്കുന്നതിന്റെ കണക്കുകൊണ്ടാണ് ഉഷ്ണമാനം ചെയ്യാനെളുപ്പം. ഒരു ചതുരശ്രയടി സ്ഥലത്ത് നേരെ തലയ്ക്കുമീതെ മദ്ധ്യാഹ്നസൂൎയ്യരശ്മികൾ ഒരു മിനിട്ടുനേരം തട്ടിയാൽ അതു് ഏഴു റാത്തൽ്തൂക്കം വെള്ളത്തിന് ഒരു ഡിഗ്രി ചൂടു കൂട്ടും; അന്തരിക്ഷാവരണത്തിനു മേല്പാടിലായിരുന്നാൽ പത്തുറാത്തൽ വെള്ളത്തിന് ഒരു ഡിഗ്രി ചൂടു കൂട്ടും. ഈ ഭേദം വരുന്നതു് സൂൎയ്യരശ്മികളുടെ ചൂടു് അന്തരിക്ഷത്തിൽ ഗ്രസ്തമാകയും പ്രസൃതമാകയും ചെയ്യുന്നതുകൊണ്ടാകുന്നു. സൂൎയ്യരശ്മികളുടെ 'സ്ഥിരോഷ്ണം' (Solar constant) 'ഒരു ചതുരശ്രസെന്റിമീററിനു (Centimeter=155 Sq. inch) ഒരു മിനിട്ടിൽ ഏകദേശം രണ്ടു ഗ്രാം (ഫ്. ൻമ്പ്ര) കലോരി (ഉഷ്ണം)' എന്നാണു ശാസ്ത്രജ്ഞന്മാർ പറയാറുള്ളതു്. പല കാരണങ്ങളാലും നൂററിന് അഞ്ചുവീതം കൂടുതൽകുറവു വരാമെന്നും അവർ പറയുന്നുണ്ട്. ഇങ്ങനെ ശാസ്ത്രീയഭാഷയിൽ വ്യവഹരിക്കുന്നതിനെക്കാൾ നമുക്ക് എളുപ്പം ഗ്രഹിക്കാവുന്നമാതിരി പറയാം. ഒരു ചതുരശ്രമൈൽതറയിൽ സൂൎയ്യരശ്മിപാതം നിമിത്തമുണ്ടാകുന്ന ചൂടുകൊണ്ടു് ഒന്നരം ടൺ ഉറഞ്ഞ ജലത്തെ തിളപ്പിക്കാമെന്നു പറയുമ്പോൾ, വെയിലിന്റെ ചൂടു് എത്രയുണ്ടെന്ന് ഒരു ഏകദേശജ്ഞാനം സാധാരണന്മാൎക്കുപോലും ഉണ്ടാകാതിരിക്കയില്ല. വെള്ളക്കാർ ശാസ്ത്രഗ്രന്ഥങ്ങളിൽ ഉഷ്ണമാനം ചെയ്യുന്നതു കുതിരശ്ശക്തി (Horse power)

കൊണ്ടാണ്. ഒരു കുതിരശ്ശക്തി എന്നുവച്ചാൽ, ഒരു മിനിട്ടിൽ മുപ്പത്തി മൂവായിരം റാത്തൽ ഭാരം ഒരടി പൊക്കുന്നതാകുന്നു. ഇതാണു തോതു്.

സൂര്യനിൽ നിന്നുവരുന്ന ചൂടിന്റെ കുറെഭാഗം കാററിന്റേയും നദികളുടേയും മഴയുടേയും പ്രവൃത്തിരൂപമായി (Mechanical energy) പരിണമിക്കുന്നുണ്ടു്. ചൂടു്, വെളിച്ചം, ശബ്ദം, വിദ്യുച്ഛക്തി, കാന്തശക്തി എന്നീ വകകളെല്ലാം ഒരേ പ്രകൃതിശക്തിയുടെ വകഭേദങ്ങളാണെന്നും അവയെല്ലാം പരസ്പരവിനിമയം (Initer change) വരാമെന്നും, പ്രവൃത്തിരൂപത്തിൽ പരിണമിക്കാനുള്ള പ്രവണതയുണ്ടെന്നും മററുമുള്ള തത്വങ്ങൾ പ്രകൃതിശാസ്ത്രം ഉൽബോധിപ്പിക്കുന്നതാണ്. സൂര്യരശ്മികൾ തരുന്ന ചൂടിന്റെ എത്രയോ അല്പാംശം മാത്രമെ ഇപ്പോൾ മനുഷ്യന് ഉപയോഗപ്പെടുന്നുള്ളു. ഏറിയക്കൂറും വ്യഥാ പോകയാണ്. നാമിപ്പോൾ തീകത്തിക്കാൻ ഇന്ധനമായി മരങ്ങളും കല്ക്കരിയും മണ്ണെണ്ണയും മററുമാണ് ഉപയോഗപ്പെടുത്തുന്നത്. ആ സാധനങ്ങൾ ക്രമേണ ഒടുങ്ങിവരുമ്പോൾ, സൂര്യരശ്മികളുടെ ചൂടു് ഉപയോഗപ്രദമാക്കാൻ മനുഷ്യൻ സൂത്രം കണ്ടുപിടിക്കാതിരിക്കയില്ല. ഇപ്പോൾതന്നെ ശാസ്ത്രജ്ഞന്മാർ അതിനു തുനിഞ്ഞിട്ടുണ്ടു്. സമുദ്രവീചികളേയും മിന്നൽപിണരുകളേയും പോലും സ്വാധീനമാക്കി വേലക്കാരാക്കാൻ തുനിയുന്ന കൂട്ടരാണോ കയ്യിൽകിട്ടിയിരിക്കുന്ന സൂര്യകിരണങ്ങളെ വെറുതെ വിടുന്നവർ.!

അയനവ്യത്യാസം കൊണ്ടു സൂര്യനും ഭൂമിയും തമ്മിലുള്ള അന്തരത്തിനു ഭേദം വരുന്നുണ്ടു്. സൂര്യനു ചുററും ഭൂഗോളം അണ്ഡവൃത്തത്തിലാണ് പ്രദക്ഷിണം ചെയ്യുന്നതെന്ന് ധരിക്കുമ്പോൾ ഇതു വ്യക്തമാകും. വൃശ്ചികം-ധനുമാസങ്ങളിലേക്കാൾ മിഥുനം-കക്കടകത്തിലാണ് ഇരുഗോളങ്ങൾക്കും തമ്മിലുള്ള അത്യന്തസാമീപ്യം. കന്നിയിലും കക്കടകത്തിലുമുള്ള വെയിലിന്റെ ഉഷ്ണാധിക്യം ഈ സംഗതി വെളിവാക്കുന്നുണ്ടല്ലൊ. എങ്കിലും അപ്പൊഴും ആകമാനത്തിൽ ചൂടിനു തോന്നുന്നപോലെ വലിയ കൂടുതലില്ല; കഷ്ടിച്ചു് മാകാണി ($\frac{1}{16}$) അംശം കൂടുമായിരിക്കും. ഇതിന് കാരണം പറയാം. വടക്കെ ധ്രുവത്തിനോടടുത്തു് സ്ഥലഭാഗം അധികവും തെക്കേ ധ്രുവപ്രാന്തങ്ങൾ മിക്കതും ജലം കൂടുതലും ഉള്ളതാകുന്നു. സ്ഥലഭാഗം എളുപ്പം ചൂടേല്ക്കും; വെള്ളം സാവധാനത്തിൽ മാത്രമെ ചൂടുപിടിക്കും.—ഒന്ന് എളുപ്പത്തിൽ ചൂടിനെ വെടിയും; മററതു ചൂടിനെ അധികം ഉൾക്കൊള്ളും. രണ്ടു പ്രദേശങ്ങളുടെ ഈ വ്യത്യാസം നിമിത്തം ആകെ മാനത്തിൽചൂടിനു വളരെ കൂടുതലൊന്നും വരുന്നില്ല.

സൂര്യരശ്മികൾ ഒരു സ്ഥലത്തു് തട്ടുന്നതുകൊണ്ടു മാത്രമല്ല, ചുററുമുള്ള പദാൎത്ഥങ്ങൾ വിസജ്ജിക്കുന്ന (Radiate) ചൂടുകൂടി വന്നുചേരുന്നതുകൊണ്ടാണ് ഉഷ്ണം വദ്ധിക്കുന്നതു്. തന്നിമിത്തമത്രെ, ദിനംപ്രതി മധ്യാ

ഹ്നസമയത്തേക്കാം, ഒന്നരണ്ടു മണിക്കൂർക്കൂടി കഴിഞ്ഞതിനുമേൽ ഉഷ്ണം അധികം തോന്നുന്നതു്. അതുപോലെ തന്നെ ആണ്ടോടാണ്ട് മദ്ധ്യവേനലിലല്ല അതുകഴിഞ്ഞു് ഒരു മാസം കഴിയുമ്പോഴാണ് അധികം ഉഷ്ണം. തണുപ്പും അപ്രകാരംതന്നെ താമസിച്ചുവരുന്നു. ഉത്തരധ്രുവത്തിൽ ആണ്ടിലൊരു നാൾ മുഴക്കെ പകലും ഒരുനാൾ മുഴക്കെ രാത്രിയും വരും. അവിടെ ഏററവും തണുപ്പുകൂടുന്ന കാലം മകരം-കുംഭം മാസങ്ങളിലാണ്.

സമുദ്രഭാഗങ്ങളിൽ സ്ഥലഭാഗങ്ങളിലെപ്പോലെ ശീതോഷ്ണസ്ഥിതിക്ക് പെട്ടെന്നുള്ള മാററം വരികയില്ല. അതിനു കാരണം, വെള്ളം ചൂടുപിടിക്കാൻ താമസമുള്ളതും, ചൂടായാൽ പെട്ടെന്നു തണുക്കാത്തതുമാണ്. കുളിർകാലത്തു പ്രഭാതത്തിൽ കുളത്തിലെ വെള്ളത്തിന് തണുപ്പില്ലെന്നു മാഘമാസത്തിൽ പ്രാതഃസ്നാനക്കാർക്ക് അനുഭവമുള്ളതല്ലേ?. കടലിൽ അത്യുഷ്ണകാലം, മദ്ധ്യവേനൽ കഴിഞ്ഞ് നാല്പത്തിരണ്ടു നാൾ താമസിച്ചു മാത്രമെ വരുന്നുള്ളു; സ്ഥലഭാഗത്താകട്ടെ ഇരുപത്തിഅഞ്ചു നാൾ കഴിഞ്ഞാൽ മതി. ഉൾനാട്ടുകളെക്കാൾ സമുദ്രതീരപ്രദേശങ്ങൾ സുഖവാസയോഗ്യങ്ങളാകാനുള്ള കാരണവും ഇതാകുന്നു.

അന്തരിക്ഷത്തിൻെറ ഉഷ്ണം നിർണ്ണയിക്കുന്നതു് പനിക്കുഴൽ (Thermometer) കൊണ്ടാണെന്ന് മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. രസക്കുടുക്കയി (Bulb)ലുള്ള രസം നാഡിയിൽ (Tube) കയറുകയും ഇറങ്ങുകയും ചെയ്യുന്നതുകൊണ്ടാണ് ചൂടിൻെറ കൂടുതൽകുറവു അറിയുന്നതു്. പ്രതിക്ഷണമുണ്ടാകുന്ന ഉഷ്ണഭേദങ്ങളെ കാണിക്കുന്നതിന് രസക്കുടുക്ക ചെറുതായിരിക്കുന്നതാണു നന്ന്. വലുതായാൽ ചൂടേല്ക്കാൻ താമസമുണ്ട്. ഛായയിലുള്ള ഉഷ്ണമാനത്തിന് (Shade temperature) ചെറിയ രസക്കുടുക്കയുള്ള പനിക്കുഴൽ വേണം. ശരിയായ തണൽസ്ഥലമില്ലാത്തപക്ഷം, പനിക്കുഴൽ ഒരു ചരടിൽ കെട്ടിയിട്ട്, രസനാഡിയിൽ രസം കയറുകയും ഇറങ്ങുകയും ചെയ്യാത്തതുവരെ ചുഴററണം. അപ്പോൾ ഛായയിലുള്ള അന്തരിക്ഷത്തിൻെറ ഉഷ്ണമാനം ഒട്ടു ശരിയായി കിട്ടും. വിമാനങ്ങളിലുള്ള സഞ്ചാരം ഇപ്പോൾ കൂടിവരുന്നതിനാൽ അപ്പൊഴപ്പോഴുള്ള അന്തരിക്ഷോഷ്ണമാനം ഉടനുടൻ അറിയേണ്ടതായിരിക്കുന്നു. അതിനാൽ ഉഷ്ണഭേദങ്ങളെ സ്വയം കുറിക്കാൻ ഒരു യന്ത്രമുണ്ടാക്കീട്ടുണ്ട്. അതിൻെറ സഹായത്താൽ എവിടെയുമുള്ള അന്തരിക്ഷസ്ഥിതി ഉടനുടൻ അറിയാം.

പല പരീക്ഷണങ്ങൾ ചെയ്തുനോക്കിയതിൽ ആകാശത്തിലേക്കു പൊങ്ങുന്തോറും വായുവിന് ഉഷ്ണം കുറഞ്ഞുവരുന്നുണ്ടെന്നും, ദേശവ്യത്യാസമനുസരിച്ചു് ഈ കുറവിനു താരതമ്യമുണ്ടെന്നും, പരന്നു,തുറസ്സായി കിടക്കുന്ന ദിക്കിലുള്ള ക്രമത്തിലല്ല മലഞ്ചെരുവുകളിൽ ശീതോഷ്ണമാനഭേദമെന്നും വ്യക്തപ്പെട്ടിട്ടുണ്ട്. സാമാന്യേന നോക്കുന്നപക്ഷം സമുദ്രനിര

പ്പിൽനിന്നു മേലോട്ട് ആദ്യം ൧൪൦ അടിക്ക് ൧° ഡിഗ്രിയും അതിനു മേലായി പോകുന്തോറും ക്രമേണ കുറഞ്ഞ് ൧൦,൦൦൦ അടിയുയരത്തിനു മേൽ നാനൂറു (൪൦൦) അടിക്ക് ഒരു ഡിഗ്രി വീതവും ചൂടു കുറഞ്ഞു കാണുമെന്ന് മുൻ ഒരു അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. പതിനായിരം അടിയുയരംവരെ ശരാശരി മുന്നൂറ് (൩൦൦) അടിക്കു ഒരു ഡിഗ്രിവീതം തണുക്കുമെന്ന് കണക്കാക്കുമ്പോൾ, ശീമയിൽ ൪,൫൦൦ അടിയുയന്നാൽ ഹിമരേഖ (Snow line)-അതായതു ആവിയുറഞ്ഞു മഞ്ഞുകട്ടിയാവുന്ന വിധം തണുപ്പുള്ള സ്ഥലം-ആകും. ശീമയിൽ ആണ്ടൊന്നുക്കുള്ള ശരാശരി ചൂടു ൫൦° ഡിഗ്രിയാണ്. ഹിന്ദുസ്ഥാനം ഉഷ്ണമേഖല(Torrid gone tone)യിലുള്ള ദേശമാകകൊണ്ട്, സമുദ്രനിരപ്പിൽനിന്ന് മേലോട്ടുപോകുമ്പോൾ ൩൩ അടിക്ക് ഒരു ഡിഗ്രിവീതം ചൂടു കുറയുന്നു. കൂടുതലുയരം കിളരുമ്പോൾ, ഒരു ഡിഗ്രി ചൂടു കുറയണമെങ്കിൽ കൂടുതൽകൂടുതലായ പൊക്കം പോകണം. ൧൫,൦൦൦ അടിക്കു മേൽ സമുദ്രനിരപ്പിൽ നിന്നുള്ളതിൽ പത്തിരട്ടി, അതായതു്, ൩൩൦ അടിക്കു മാത്രമേ ഒരു ഡിഗ്രി തണുപ്പു വരികയുള്ളു. ഹിമവൽപർവ്വതപംക്തിയിൽ നിന്ന് അകന്ന സ്ഥലങ്ങളിൽ ൨൭൦ അടിക്ക് ഒരു ഡിഗ്രി വീതം കുറയും; ഹിമവാന്റെ വടക്കുപടിഞ്ഞാറു ഭാഗങ്ങളിൽ ൯,൩൦൦ അടി ഉയരമുള്ള കുന്നുകളിൽ ശീമയിലുള്ള ശീതോഷ്ണാവസ്ഥ എന്നുമുണ്ടായിരിക്കും. അതുകൊണ്ട് യൂറോപ്യന്മാർ സിംലാ, ഡാർജിലിങ്ങ്, മുതലായ സ്ഥലങ്ങളെ സുഖവാസസ്ഥലങ്ങളായി ഗണിച്ചിരിക്കുന്നു. ഒരേ അക്ഷാംശരേഖയിലുള്ള (Latitude) സ്ഥലങ്ങളിൽ ശരാശരി ൩൦൦ അടിക്ക് ഒരു ഡിഗ്രി വീതം ചൂടിനു വ്യത്യാസം (ഉയരുകയും താഴുകയും ചെയ്യുന്ന ക്രമത്തിന് കുറഞ്ഞും കൂടിയും) വരുമെന്ന് സാമാന്യമായി ഗണിക്കാവുന്നതാകുന്നു. ധ്രുവദേശത്തുള്ള ഉഷ്ണം ശൂന്യവും ഭൂമധ്യരേഖയിൽ ൮൦°-നു മേൽ ൯൦°-നു ആകവുമാകകൊണ്ട് എഴുപതിനു മേൽ എണ്പതു മൈൽ വരെ തെക്കോട്ടോ വടക്കോട്ടോ സഞ്ചരിച്ചാലും മുന്നൂറു അടി ഉയരം പോകുന്നതിന്റെ ഫലം സിദ്ധിക്കും. ഇതിൽനിന്ന് മനസ്സിലാക്കേണ്ടതെന്തെന്നാൽ, അക്ഷാംശസ്ഥിതിഭേദം കൊണ്ടുണ്ടാകുന്ന ഗുണം ഭൂമിയിൽനിന്ന് ഉയരുന്നതുകൊണ്ടും കിട്ടുന്നുണ്ടെന്നുള്ളതാകുന്നു. യൂറോപ്പിലെ ഋതുക്കളുടെ ഗുണം ആറായിരമോ ഏഴായിരമൊ അടി ഉയരമുള്ള കുന്നിൽ പോയാൽ കിട്ടുന്നുണ്ട്. ഹിമവൽപർവ്വതത്തിൽ ൧൫,൪൦൦ അടി ഉയർച്ചയിലാണ് ഹിമരേഖ (Snow line). അതിനു മേലുള്ള പന്തീരായിരത്തിനു മേൽ അടിക്ക് എന്നും മഞ്ഞുറഞ്ഞുകിടക്കുന്നു.

ആകാശത്തിൽ ഉയരുന്തോറും ഉഷ്ണം കുറയുന്നതു എന്തുകൊണ്ടാണ്.? അന്തരിക്ഷത്തിന്റെ നേർമ്മകൊണ്ടാണെന്ന് സാധാരണ പറയാറുണ്ട്. ശരിതന്നെ; പക്ഷെ, അതുകൊണ്ട് സംഗതി സ്പഷ്ടമായില്ല. ആ

വരണത്തിന് പഴുതുകളുണ്ടായാൽ ചൂട് പ്രസരിച്ചുപോകുമെന്ന് കാണിക്കാൻ എളുപ്പമുണ്ട്. വെള്ളത്തിൻെറ ചൂട് പോകാതെയിരിക്കണമെങ്കിൽ പാത്രം ഇറുക്കി അടപ്പുകൊണ്ട് അടയ്ക്കാറില്ലേ.? നല്ല പുതപ്പിട്ടു പുതച്ചാൽ ദേഹത്തിൽ കുളിർ ബാധിക്കുന്നില്ലല്ലൊ; തെമ്മാസ് കുപ്പിയിലടയ്ക്കുന്ന പാൽ ഇരുപത്തിനാലു മണിക്കൂറിൽ കുറയാതെ ചൂടായിരിക്കുന്നു. ഇതെല്ലാം മൂടാവിയുടെ ഗുണംകൊണ്ടുണ്ടാകുന്നതല്ലേ.? ഭൂമിയുടെ തറമട്ടത്തിനടുത്തുള്ള അന്തരിക്ഷം നല്ലൊരു കനത്ത പുതപ്പാണ്. മേലോട്ടുയരുന്തോറും അതിൻെറ ഇറുക്കം കുറഞ്ഞു പഴുതുകൾ ഉണ്ടാകുന്നു. എന്നു മാത്രമല്ല; കീഴിലുള്ള വായു കടത്തിവിട്ടെങ്കിൽ മാത്രമല്ലാതെ മേലുള്ള വായുമണ്ഡലത്തിന് ഭൂവിസൃഷ്ടമായ ചൂടു കിട്ടാനും തരമില്ല. ഈ കാരണങ്ങളാൽ മേലോട്ടു പോകുന്തോറും വായുമണ്ഡലത്തിന് ചൂടു കുറവായിരിക്കുന്നു.

അന്തരിക്ഷത്തിൻെറ ശീതോഷ്ണമാനം നാം എടുക്കാറുള്ളതു് തറനിരപ്പോടടുത്തുള്ള ഭാഗത്തിൻെറയാണല്ലൊ. പനിക്കുഴലിൽ കാണുന്ന ഡിഗ്രിക്കും ഭാരമാനക്കുഴൽ കാട്ടുന്ന ഡിഗ്രിക്കും തമ്മിൽ ഇതൊരു ഭേദമുണ്ട്; ഒന്ന്, തറനിരപ്പിലുള്ള വായുവിൻെറ ഉഷ്ണത്തെ മാത്രമെ കുറിക്കുന്നുള്ളൂ; മററതു്, മേലററം മുതൽ കീഴററംവരെയുള്ള വായുവിൻെറ ഭാരത്തെ കുറിക്കുന്നുണ്ട്. അതിനാൽ സ്ഥലഭേദം നിമിത്തം പനിക്കുഴലിലെ ഡിഗ്രിക്ക് വ്യത്യാസം കൂടുതലാണ്. കാലഭേദംകൊണ്ടും അപ്രകാരം വരും. രാവും പകലും, ഋതുമാററങ്ങളും, ദേശഭേദങ്ങളും (അതായതു് കടൽപുറമോ, ഉൾനാടോ, പാറപ്പുറമോ, അനൂപമോ, ഈറൻതറയോ, മണൽപുറമോ) ശീതോഷ്ണമാനത്തെ വളരെ വ്യത്യാസപ്പെടുത്തുന്നുണ്ട്. എങ്കിലും ഒരു ദേശത്തിൻെറ ശീതോഷ്ണസ്ഥിതിയെ കണക്കുകൂട്ടുന്നതു് അക്ഷാംശസ്ഥിതികൊണ്ടാണ്; എന്നു വച്ചാൽ, ഭൂമധ്യരേഖയോടുള്ള അടുപ്പവും അകലവും കൊണ്ടാണ്.

ആണ്ടടക്കം ശരാശരിയുള്ള ഉഷ്ണത്തെ തോതാക്കി സമോഷ്ണങ്ങളായ ഭൂഭാഗങ്ങളെ (Isotherwal) കാണിക്കുന്ന രേഖകൾ വരച്ചിട്ടുള്ള ഭൂപടങ്ങൾ പള്ളിക്കൂടങ്ങളിൽ കാണിക്കമാറുണ്ട്. അവയെ സൂക്ഷിച്ചു നോക്കിയാൽ പല വിശേഷങ്ങളും കാണാം. എൺപതു ഡിഗ്രി ശരാശരി ചൂടുള്ള ദേശങ്ങളിൽകൂടി പായുന്ന സമോഷ്ണരേഖ (Isotherwal line) സ്ഥലഭാഗത്തു പരന്നും സമുദ്രഭാഗത്തു ചുരുങ്ങിയുമിരിക്കുന്നു; എവിടെവിടെ ആ രേഖയ്ക്കു വലിയ കുനിപ്പുണ്ടോ അതിനെതിരേതന്നെ അടുത്തൊരു മേൽവളവുമുണ്ട്. "കുന്നുണ്ടെങ്കിൽ കുഴിയുമരികത്തുണ്ട്" എന്നുള്ള ഞായം ഇവിടേയും കാണാം. ഈ രേഖകളുടെ സന്നിവേശത്തെ സൂക്ഷ്മമായി നോക്കുമ്പോൾ, സ്ഥലഭാഗം അധികമുള്ള ദിക്കിലാണ് ശീതോഷ്ണസ്ഥിതിക്കു വലിയ കൂടുതലും കുറവും വരുന്നതെന്ന് വെളിവാകും. അതിനുള്ള കാ

രണം മറെറാന്നുമല്ല; ഒരേ വിസ്തൃതിയുള്ള സ്ഥലഭാഗത്തും ജലപ്രദേശത്തും പതിക്കുന്ന സൂര്യകിരണങ്ങൾ, ജലപ്രദേശത്തെക്കാൾ സ്ഥലഭാഗത്തെ നാലഞ്ചിരട്ടിക്ക് ചൂടുപിടിപ്പിക്കുന്നതു കൂടാതെ, സ്ഥലം ജലത്തെക്കാൾ എളുപ്പം ചൂടു വെടിയുകയും ചെയ്യുന്നു. ഭൂമധ്യരേഖയോടടുത്തുള്ള സ്ഥലഭാഗങ്ങൾക്കുള്ള ഉഷ്ണം കൂടുതലും, ഒരേ അക്ഷാംശസ്ഥിതിയുള്ള സ്ഥലഭാഗത്തേക്കാൾ സമുദ്രത്തിനുള്ള ഉഷ്ണത്തിന്റെ കുറവും അതുകൊണ്ടുണ്ടാകുന്നു.

അയനവ്യത്യാസം നിമിത്തം ചൂടും തണുപ്പും കൂടുതലുള്ള സ്ഥലങ്ങൾക്കു മാററം വരുന്നുണ്ട്. ഭൂമധ്യരേഖയിൽ നിന്ന് 23½ ഡിഗ്രിവീതം ഉത്തരായനത്തിൽ വടക്കോട്ടും ദക്ഷിണായനത്തിൽ തെക്കോട്ടും സൂര്യൻ മാറിനില്ക്കുന്നു. അപ്പോൾ കൂടുതൽ ഉഷ്ണം ഭൂമിയുടെ സാക്ഷാൽ മധ്യരേഖയ്ക്കടുത്തല്ല, വടക്കോട്ടും തെക്കോട്ടും മാറിയിരിക്കും. മധ്യോഷ്ണരേഖ (Thermal equator)യുടെ ഭൂപടത്തിൽ നോക്കിയാൽ തെക്കോട്ടുള്ളതിനേക്കാൾ വടക്കോട്ടു കൂടുതൽ വളവുണ്ടെന്ന് പ്രത്യക്ഷപ്പെടും. ഭൂഗോളത്തിന്റെ വടക്കുഭാഗത്തേക്കാൾ തണുത്തതാണ് തെക്കുഭാഗമെന്നു ഇതിനാൽ സിദ്ധിക്കുന്നുണ്ടല്ലൊ. സ്ഥലഭാഗമധികം വടക്കും ജലം തെക്കുമാണെന്ന് ഓർമ്മിക്കുമ്പോൾ ഇതു യുക്തംതന്നെ.

ഒരു സംഗതി നല്ലപോലെ മനസ്സിലാക്കണം. മേൽവിവരിച്ച ശീതോഷ്ണഭേദങ്ങൾ അധികവും ഭൂമിയോടടുത്തുള്ള സ്ഥലങ്ങളിലാണ്. മേലോട്ടു പോകുന്തോറും അന്തരം വളരെ വരുന്നതല്ല. അയ്യായിരം അടി പൊക്കത്തിൽ വിമാനസഞ്ചാരം ചെയ്താൽ ഭൂമധ്യരേഖാപ്രദേശങ്ങളിൽ നൂറ് ഡിഗ്രി ഉഷ്ണം മാത്രമെ ഉണ്ടായിരിക്കയുള്ളു. നമുക്കു പ്രധാനം കീഴിലുള്ള അവസ്ഥയാണല്ലൊ. അതുകൊണ്ടാണ് നമുക്കുള്ള സുഖദുഃഖങ്ങൾ ഉണ്ടാകുന്നത്. നക്ഷത്രബംഗ്ലാവുകളിൽ എടുത്തു പ്രസിദ്ധപ്പെടുത്തുന്ന ശരാശരി ഉഷ്ണമാനക്കണക്ക് കീഴിലുള്ളതാണ്. ദിവസംതോറും മൂന്നു പ്രാവശ്യം എടുത്തു ശരാശരി കണക്കാക്കുകയാണു ചെയ്യാറുള്ളത്. അതിനു സൌകര്യമില്ല, ഒരു പ്രാവശ്യം മാത്രമെ എടുക്കാൻ തരമുള്ളു എങ്കിൽ, രാവിലെ ഒമ്പതുമണിക്ക് എടുക്കുന്നതായിരിക്കും നന്ന്. അപ്പോൾ കാണുന്ന ഉഷ്ണമാനം ഒരു ദിവസത്തെ ചൂടിന്റെ ശരാശരിക്ക് മിക്കവാറും ശരിയായിരിക്കും. നല്ല നക്ഷത്രബംഗ്ലാവുകളിൽ അന്തരീക്ഷോഷ്ണത്തെ സ്വയമായി കുറിക്കുന്ന യന്ത്രങ്ങൾ (Thermograph) ഉണ്ട്. അതു വരയ്ക്കുന്ന വര (Graph)യുടെ മധ്യം കണ്ടാൽ ആ ദിവസത്തെ ശരാശരി ചൂട് സൂക്ഷ്മമായി അറിയാം.

# * ഭ്രാന്തശാലയിൽ നിന്ന്

(എം. പി. ശേഖരൻ എം. എ.

കാണുന്നേരത്തു മാത്രംതാൻ—ഏണാക്ഷിയമൃതായ് വരും-
കാണായ്കിൽ കാളകൂടത്തെ—നാണിപ്പിക്കുന്നിതേററവം.
-(ഭർത്തൃഹരി)

ഭാവനാശക്തിയ്ക്കും രാഗതീവ്രതയ്ക്കും പേർകേട്ട ഒരു വംശത്തിലാണ് എൻെറ ജനനം. പലരും എന്നെ *ഭ്രാന്തനെന്നു വിളിക്കുന്നുണ്ട്. പക്ഷെ ഭ്രാന്ത് എന്നു പറയപ്പെടുന്ന അവസ്ഥ വാസ്തവത്തിൽ ബുദ്ധിയുടെ പരമകാഷ്ഠയാണോ അല്ലയോ എന്ന് ഇനിയും തീരുമാനിക്കേണ്ടതായിട്ടാണിരിക്കുന്നത്. മഹനീയമായ പലതും, അഗാധമായതൊക്കെയും, മനോരോഗത്തിൽ നിന്ന്—അതേ, സാമാന്യബുദ്ധിയേക്കാൾ ഉപരിഷ്ഠമായ ചേതോവിഹാരങ്ങളിൽനിന്ന്—അല്ല ഉത്ഭവിക്കുന്നതെന്ന് ആർക്കു പറവാൻ കഴിയും.? നിശാസ്വപ്നം മാത്രം കാണുന്നവരുടെ ദൃഷ്ടിയിൽ പെടാത്ത പലേ സംഗതികളും ദിവാസ്വപ്നം കാണുന്നവർ ദർശിക്കുന്നു. അവരുടെ അവ്യക്തമായ കിനാവുകളിൽ അനന്തമായ നിത്യതയിലേക്ക് അവർ എത്തിനോക്കുകയും പരമമായ ജ്ഞാനം അവരുടെ കൈയിൽ കിട്ടി, കിട്ടിയില്ല, എന്ന സന്ധിയിൽ പൊട്ടുന്നനവെ ഞെട്ടിഉണരുകയും ചെയ്യുന്നു. ചുക്കാനും അമരവും കൂടാതെ, അപരിമേയമായ ആ ദീപ്തിപ്രവാഹത്തിൽ അവർ സ്വച്ഛന്ദം നീന്തിത്തുടിക്കുന്നു.

എനിക്ക് ഭ്രാന്താണെന്നുതന്നെ വിചാരിച്ചുകൊൾക. ഒരു കാര്യം ഞാനും സമ്മതിക്കാം; എൻെറ ബുദ്ധിക്ക് രണ്ടു അവസ്ഥകളുണ്ട്. എൻെറ ജീവിതത്തിലെ ആദ്യഘട്ടത്തിലുള്ള സംഭവങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ എൻെറ ബുദ്ധിയുടെ വ്യാപാരം സ്വച്ഛവും യുക്തിയുക്തവുമാണെന്നുള്ളതിന് സംശയമില്ല. എന്നാൽ എൻെറ ജീവിതത്തിലെ രണ്ടാമത്തെ ഘട്ടത്തെക്കുറിച്ചുള്ള സ്മരണ ഏതാണ്ട് അസ്ഫുടവും ഛായാനിബിഡവുമാണെന്ന് ഞാൻ സമ്മതിച്ചുകൊള്ളുന്നു. അതുകൊണ്ട് ഒന്നാമത്തെ ഘട്ടത്തെക്കുറിച്ച് ഞാൻ പറവാൻപോകുന്നതെല്ലാം കണ്ണടച്ചു വിശ്വസിച്ചുകൊൾക. അനന്തരകാലത്തെക്കുറിച്ചു ഞാൻ പറയുന്നത് നിങ്ങൾ നല്ലവണ്ണം ആലോചിച്ചശേഷം വിശ്വസിച്ചാൽ മതി; അല്ലെങ്കിൽ ഇതു മുഴുവനും നിങ്ങൾ ഒന്നാകെ തള്ളിക്കളയുക; തള്ളിക്കളവാൻ പ്രയാസമാണെ

* E. A. Poe—Eleonora.

കിൽ അതിന്റെ രഹസ്യം എന്താണെന്നു് ആരായുക.

യൗവനത്തിൽ പ്രേമദാനം ചെയ്ത ആ ബാലികയെക്കുറിച്ചാണു് ഞാൻ ഇപ്പോൾ ശാന്തമായും നിർവിഘ്നമായും ഈ സ്മാരകപത്രം എഴുതാൻ തുടങ്ങുന്നതു്. വളരെ വളരെ മുമ്പുതന്നെ മരിച്ചുപോയ അമ്മയുടെ ഏകസഹോദരിയുടെ പുത്രിയാണു് ലീല. ഞങ്ങൾ വളർന്നുവന്നതു് ഒരേ വീട്ടിലായിരുന്നു. 'പുഷ്പവാടി' എന്നു് അറിയപ്പെട്ടിരുന്ന ഒരു താഴ്വരയിലായിരുന്നു ഞങ്ങളുടെ വസതി. അപരിചിതമായ പാദം ആ താഴ്വരയെ സ്പർശിച്ചിട്ടില്ല. ഭീമകായങ്ങളായ മഹാപർവ്വതങ്ങൾ ചുററിലും അണിനിരന്നു് താഴ്വരയിലെ ആരാമങ്ങളിൽ സൂര്യരശ്മി കടക്കാത്തവണ്ണം മാർഗ്ഗനിരോധം ചെയ്തുനിന്നിരുന്നു. മനുഷ്യസഞ്ചാരമുള്ള മാർഗ്ഗങ്ങൾ അടുക്കലെങ്ങും ഉണ്ടായിരുന്നില്ല. അനേകമായിരം വന്യവൃക്ഷങ്ങളുടെ ഇലകളും കൊമ്പുകളും ബലംപ്രയോഗിച്ചു തള്ളിനീക്കുകയും സുരഭിലങ്ങളായ ലക്ഷോപലക്ഷം കുസുമങ്ങളെ നിർദ്ദയം ചവുട്ടിയമർത്തുകയും ചെയ്തിട്ടുവേണം ഞങ്ങളുടെ വാസസ്ഥലത്തു് കടക്കുവാൻ. ഇപ്രകാരം, ബഹിർല്ലോകത്തെക്കുറിച്ചു് അജ്ഞരായും ഈ അജ്ഞതയിൽ അസംതൃപ്തരാകാതെയും ഞങ്ങൾ—ഞാനും ലീലയും അവളുടെ അമ്മയും—അവിടെ ഏകാന്തവാസം ചെയ്തു

വീതി കുറഞ്ഞതും ആഴമുള്ളതും ലീലയുടെ കണ്ണുകളൊഴികെ മറെറല്ലാ വസ്തുക്കളേക്കാൾ ശോഭായമാനവുമായ ഒരു നദി ഞങ്ങളുടെ കാവല്ക്കാരായ പർവ്വതനിരകളെ എങ്ങനേയോ വഞ്ചിച്ചു് താഴ്വരയിൽ കടന്നുകൂടി, ചോരനെപ്പോലെ വളഞ്ഞു പുളഞ്ഞു് മന്ദമന്ദം ഒഴുകിയശേഷം ഇരുട്ടുനിറഞ്ഞ ഒരു മലയിടുക്കിൽക്കൂടി നിശ്ശബ്ദമായി നിർഗ്ഗമനം ചെയ്തുകൊണ്ടിരുന്നു. ഈ നദിയുടെ ഒഴുക്കിനു് പ്രകൃതിയെ മൂകയാക്കുവാൻ ഒരു ശക്തിയുണ്ടെന്നു തോന്നിയതുകൊണ്ടു്, 'മൗനനദി' എന്നാണു് ഞങ്ങൾ അതിനെ വിളിച്ചിരുന്നതു്. ഈ പുഴയുടെ അടിത്തട്ടിൽനിന്നു് ലഘുമാത്രമായ ഒരു മർമ്മരം പോലും പൊങ്ങിയിരുന്നില്ല. നദീപ്രവാഹത്തിന്റെ ശാന്തത ഹേതുവായി ഞങ്ങൾ ചിലപ്പോൾ ഗാഢമായി സമീക്ഷിച്ചുകൊണ്ടിരുന്ന അടിത്തട്ടിലെ പാറക്കഷണങ്ങൾ അല്പമെങ്കിലും ചലിയ്ക്കാതെ, പൂർണ്ണസംതൃപ്തിയും വജ്രസമാനമായ ദീപ്തിയും പൂണ്ടു് അതതു സ്ഥാനങ്ങളിൽ സ്വൈരമായി കിടന്നതേയുള്ളു.

ഈ നദിയുടേയും പല ഊടുവഴികളിലൂടെ ഒഴുകി ഇതിൽ അലയം പ്രാപിച്ചിരുന്ന അരുവികളുടേയും തീരങ്ങളും, പുഴവക്കുമുതൽ വെളുത്ത പാറക്കഷണങ്ങളാൽ പ്രശോഭിതമായ നദീമധ്യം വരെയുള്ള പ്രദേശവും, അപ്രകാരം തന്നെ നദിതൊട്ടു ചുററിലുമുള്ള പർവ്വതങ്ങൾ വരെയുള്ള ഉപത്യകകളും, ഇടതൂർന്നു് പൊക്കംകുറഞ്ഞു്, തുലോം സമനിരപ്പായി വളർന്നുനിന്നിരുന്ന സുരഭിലമായ ഒരുവക പുല്ലോടികളാൽ പച്ചപ്പരവതാനിവിരി

ളുപോലെ ഏതുസകലം മൂടപ്പെട്ടിരുന്നു. ഈ പുൽത്തകിടിയിൽ കൂടി നാനാവർണ്ണങ്ങളുള്ള മനോഹരപുഷ്പങ്ങൾ അവിടവിടെ എത്തിനോക്കുന്നതു കണ്ടാൽ ആരുടെ ഹൃദയവും സന്തോഷത്താൽ നൃത്തംചെയ്ത സ്രഷ്ടാവിൻെറ സ്നേഹത്തെയും മഹിമയേയും ഉച്ചൈസ്തരം ഉൽഘോഷിക്കാതിരിക്കയില്ല.

ഇടയ്ക്കിടെ ഈ പുൽപരപ്പിൽനിന്ന് സ്വപ്നസഞ്ചയമെന്ന വണ്ണം വിചിത്രാകൃതിയിലുള്ള വൃക്ഷങ്ങൾ കൂട്ടംകൂട്ടമായി മേഘമാർഗ്ഗത്തോളം ഉയർന്നും, മദ്ധ്യാഹ്നസമയത്തു മാത്രം താഴ്വരയുടെ നടുവിലേക്ക് എത്തിനോക്കുന്ന സൂര്യകിരണങ്ങളെ അഭിവാദ്യം ചെയ്യുന്നതിനായി കൌതുകാവഹമാംവണ്ണം ചാഞ്ഞും, നിന്നിരുന്നു. വെളുപ്പും കറുപ്പും ഇടകലർന്ന വൃക്ഷചർമ്മം ലീലയുടെ കവിൾത്തടമൊഴികെ മറെറല്ലാ വസ്തുക്കളേക്കാളും മൃദുതരമായിരുന്നു.

അനുരാഗമെന്നത് എന്തെന്നറിയാതെ ഞാനും ലീലയും പതിനഞ്ചുകൊല്ലം മുഴുവനും കൈ കോർത്തുപിടിച്ച് ആരാമത്തിലെങ്ങും ആശ്രമമൃഗങ്ങളെപ്പോലെ ഓടിക്കളിച്ചു. എനിക്ക് ഇരുപതും ലീലയ്ക്ക് പതിനാറും വയസ്സ് തികഞ്ഞു. അങ്ങനെയിരിക്കെ, ഒരു സായാഹ്നത്തിൽ, നിബിഡമായ തരുച്ഛായയിൽ ഞങ്ങൾ സൈ്വരമായി ഇരിക്കുമ്പോൾ, അപ്രതിഹതമായ ഒരു ശക്തിയുടെ സമ്മർദ്ദത്താൽ ഞങ്ങൾ പെട്ടെന്ന് അന്യോന്യം ആലിംഗനം ചെയ്ത്, 'മൌനനദി'യിൽ പ്രതിബിംബിച്ചിരുന്ന ഞങ്ങളുടെ ഛായയിൽ ദത്തദൃഷ്ടികളായി കുറേനേരം അങ്ങിനെതന്നെ നിശ്ചേഷ്ടരായി ഇരുന്നു. അന്ന്, ഞങ്ങൾ അതിൽപിന്നെ യാതൊന്നും ഉരിയാടിയില്ല. പിറേറന്നാളും ഞങ്ങളുടെ സംഭാഷണം അദ്ധോക്തവും പരിമിതവുമായിരുന്നു. നദീജലത്തിൽനിന്നു പുറപ്പെട്ട് ഞങ്ങളുടെ ഹൃദയങ്ങളിൽ സ്ഥലം പിടിച്ച മന്മഥദേവൻ പരമ്പരാലബ്ധവും സുപ്താവസ്ഥയിലിരുന്നതുമായ ഞങ്ങളുടെ ഹൃദയാന്തർഭാഗത്തെ ഉദ്ദീപനം ചെയ്തുവെന്നു തോന്നി. ഞങ്ങളുടെ വംശത്തിന് സ്വായത്തമായിരുന്ന വികാരതീവ്രത, അതുപോലെതന്നെ സ്വായത്തമായിരുന്ന ഭാവനാശക്തിയാൽ അനുഗതമായി, ഞങ്ങളെ ആവേശിച്ച്, ഉന്മാദകരമായ ആനന്ദത്താൽ ആ 'പുഷ്പവാടി'യെ പരിപൂരിതമാക്കി. എല്ലാ വസ്തുക്കൾക്കും ഒരു മാററം വന്നതുപോലെ തോന്നി. പൂക്കൾ ഒട്ടുംതന്നെ ഇല്ലാതിരുന്ന മരങ്ങളിൽ താരാകൃതിയിലുള്ള വിചിത്രകുസുമങ്ങൾ വികസിയ്ക്കുവാൻ തുടങ്ങി. പുൽതകിടിയുടെ പച്ചനിറം ദ്വിഗുണീഭവിച്ചു. ചിനീതങ്ങളും മനുഷ്യദൃഷ്ടിയിൽനിന്ന് മറഞ്ഞിരുന്നവയുമായ പുഷ്പങ്ങൾക്കുപകരം ഉന്മത്തങ്ങളായ ശോണകുസുമങ്ങൾ ആയിരക്കണക്കിന് പൊട്ടുന്നനവേ ആവിർഭവിച്ചു. ഞങ്ങളുടെ പാദം സ്പർശിച്ച ഇടങ്ങളെല്ലാം സജീവങ്ങളായി. അതേവരെ കാണപ്പെടാതിരുന്ന പഞ്ചവർണ്ണക്കിളി, അനേകം ചെറുകിളികളാൽ അകമ്പടി സേവിക്കപ്പെട്ട്, ഞ

ങ്ങളുടെ മുമ്പിൽ പക്ഷങ്ങൾ വിടൎത്തി സഗൎവ്വം പറന്നുകൊണ്ടിരുന്നു. സ്വ വൎണ്ണവും രജതവൎണ്ണവും ഇടകലൎന്ന മത്സ്യങ്ങൾ നദിയിൽ നീന്തിക്കളിച്ചു. അതേവരെ നിശ്ശബ്ദമായിരുന്ന നദീഗൎഭത്തിൽനിന്നു് അവ്യക്തമായ ഒരു മൎമ്മരം ഉദിയ്ക്കുകയും, ഈ ശബ്ദം ക്രമേണ മുഴങ്ങിമുഴങ്ങിവന്നു്, അമ്പാടിയിലെ ഗോപാലൻെറ വേണുനാദത്തെപ്പോലും അതിശയിക്കുന്നതും ലീലയുടെ കണ്ഠനാദമൊഴികെ മറ്റെല്ലാ ശബ്ദങ്ങളേക്കാളും മധുരവുമായ ഒരു ദിവ്യഗീതമായിപ്പരിണമിയ്ക്കുകയും ചെയ്തു. ആകാശത്തിൻെറ ഒരു മൂലയിൽ ഞങ്ങൾ പലപ്പോഴും കാണാറുണ്ടായിരുന്ന ഒരു മേഘപടലം അവിടെനിന്നു് മെല്ലെ പുറപ്പെട്ടു്, ചുവപ്പും ഹേമവൎണ്ണവും കലൎന്നുള്ള ശോഭപൂണ്ടു് ഞങ്ങളുടെ മേൽ ഒരു മേലാപ്പുപോലെ പരക്കുകയും, അതിൻെറ അഗ്രങ്ങൾ ചുററിലുമുള്ള പൎവ്വതശിഖരങ്ങളെ സ്പൎശിക്കുന്നതുവരെ അതു ക്രമേണ താണുതാണു വരികയും, മുമ്പു് ഇരുണ്ടിരുന്നതായ ആ കാൎന്നിര മുഴുവനും അതീവഭാസുരമായി ഞങ്ങളെ അതിൻെറ പ്രഭാപടലത്തിൻകീഴ് രാജസദനതുല്യമായ ഒരു കാരാഗൃഹത്തിലെന്നവണ്ണം അടയ്ക്കുകയും ചെയ്തു.

ലീലയുടെ ലാവണ്യം ഒരു വനദേവതയുടേതുപോലെയായിരുന്നു. പുഷ്പങ്ങളുടെ മദ്ധ്യേ ജീവിച്ചുപോന്ന അവളുടെ സ്വഭാവം പുഷ്പങ്ങളുടേതുപോലെ നിൎമ്മലവും നിഷ്കപടവുമായിരുന്നു. അവളുടെ ഹൃദയത്തെ ഉത്തേജിപ്പിക്കുവാൻ തുടങ്ങിയ അനുരാഗദീപ്തി എന്നിൽനിന്നു് ഗോപനം ചെയ്യുവാൻ അവൾ ഒട്ടുംതന്നെ ശ്രമിച്ചില്ല. ഞങ്ങൾ 'പുഷ്പവാടി'യിൽ സഞ്ചരിച്ചു് അതിൽ സംഭവിച്ച പ്രകൃതിവ്യത്യാസങ്ങളെക്കുറിച്ചു് സല്ലപിച്ചുകൊണ്ടിരുന്നപ്പോൾ, അവളുടെ ഹൃദയം മുഴുവനും ആസാകലി എന്നെ തുറന്നു കാണിച്ചു.

'പുഷ്പവാടി'യിലെ മാററങ്ങളെക്കുറിച്ചു് നൎമ്മസല്ലാപം ചെയ്തുകൊണ്ടിരുന്ന അവൾ ഒരുനാൾ മനുഷ്യവൎഗ്ഗത്തിനു് ഒഴിച്ചുകൂടാത്തതായ ഒടുവിലത്തെ മാററത്തെക്കുറിച്ചു് പറയുവാൻ സംഗതിവന്നു. അന്നുമുതൽ ഈ ഒരു വിഷയത്തെക്കുറിച്ചു മാത്രമെ അവൾ ഉരിയാടിയിരുന്നുള്ളു. സംഭാഷണവിഷയം എന്തുതന്നെ ആയിരുന്നാലും, അതു് എങ്ങനേയോ മൎമ്മഭേദകമായ ഈ ഒരു വിഷയത്തിൽ കലാശിക്കുകയായിരുന്നു പതിവു്.

അതേ—അകാലമൃത്യുവിൻെറ ലക്ഷണം അവൾ സ്വഹൃദയത്തിൽ വീക്ഷിച്ചു. രാമണീയകത്തിൻെറ പരമാവധിയിൽ പുഷ്പങ്ങൾ നാശോന്മുഖമാകുന്നതുപോലെ അലോകസാധാരണമായ അവളുടെ സൌന്ദൎയ്യം മുഴുവനും കാലനായി അൎപ്പിക്കപ്പെടുവാൻ പോകുന്ന ഹവ്യമാണെന്നു് അവൾ നല്ലവണ്ണം ധരിച്ചിരുന്നു. മരണത്തെ ഭയപ്പെടുവാൻ അവൾക്കു് ഒരു കാരണം മാത്രമേ ഉണ്ടായിരുന്നുള്ളു. ഇതു് 'മൌനനദി'തീരത്തിൽ വെച്ചു് ഒരുദിവസം അവൾ സഗൽഗദം എന്നോടു പറഞ്ഞു. അവളുടെ മൃതശരീ

രത്തെ 'പുഷ്പവാടി'യിൽ മറവുചെയ്ത ശേഷം ഞാൻ ആ ആരാമത്തോട് അവസാനയാത്ര പറഞ്ഞു വിദേശഗമനം ചെയ്യുമെന്നും ഇപ്പോൾ അവളുടെ സ്വന്തമായിരിക്കുന്ന എന്റെ ഹൃദയം ബഹിർല്ലോകത്തിലുള്ള വല്ല ചട്ടലാക്ഷിയും അപഹരിച്ചേക്കുമെന്നുള്ള വിചാരമായിരുന്ന അവളുടെ മരണഭീതിയ്ക്കുള്ള ഹേതു. ഇതറിഞ്ഞയുടനെ ഞാൻ അവളുടെ കാല്ക്കൽ വീണ്, അന്യസ്ത്രീയെ ഞാൻ ഒരിക്കലും പരിഗ്രഹിക്കുകയില്ലെന്നും ലീലയെക്കുറിച്ചും അവൾ എനിക്കു ദാനംചെയ്ത പ്രേമത്തെക്കുറിച്ചും ഉള്ള സ്മരണ എന്നിൽനിന്ന് ഒരുനാളും മാഞ്ഞുപോകയില്ലെന്നും ഈശ്വരനോടും അവളോടും ഉള്ളഴിഞ്ഞു് ശപഥം ചെയ്തു. എന്റെ ശപഥം സ്ഥിരീകരിക്കുവാൻ ഇപ്രപഞ്ചത്തിന്റെ സർവ്വശക്തനായ നിയന്താവിനെത്തന്നെ ഞാൻ സാക്ഷിയായി വിളിച്ചു. എന്റെ വാഗ്ദാനത്തിന് വിപരീതമായി പ്രവൎത്തിക്കുന്നപക്ഷം ഈശ്വരനും പരലോകത്തിൽനിന്നുകൊണ്ടു് അവളും എന്നെ ശപിക്കട്ടെ എന്ന് ഞാൻ പ്രാൎത്ഥിച്ചു. ഭയങ്കരമായ ആ ശാപപ്രകാരം ഞാൻ എനിക്കുതന്നെ വിധിച്ച ശിക്ഷ എന്താണെന്ന് ഇവിടെ എഴുതുവാൻ എനിക്കു ധൈര്യം പോരാ. എന്റെ വാക്കുകൾ കേട്ടപ്പോൾ ലീലയുടെ ദീപ്തിമത്തുക്കളായ കണ്ണുകൾ പൂർവ്വാധികം ദീപ്തിമത്തുക്കളായിത്തീൎന്നു. ദുസ്സഹമായ ഒരു ഭാരം അവളുടെ ഹൃദയത്തിൽനിന്ന് നീങ്ങിയതുപോലെ അവൾ ദീർഘമായി ഒന്നു നിശ്വസിച്ചു. ആലിലപോലെ വിറച്ചുകൊണ്ടു് അവൾ അശ്രുധാര പൊഴിച്ചു. എന്നാലും എന്റെ ശപഥം അവൾ സ്വീകരിക്കാതിരുന്നില്ല. അവൾ കേവലം ഒരു ശിശുവായിരുന്നില്ലയോ.? എന്റെ വാഗ്ദാനം അവളുടെ രോഗശയ്യയെ ലഘുതമമാക്കിത്തീൎത്തു. പിന്നെ കുറെനാൾ കഴിഞ്ഞിട്ടു് അവൾ അത്യാസന്നമരണയായി കിടക്കുമ്പോൾ, അവളുടെ ആത്മശാന്തിക്കായി ഞാൻ ചെയ്ത വാഗ്ദാനം അവൾ എന്നും കൃതജ്ഞതയോടെ സ്മരിക്കുമെന്നും, മരണാനന്തരം അവളുടെ ദൃഷ്ടിയെപ്പോഴും എന്റെമേൽ ഉണ്ടായിരിക്കുമെന്നും, പരലോകവാസികൾക്ക് ഭൂമിയിലുള്ളവരെ പുനസ്സന്ദർശനം ചെയ്യുവാൻ കഴിയുമെങ്കിൽ അവൾ ദൃശ്യരൂപം കൈക്കൊണ്ടു്, ഞാൻ നിദ്രാവിമുഖനായിരിക്കുന്ന രാത്രികാലങ്ങളിൽ എന്നെ നേരിട്ടു സന്ദർശിക്കുമെന്നും, അപ്രകാരം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ സായാഹ്നമാരുതനിൽ നെടുവീൎപ്പുകൾ സമ്മേളിപ്പിച്ചുകൊണ്ടും ഞാൻ ശ്വസിക്കുന്ന വായുവിൽ ദിവ്യമായ സുഗന്ധം പരത്തിക്കൊണ്ടും അവളുടെ സാന്നിധ്യം കൂടക്കൂടെ അറിയിക്കുമെന്നും അവൾ മരണശ്വാസത്തിലൂടെ കൂജനംചെയ്ത എന്നെ സമാശ്വസിപ്പിച്ചു. ഇത്രയും പറഞ്ഞവസാനിപ്പിച്ചശേഷം അവളുടെ നിഷ്കളങ്കമായ ദേഹി ഹേമപഞ്ജരത്തെ ഉപേക്ഷിച്ച് ആകാശത്തിലേക്കു പറന്നുപോയി. എന്റെ ജീവിതത്തിലെ പ്രഥമദശയും അതോടെ അവസാനിച്ചു.

ഇതുവരെ ഞാൻ പറഞ്ഞതെല്ലാം സത്യമാണ്. എൻെറ പ്രേയസിയുടെ നിര്യാണത്തോടെ കാലവീഥിയിലുള്ള ഒരു പാലം കടന്ന് എൻെറ ജീവിതത്തിലെ രണ്ടാമത്തെ ഘട്ടത്തെക്കുറിച്ചു പറയുവാൻ തുടങ്ങുമ്പോൾ, എൻെറ തലച്ചോറിൽ ഒരു ധൂമശലാക വ്യാപിക്കുന്നതായി തോന്നുന്നു. എൻെറ ആഖ്യാനത്തിൻെറ വിശ്വാസ്യതയിൽ എനിക്കുതന്നെ സംശയമുണ്ട്. എന്നാലും ഞാൻ പറഞ്ഞവസാനിപ്പിക്കട്ടെ.

ഏതാനംകൊല്ലങ്ങൾ ഇഴഞ്ഞിഴഞ്ഞു കഴിഞ്ഞുകൂടി. അപ്പോഴും ഞാൻ 'പുഷ്പവാടി'യിൽ തന്നെയാണ് താമസിച്ചുകൊണ്ടിരുന്നത്. പക്ഷെ എല്ലാ വസ്തുക്കൾക്കും രണ്ടാമതൊരു മാററം വന്നതുപോലെ തോന്നി. താരാകൃതിയിലുള്ള വിചിത്രകുസുമങ്ങൾ മരക്കൊമ്പുകളിൽതന്നെ അന്തർധാനം ചെയ്തു. അവ പിന്നീട് ഒരിക്കലെങ്കിലും കാണപ്പെട്ടിട്ടില്ല. പുൽതകിടിയുടെ പച്ചനിറം കുറഞ്ഞു വശായി. ശോണകുസുമങ്ങൾ ഓരോന്നായി വാടിത്തുടങ്ങി. അവയുടെ സ്ഥാനത്ത് നീലനിറമുള്ളവയും സദാ മഞ്ഞുതുള്ളികളാൽ നിറയപ്പെട്ടവയുമായ പുഷ്പങ്ങൾ കാററിലുലഞ്ഞ് ആകുലങ്ങളായി തലതാഴ്ത്തി. പാദം സ്പർശിക്കുന്നേടമെല്ലാം നിർജ്ജീവമായിത്തീർന്നു. സഗർവ്വം നടമാടിയിരുന്ന പഞ്ചവർണ്ണക്കിളിയും അനുഗാമികളായ ചെറുകിളികളും ഞങ്ങളുടെ താഴ്വര വിട്ട് ദൂരസ്ഥിതങ്ങളായ കുന്നുകളെ അഭയം പ്രാപിച്ചു. സുവർണ്ണവും രജതവർണ്ണവും ഇടകലർന്ന മത്സ്യങ്ങൾ നദിയെ ഉപേക്ഷിച്ച് താഴ്വരയുടെ പരിധിയിലുള്ള മലയിടുക്കിലൂടെ തിരോധാനം ചെയ്തു. അമ്പാടിയിലെ ഗോപാലൻെറ വേണുനാദത്തെപ്പോലും അതിശയിക്കുന്നതും ലീലയുടെ കണ്ഠനാദമൊഴികെ മററെല്ലാ ശബ്ദങ്ങളെക്കാളും മധുരവുമായിരുന്ന ആ ദിവ്യഗാനം ക്രമേണ കേൾക്കാതാകയും നദി പണ്ടത്തെപ്പോലെ അഭഗ്നമായ മൌനം അവലംബിക്കുകയും ചെയ്തു. ഒടുവിൽ ഞങ്ങളുടെ മേലാപ്പായിരുന്ന മേഘപടലം പോലും പർവ്വതശിഖരങ്ങളെ ഉപേക്ഷിച്ചു മെല്ലെമെല്ലെ പിൻവാങ്ങി ആകാശത്തിൻെറ ഒരു മൂലയിൽ ഒതുങ്ങുകയും ഞങ്ങളെ ആവരണം ചെയ്തിരുന്ന പ്രഭാപൂരം മ്ലാനമായിത്തീരുകയും ചെയ്തു.

എന്നാലും ലീലയുടെ ചരമവാഗ്ദാനം വിസ്മരിക്കപ്പെട്ടില്ല. സുഗന്ധദ്രവ്യങ്ങൾ നിറഞ്ഞിരിക്കുന്ന താലങ്ങൾ ഇളകുന്നതായും അനിർവ്വചനീയമായ ഒരു സൌരഭം താഴ്വരയിലെങ്ങും വ്യാപിക്കുന്നതായും എനിക്ക് തോന്നിയിരുന്നു. ഏകാകിയായിരിക്കുന്ന വേളയിൽ എൻെറ ഹൃദയം ദുസ്സഹമായ ഭാരംകൊണ്ടെന്നവണ്ണം ക്ഷീണമായി സ്പന്ദനം ചെയ്തുകൊണ്ടിരിക്കുമ്പോൾ മൃദുവായ നെടുവീർപ്പുകൾ വഹിച്ചുകൊണ്ട് മന്ദാനിലൻ എൻെറ ഫാലദേശത്തെ തലോടിയിരുന്നു. അവ്യക്തശബ്ദങ്ങൾ നിശാന്തരീക്ഷത്തിൽ ലയിക്കുന്നതുപോലെ തോന്നി. ഒരിക്കൽ—ഹാ! ഒരിക്കൽ മാത്രം—

ദിവ്യമായ അധരങ്ങൾ എൻെറ ചുണ്ടുകളെ സ്പർശിച്ചു എന്നു തോന്നിയ മാത്രയിൽ, ഗാഢനിദ്ര വിട്ടു ഞാൻ പെട്ടെന്ന് കണ്ണുതുറന്നു.

പക്ഷെ ഇതുകൊണ്ടൊന്നും എൻെറ ഹൃദയത്തിൻെറ ശൂന്യാവസ്ഥയ്ക്ക് യാതൊരു പരിഹാരവുമുണ്ടായില്ല. മുമ്പ് എൻെറ ഹൃത്തടത്തിൽ ഒതുങ്ങാതെ കവിഞ്ഞൊഴുകിയിരുന്ന പ്രേമാമൃതം വീണ്ടും ആസ്വാദിക്കുവാൻ ഞാൻ അത്യാസക്തനായി. ലീലയെ നിത്യം അനുസ്മരിച്ചിരുന്ന ആ താഴ്വര എനിക്ക് ശൂന്യമായി തോന്നി. താപജനകമായ ഈ സ്മരണ പരിവർജ്ജിക്കുവാനുള്ള ആശ തഴച്ചുവന്നപ്പോൾ, ലോകത്തിലെ മായാവിഭവങ്ങളിൽ മുഴുകി എന്നെത്തന്നെ വിസ്മരിക്കണമെന്നുറച്ച്, അന്നേവരെ എൻെറ ഭവനമായിരുന്ന 'പുഷ്പവാടി'യോട്ട് ഞാൻ അവസാനയാത്ര പറഞ്ഞു.

അപരിചിതമായ ഒരു മഹാനഗരത്തിലാണ് എൻെറ നൂതനജീവിതം ആരംഭിച്ചതു്. എൻെറ പൂർവ്വസമിതിയെക്കുറിച്ചുള്ള സ്മരണകളെ കേവലം സ്വപ്നപ്രായമാക്കത്തക്ക വിഭവബാഹുല്യം ആ നഗരത്തിലുണ്ടായിരുന്നു. ഒരു മഹാരാജധാനിയുടെ നിസ്തുലമായ പ്രാഭവം, ആയുധങ്ങൾ മുട്ടിയുരുമ്മുന്ന ഘോഷം, സ്ത്രീകളുടെ വിഭ്രമജനകമായ സൌന്ദര്യധോരണി എന്നിതുകൾ എൻെറ തലച്ചോറിനു ചൂടുപിടിപ്പിച്ച് അതിനെ ഉന്മത്തമാക്കി. പക്ഷെ എൻെറ ശപഥം ഞാൻ അന്നോളം വിസ്മരിച്ചിട്ടുണ്ടായിരുന്നില്ല. രാത്രിയുടെ നിശ്ശബ്ദതയിൽ ലീലയുടെ സന്നിധാനത്തിൻെറ ലക്ഷ്യങ്ങൾ അപ്പോഴും കാണപ്പെട്ടിരുന്നു. ഒടുവിൽ ഈ ലക്ഷ്യങ്ങളെല്ലാം പെട്ടെന്നു നിലച്ചു. ലോകം എൻെറ ദൃഷ്ടിയിൽ അന്ധകാരമയമായിത്തീർന്നു. എന്നെ ഗ്രസിച്ച രാഗത്തിൻെറയും എൻെറ ബുദ്ധിയെ മയക്കിയ പ്രലോഭനങ്ങളുടേയും ശക്തികണ്ട് ഞാൻ അമ്പരന്നു. എന്തെന്നാൽ, ഞാൻ സേവിച്ചിരുന്ന രാജാവിൻെറ സദനത്തിൽ ഒരുനാൾ വിദൂരവും അജ്ഞാതവുമായ ഒരു ദിക്കിൽനിന്ന് ഒരു കന്യക ആഗമിച്ചു. തൽക്ഷണം എൻെറ ധൂർത്തഹൃദയം അവളുടെ സൌന്ദര്യവിലാസത്തിന് വശംഗതമായി. എന്നെ പിടികൂടിയ രാഗത്തെ ഒന്നു കുടഞ്ഞുകളവാൻ പോലും ശ്രമിക്കാതെ ഞാൻ നിലത്തോളം താണ് അവളുടെ പാദപാംസുക്കൾ ശിരസ്സിലണിഞ്ഞു. ആ അപൂർവ്വസൌന്ദര്യധാമത്തിൻെറ കാല്ക്കൽ ഞാൻ അർപ്പിച്ച രാഗതീവ്രതയും ഉന്മാദവും സാഷ്ടാംഗനമസ്കാരവും ഓർക്കുമ്പോൾ താഴ്വരയിലെ വനകന്യകയിൽ എനിക്കുണ്ടായിരുന്ന അഭിനിവേശം എത്ര നിസ്സാരം.! അതേ! വിലാസിനി സാക്ഷാൽ അപ്സരസ്ത്രീ തന്നെയായിരുന്നു. അവളെ ഒരിക്കൽ കണ്ടവർ മറാരെയെങ്കിലും സ്മരിക്കുമോ.? വിലാസിനി ദേവകന്യക തന്നെ! അവളുടെ കണ്ണുകളുടെ അഗാധതയിൽ എൻെറ ദൃഷ്ടികൾ പതിച്ചപ്പോൾ, ഞാൻ ആ കണ്ണുകളെക്കുറിച്ചും അവളെക്കുറിച്ചും മാത്രമെ ചിന്തിച്ചുള്ളു.

ഞാൻ വിവാഹംചെയ്തു. എന്റെ മേൽ ഞാൻതന്നെ ക്ഷണിച്ചു വരുത്തിയ ശാപം ഞാൻ ഭയപ്പെട്ടില്ല. ആ ശാപത്തിന്റെ ഭയങ്കരഫലം എനിക്ക് അനുഭവപ്പെട്ടതുമില്ല. ഒരിക്കൽ—അതേ! ഒരിക്കൽമാത്രം—ഞാൻ വളരെനാളായി കേൾക്കാതിരുന്ന ആ നെടുവീർപ്പുകൾ പ്രശാന്തമായ ഒരു രാത്രിയിൽ ജാലകത്തിലൂടെ മെല്ലെ എന്റെ കർണ്ണപുടങ്ങളിൽ എത്തുപെട്ടു. നിശ്വാസത്തോട് ഇടകലൎന്നു ചില വാക്കുകളും സ്പഷ്ടമായി കേൾക്കമാറായി:—

"സമാധാനത്തോടെ ഉറങ്ങുക. എന്തെന്നാൽ, പ്രേമമാകുന്ന ശക്തി എല്ലാററിനേയും ജയിക്കുന്നു. വിലാസിനിയെ ഭാൎയ്യയായി സ്വീകരിച്ചുവെങ്കിലും, ലീലയോടു ചെയ്ത ശപഥത്തിൽനിന്ന് നീ വിമുക്തനായിരിക്കുന്നു. അതിന്റെ കാരണം സ്വൎഗ്ഗത്തിൽവെച്ച് നിനക്കു അറിയാറാകം."

# സമസ്തകേരള സാഹിത്യപരിഷത്ത്.

## സ്വാഗതപ്രസംഗം.

[കെ. ആർ കൃഷ്ണപിള്ള ബി. എ., ബി. എൽ.]

മഹാജനങ്ങളെ,

മാതൃഭാഷാസമുൽക്കൎഷേച്ഛുക്കളായി സമസ്തകേരളസാഹിത്യപരിഷത്തിന്റെ ഈ പഞ്ചമസമ്മേളനമഹോത്സവത്തിൽ ഞങ്ങളുടെ അപേക്ഷാനുസാരം സന്നിഹിതരായിരിക്കുന്ന നിങ്ങൾക്ക് സമ്മേളനഭാരവാഹികളുടെ പ്രതിനിധിയെന്ന നിലയിൽ ഞാൻ ഏകാന്തസൌഹാൎദ്ദത്തോടും നിൎവ്യാജബഹുമാനത്തോടും കൂടി സ്വാഗതാശംസനം ചെയ്തുകൊള്ളുന്നു. കൎത്തവ്യബഹുലതയാൽ പൎയ്യാകുലരായ നിങ്ങളിൽ മിയ്ക്കപേൎക്കും വൎഷത്തിൽ ഒരു പ്രാവശ്യം മാത്രം ലഭിക്കുന്ന ക്രിസ്തുമസ് ഒഴിവ് എത്രയോ ഹൃദ്യമായ വിശ്രമവേളയാകുന്നു.! ഈ അവസരത്തിൽ കൃത്യാന്തരവിഘാതത്തെയും സഞ്ചാരശ്രമത്തെയും വിഗണിച്ച് വിദൂരദേശങ്ങളിൽ നിന്ന് ഇവിടെ വന്നുകൂടിയിരിക്കുന്ന നിങ്ങളുടെ മാതൃഭാഷാപ്രണയത്തെ എങ്ങിനെ അഭിനന്ദിക്കേണ്ടു എന്നും ഞങ്ങളുടെ പേരിൽ നിങ്ങൾക്കുള്ള വാത്സല്യാതിരേകത്തെ എങ്ങനെ അഭ്യുപഗമിക്കേണ്ടു എന്നും ഞങ്ങൾക്കു നിശ്ചയമില്ല. അഥവാ അനുഭവ

തി ശിരസ്സാൽകല[illegible]ന്നു വർണ്ണിച്ചിട്ടുള്ളതുപോലെയാണല്ലോ ആര്യജനങ്ങളുടെ സ്വഭാവം. അതിഥികളുടെ സുഖസൌകര്യങ്ങൾക്കു വേണ്ട സംഭാരങ്ങളെ സജ്ജീകരിക്കാൻ ആതിഥേയന്മാർ സാവഷ്ടക്യം ശ്രമിച്ചിട്ടുണ്ടെങ്കിലും ആശാനുരൂപമാംവണ്ണം സകലവും പര്യാപ്തമായിട്ടുണ്ടെന്നു് ഞങ്ങൾ അഭിമാനിക്കുന്നില്ല. ഇക്കാര്യത്തിൽ ഞങ്ങൾക്കു വല്ല വൈകല്യങ്ങളും പററിയിട്ടുള്ളതായി കണ്ടാൽ ഔദാര്യപൂർവ്വം ക്ഷമിക്കണമെന്നുള്ള പ്രാർത്ഥനയെ മഹാശയരായ നിങ്ങളുടെ സന്നിധിയിൽ സമർപ്പിച്ചുകൊള്ളുന്നു.

സാഹിത്യപരിഷത്തിൻെറ അഞ്ചാംസമ്മേളനമാണു് ഇതെങ്കിലും തിരുവിതാംകൂറിൽ വെച്ചു നടക്കുന്ന മൂന്നാമത്തെ സമ്മേളനമാണല്ലോ. തിരുവിതാംകൂറിലെ പ്രശാന്തരമണീയമായ ഒരു ജനപദത്തിൽ പ്രഥമസമ്മേളനം കഴിഞ്ഞശേഷം ചതുർത്ഥസമ്മേളനമത്രെ കഴിഞ്ഞവർഷം ഈ രാജ്യത്തിൻെറ രാജധാനിയിൽ വെച്ചു നിർവ്വഹിക്കപ്പെട്ടതു്. സ്ഥാനഗൌരവം വിചാരിച്ചാൽ അനന്തശയനത്തിനു രണ്ടാമതായ ഈ കൊല്ലം നഗരത്തിൽ വെച്ചു പഞ്ചമസമ്മേളനം നടത്തുകയെന്നുള്ളതു യുക്തരൂപം തന്നെ. കേരളീയരുടെ സർവജനീനമായ പ്രതിപത്തിയെ ആവർജ്ജിക്കാൻ മതിയാകുന്ന അവസ്ഥാവിശേഷങ്ങൾ ഈ നഗരത്തിനുണ്ടെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. കാലഗണനയ്ക്കു ആലംബഭൂതനായ ആദിത്യൻെറ സ്വക്ഷേത്രം മുതൽ എണ്ണുന്നതും കേരളമൊട്ടുക്കു് അംഗീകൃതവുമായ കോളംബാബ്ദത്തിൻെറ സ്ഥാപനം ഇവിടെവെച്ചാണു നിർവ്വഹിക്കപ്പെട്ടതു്. പ്രാചീനകാലത്തു കോഴിക്കോട്ടും കൊടുങ്ങല്ലൂരും പോലെ കൊല്ലവും മലയാളക്കരയിൽ പ്രധാനപ്പെട്ട ഒരു വാണിജ്യകേന്ദ്രമായിരുന്നു. അക്കാലത്തു് അറബികളും ചീനരും അവരെ തുടർന്നു് പോർട്ടുഗീസുകാരും ഡച്ചുകാരും ഈ തുറമുഖത്തിലെ കച്ചവടം കരസ്ഥമാക്കാൻവേണ്ടി പരസ്പരസ്പർദ്ധയോടുകൂടി പല സാഹസങ്ങളും പ്രവർത്തിച്ചിരുന്നതായി ചരിത്രത്തിൽ കാണ്മാനുണ്ടു്. പാണ്ഡ്യചോളമണ്ഡലങ്ങളെ ജയിച്ചു കീഴടക്കിയതിൻെറ ശേഷം കാഞ്ചീനഗരിയിൽ വെച്ചു ചക്രവർത്തിപദത്തിൽ അഭിഷിക്തനായ സംഗ്രാമധീരൻ ത്രിഭുവനചക്രവർത്തി രവിവർമ്മസാമ്രാട്ടിൻെറ രാജധാനിയും ഞങ്ങളുടെ ഈ നഗരംതന്നെയായിരുന്നു. പ്രദ്യുമ്നാഭ്യുദയമെന്ന സംസ്കൃതനാടകത്തിൻെറ കർത്താവു് ഈ ചക്രവർത്തിയായിരുന്നു. സാഹിത്യപ്രണയം നിമിത്തം ദക്ഷിണഭോജനെന്ന പര്യായനാമം വഹിച്ചിരുന്ന ഒരു കേരളചക്രവർത്തിയുടെ വിദ്വൽസദസ്സിൽ ഒരംഗമായിരുന്ന സമുദ്രബന്ധനമാണു് മംഖകൻെറ കാവ്യാലംകാരത്തെ വ്യാഖ്യാനിച്ചതു്. തൻെറ സ്വാമിയായ ചക്രവർത്തിയെ മുക്തകണ്ഠം പ്രശംസിക്കുന്നതു കൂടാതെ സമുദ്രബന്ധൻ കൊല്ലം നഗരത്തെ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു.

കേരളേഷ്വസ്തിനഗരീ
കോളംബഇതിവിശ്രുതാ
അധിശ്രിയായയാവാചീ
ഹരിദപ്യളകാവതി.

അയോദ്ധ്യാമപിയാംസന്തോ
രാഘവാന്വയവജ്ജിതാം
അഗോചരംഭുജംഗാനാ-
മാഹുർഭോഗവതീമപി.

പ്രാപ്തകല്പദ്രുമച്ഛായൈ-
സ്സുമനോഭിഃകൃതാസ്പദാ
അവതീർണ്ണവമേദിന്യാം
യാചകാസ്ത്യമരാവതീ.

പിൽക്കാലത്തു ലക്ഷ്മീദാസൻ മുതലായ ഇതര സംസ്കൃതകവികളുടെ വാഗ്വിലാസത്തിനും ഈ നഗരം വിഷയീഭവിക്കാതിരുന്നിട്ടില്ല.

ഏഷാഭൂഷാമണിരിഹഭുവോ ഹന്തവേണാടർകോനും
നീയുംപാലിച്ചുപഗതഭയംവഞ്ചി- താനാളിൽനാളിൽ
ഇന്ദ്രോപേന്ദ്രക്ഷപിതദിതി-ജോപദ്രവാമദ്യമന്യേ
നാണിക്കിന്റാളമരനഗരീംനാമ-മാത്രാവശേഷം.

എന്നാണ് പ്രാചീനമലയാളകവികളിൽ അതിപ്രശസ്തനായ ഉണ്ണുനീലിസന്ദേശകാരൻ കോളംബനഗരത്തെ പ്രശംസിക്കുന്നതു്. ഇതിന്റെ അദ്യതനാവസ്ഥയെ വശ്യവചസ്സായ കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് വർണ്ണിച്ചിരിക്കുന്നതു നോക്കുക.

കൊല്ലംകണ്ടാലൊരുവനവിടെ-ത്തന്നെപാക്കാൻകൊതിച്ചി
ട്ടില്ലംവേണ്ടെന്നിതികരുതുമെന്നു-ള്ള ചൊല്ലുള്ളതത്രേ.
കൊല്ലംതോറുംപലപലപരിഷ്കാര-മേററപ്പുരംകേ-
ളുല്ലംഘിക്കുന്നാഹഹവിഭവംകൊ-ണ്ടുതാംരാജധാനീം.

ഇങ്ങനെ പൂവ്വകാലം മുതൽ ഇന്നുവരെയും അനേകം വിശിഷ്ടസാഹിത്യകാരന്മാരുടെ ശ്ലാഘയെ ആജ്ജിച്ചിട്ടുള്ള ഈ നഗരത്തിൽവച്ചു് സാഹിത്യപരിഷത്തിന്റെ ഈ സമ്മേളനമഹോത്സവം ആഘോഷിക്കുന്നതു് നഗരത്തിനും പരിഷത്തിനും പരസ്പരാഹ്ലാദജനകമായിരിക്കുമെന്നുള്ള എന്റെ അഭിപ്രായം അസാസ്പദമല്ലെന്നു വിശ്വസിക്കുന്നു.

സാഹിത്യപരിഷത്തിനു് ഇപ്പോൾ നാലുവയസ്സു പ്രായമേ ചെന്നി

ട്ടുള്ളു എങ്കിലും പരിഷത്തു് ഇതിനകം എന്താണു് ചെയ്തിട്ടുള്ളതെന്ന ചോദ്യം അങ്ങുമിങ്ങും കേൾക്കാതിരിക്കുന്നില്ല. മാതൃഭാഷയോടുള്ള സ്നേഹാതിരേകം നിമിത്തം അതിന്റെ അഭ്യുദയത്തിനായി എന്തെങ്കിലും പ്രവത്തിച്ചു കണ്ടാൽ കൊള്ളാമെന്നുള്ള വിശുദ്ധോദ്ദേശത്താൽ പ്രേരിതമായ ഈ ചോദ്യത്തെ ആദരിക്കതന്നെ വേണം. എന്നാൽ മഹോദ്യമങ്ങളുടെ ഫലം ക്ഷിപ്രസിദ്ധമല്ലെന്നുള്ള വസ്തുതയെ നാം വിസ്മരിക്കരുതു്. "ശ്രേയാംസി ബഹുവിഘ്നാനി" എന്നാണല്ലൊ ആപ്തവാക്യം. കൈരളിയുടെ വിഷയത്തിൽ ഭാഷാപോഷിണി മുതലായ പ്രസ്ഥാനങ്ങളുടെ ചരിത്രവും ഈ ആപ്തവാക്യത്തിന്റെ യാഥാത്ഥ്യത്തെ അനുസ്മരിപ്പിക്കുന്നില്ലയൊ.? "ഇതാ! ഇത്രയും ഞങ്ങൾ സാധിച്ചിട്ടുണ്ട്" എന്നു ചൂണ്ടികാണിക്കാൻ തക്കവണ്ണം പരിഷത്തു യാതൊന്നും നിവ്ഹിച്ചിട്ടില്ലായിരിക്കാം. എങ്കിലും ഫലോന്മുഖമായ പ്രവൃത്തിക്കു് അനുരൂപമായ പരിസരാവസ്ഥകളെ ജനിപ്പിക്കാൻ സാധിച്ചാൽ അതും അഗണ്യമല്ലാത്ത ഒരു വിജയംതന്നെ എന്നുവേണം കരുതാൻ. ആണ്ടിൽ ഒരു പ്രാവശ്യമെങ്കിലും കേരളത്തിലെ വിദ്യാവൃദ്ധന്മാർ ഇപ്രകാരം സമ്മേളിച്ചു് ഭാഷയുടേയും സാഹിത്യത്തിന്റേയും വിവിധവശങ്ങളെ വിശദീകരിച്ചു പ്രസംഗിക്കുകയും ആ വിഷയത്തിൽ പ്രവത്തിച്ചുകൊണ്ടിരിക്കുന്ന യുവാക്കന്മാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഫലം നിസ്സാരമാണെന്നു് ലോകപരിചയമുള്ളവർ ആരുംതന്നെ വിധിക്കുമെന്നു് തോന്നുന്നില്ല. ഈവിധമെല്ലാം സമാധാനപ്പെട്ടു സുസ്ഥിതമ്മന്യരായി കാലക്ഷേപം ചെയ്വാൻ നമുക്കവകാശമുണ്ടെന്നല്ല ഞാനും പറയുന്നതു്. ഭാഷാസാഹിത്യത്തിന്റെ അഭ്യുദയത്തിനുവേണ്ടി വിവിധശാഖകളിലായി നാം ചെയ്യേണ്ടിയിരിക്കുന്ന ശ്രമം അത്യന്തം വിപുലമാണ്. ഭാഷാഭിമാനികളായ പണ്ഡിതന്മാർ ബദ്ധകങ്കണരായി തോളോടുതോൾ ചേന്നു് പ്രയത്നിച്ചാലല്ലാതെ ഈ മഹോദ്ദേശ്യം സാധിക്കാവുന്നതുമല്ല. ഇതിലേയ്ക്കു പര്യാപ്തമായ ഒരു കൃത്യപദ്ധതി രൂപവൽക്കരിച്ചു് പ്രവൃത്തി തുടങ്ങാൻ ഈ സമ്മേളനത്തിൽ നടക്കാൻപോകുന്ന ആലോചനകൾ കീഴാണ്ടുകളിലേക്കാൾ ഫലപ്രദമായിത്തീരത്തക്കവണ്ണം ഏകതാനതയോടെ നിങ്ങളെല്ലാവരും ഉത്സാഹിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

സാഹിത്യപരിപോഷണത്തിനായുള്ള ശ്രമങ്ങളെ ദുർബലമായെങ്കിലും പ്രതിബന്ധിക്കുന്ന ഒരു രുചിഭേദമൊ അഭിപ്രായഗതിയൊ സാംക്രമികരോഗംപോലെ പ്രചരിച്ചുവരുന്നതായികാണുന്നു. ഇക്കാലത്തെ വിദ്യാഭ്യാസം സാഹിത്യപരവും നിഷ്പ്രയോജനവുമായിത്തീന്നിരിക്കുന്നു. ഉദരപൂരണത്തിനുള്ള മാഗ്ഗം യാതൊന്നും അദ്ധ്യേതാക്കൾക്കു് വിദ്യാലയങ്ങളിൽനിന്നു ലഭിക്കുന്നില്ല, അതിനാൽ വിദ്യാഭ്യാസത്തിൽ സാഹിത്യത്തിന്റെ വ്യാപ്തി കഴിയുന്നതും ചുരുക്കി സാങ്കേതികവിഷയങ്ങളും തൊഴിലുകളും വിദ്യാത്ഥി

കളെ പഠിപ്പിക്കയാണ വേണ്ടതു്; ഇങ്ങനെ ഒരു സാഹിത്യോപാലംഭം വിദ്യാഭ്യാസനയത്തെ പരാമർശിച്ചു് നിയമസഭയിലും പ്രജാസഭയിലും പ്രസംഗിക്കുന്ന ചില മാന്യന്മാർ ഉൽഘോഷിക്കാറുണ്ടു്. ഈ അഭിപ്രായംതന്നെ നാട്ടിൻപുറത്തുള്ള പ്രസംഗവേദികളിലും പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു. ഈ അപവാദത്തിൽ എത്രമാത്രം പരമാർത്ഥതയുണ്ടെന്നു ചിന്തിക്കേണ്ടതാണു്. എനിക്കറിവുള്ളിടത്തോളം ഇപ്പോഴത്തെ സ്കൂൾവിദ്യാഭ്യാസം സാഹിത്യപ്രധാനമാണെന്നു് പറയുന്നതിൽ യാതൊരർത്ഥവുമില്ല. അങ്കഗണിതം മുതലായ ഇതരവിഷയങ്ങളെക്കാൾ ഗണ്യമായ യാതൊരു പ്രാമുഖ്യവും സാഹിത്യത്തിനു് കല്പിച്ചിട്ടില്ലെന്നു് ഇപ്പോഴത്തെ പാഠപദ്ധതി നോക്കിയാൽ ഗ്രഹിക്കാവുന്നതാണു്. സാമാന്യമോ സാങ്കേതികമൊ ആയ ഏതു വിഷയങ്ങളുടെ അധ്യയനത്തിനും അധ്യാപനത്തിനും ഭാഷയുടെ സാഹായ്യം അപരിഹാര്യമാണല്ലൊ. ഒരു ഭാഷയെ കൈകാര്യം ചെയ്യാനുള്ള ശേഷിയോ അതിലുള്ള വല്ലതും ചില സാഹിത്യഗ്രന്ഥങ്ങൾ വായിക്കാതെ ലഭിക്കുന്നതുമല്ല. പരമാർത്ഥം പറഞ്ഞാൽ എത്രയും പരിമിതമായ ഈ ഭാഷാജ്ഞാനം സമ്പാദിക്കാൻ വേണ്ട സാഹിത്യാധ്യയനം മാത്രമെ ഇന്നു നമ്മുടെ വിദ്യാലയങ്ങളിൽ നടക്കുന്നുള്ളു. ഇതിന്റെ ഫലമൊ, ഇംഗ്ലീഷാകട്ടെ, മലയാളമാകട്ടെ തെററുകൂടാതെ ഉപയോഗിക്കാൻ കഴിയുന്ന വിദ്യാർത്ഥികളുടെ എണ്ണം തുലോം പരിമിതമാക്കിയിരിക്കുന്നു. ഇതിനെയാണു് പലരും സാഹിത്യപ്രധാനമായ വിദ്യാഭ്യാസമെന്നു് പ്രശംസിക്കുന്നതു്.

ഇന്നത്തെ ലോകാവസ്ഥ വിചാരിച്ചാൽ ഉപജീവനത്തിനു് ഉപയുക്തങ്ങളായ തൊഴിലുകളും സാങ്കേതികശാസ്ത്രങ്ങളും എല്ലാം നമ്മുടെ കുട്ടികളെ പഠിപ്പിക്കേണ്ടതു് അത്യാവശ്യംതന്നെയാണു്. പ്രൈമറിസ്കൂൾ, മിഡിൽസ്കൂൾ, ഹൈസ്കൂൾ ഈ പതനങ്ങളിൽ സ്കൂൾവിട്ടു പോകുന്ന വിദ്യാർത്ഥികൾക്കു് യോജിച്ച വിധത്തിൽ ഈ വിഷയങ്ങൾ പഠിപ്പിക്കാൻ ക്ലാസുകൾ ഏർപ്പെടുത്തുന്നതു് നന്നായിരിക്കും. എങ്കിലും സാമാന്യവിദ്യാഭ്യാസത്തിന്റെ ആവശ്യകതയും അതിന്റെ പരമപ്രയോജനം ആഹാരസമ്പാദനമല്ലെന്നുള്ള വസ്തുതയും വിസ്മരിക്കാവുന്നതല്ല. ശരീരസംരക്ഷണത്തിനുള്ള അന്നവസ്ത്രാദികളുടെ സുലഭതകൊണ്ടു മാത്രം ഒരു കാലത്തും മനുഷ്യൻ തൃപ്തിപ്പെട്ടിരുന്നതായി കാണുന്നില്ല. ഈ പ്രപഞ്ചം, പ്രപഞ്ചത്തിൽ തന്റെ തന്റെ ജീവിതം, ലൌകികധർമ്മങ്ങൾ, ആത്മീയധർമ്മങ്ങൾ, സമുദായം, രാഷ്ട്രം മുതലായ വിവിധവിഷയങ്ങളെക്കുറിച്ചു് വിതർക്കങ്ങളും ജിജ്ഞാസയും മനുഷ്യനു് എല്ലാക്കാലത്തും ഉണ്ടായിരുന്നിട്ടുണ്ടു്. ഈ വിതർക്കങ്ങളെ പരിച്ഛേദിക്കുന്നതിനും ജിജ്ഞാസയെ പൂരിപ്പിക്കുന്നതിനും അതീതകാലത്തിൽ മഹാന്മാർ ചെയ്തിട്ടുള്ള ശ്രമങ്ങളുടെ സാകല്യത്തെയാണു് ഇന്നു മനുഷ്യലോകത്തിന്റെ സംസ്കാരമെന്നു പറയുന്നതു്. ഓരോ

ദേശങ്ങളിലെ ഇപ്രകാരമുള്ള സംസ്കാരം അതാതു ദേശക്കാരുടെ സാഹിത്യത്തിലാണ് സംഗ്രഹിച്ചു സൂക്ഷിച്ചിട്ടുള്ളതു്. അതിനാൽ നമ്മുടെ ബുദ്ധിസംസ്കരണം സാധിക്കുന്നതിന് ഏകാവലംബമായിട്ടുള്ളതു് സാഹിത്യപരിശീലനം തന്നെയാണ്. ജ്ഞാനസമ്പാദനവും ബുദ്ധിസംസ്കരണവുമാണ് വിദ്യാഭ്യാസത്തിൻെറ പ്രഥമോദ്ദേശമെന്നാണ്ടു ഞാൻ കരുതുന്നതു്. അങ്ങനെയിരിക്കെ സാഹിത്യത്തിൽ ഗാഢമായ അഭിരുചി ജനിക്കത്തക്കവണ്ണം നമ്മുടെ ബാലവിദ്യാർത്ഥികളെ സാഹിത്യാധ്യയനം ചെയ്യിക്കണമെന്നുള്ള അഭിപ്രായം അസംഗതമായിരിക്കയില്ലെന്ന് വിശ്വസിക്കുന്നു. ഋഷിപ്രോക്തങ്ങളെക്കാൾ അമേരിക്കൻപ്രോക്തങ്ങൾക്ക് വില കൂടുന്ന കാലമാണല്ലൊ ഇതു്. അയോവായൂണിവേഴ്സിററിയിൽ വിദ്യാർത്ഥികളുടെ സ്വഭാവസംസ്കരണത്തെക്കുറിച്ച് നിരൂപണം ചെയ്യാൻ ഒരു ഡിപ്പാർട്ടുമെൻറു സ്ഥാപിച്ചിട്ടുണ്ട്. അതിൻെറ അധ്യക്ഷനായ പ്രൊഫസർ സ്റ്റാർബക്ക് സാഹിത്യപരിശീലനം തന്നെയാണ് ബാലന്മാരുടെ സ്വഭാവസംസ്കരണത്തിന് ഉത്തമമായ മാർഗ്ഗമെന്നഭിപ്രായപ്പെട്ടിരിക്കുന്നു. കാന്താസമ്മിതമായ കാന്തയെപ്പോലെ സരസമധുരങ്ങളായ സൂക്തികൾകൊണ്ട് കൃത്യാകൃത്യബോധത്തേയും ധർമ്മോപദേശത്തേയും നൽകുന്ന സാഹിത്യകലയെ വിജ്ഞാനസിദ്ധിക്കുള്ള വിശിഷ്ടോപകരണമായി എല്ലാക്കാലത്തും എല്ലാ ദേശക്കാരും അംഗീകരിച്ചു പോന്നിട്ടുള്ളതിൽ എന്താണത്ഭുതം?.

കവികൾ മനുഷ്യലോകത്തിൻെറ അനഭിജ്ഞാതരായ നിയമകർത്താക്കളാണെന്നു ഷെല്ലി പറയുന്നതു് എത്രയോ പരമാർത്ഥമായിരിക്കുന്നു!

രാജാവിൻെറ ദണ്ഡനീതിക്കുള്ള വ്യാപ്തി തുലോം പരിമിതമാണെന്ന് നമുക്കറിയാമല്ലൊ. കൃതഘ്നനെയൊ ക്രൂരനെയോ ഗർവ്വിഷ്ഠനെയോ പാഷണ്ഡനെയോ അവൻെറ ശീലവൈകൃതത്താൽ മാത്രം ശിക്ഷാർഹനാക്കുന്ന യാതൊരു നിയമവും രാജാക്കന്മാർ സൃഷ്ടിക്കാറില്ല. അങ്ങനെയുള്ള നിയമനിർമ്മിതി അവിഹിതമാണെന്ന് രാജതന്ത്രപ്രവീണന്മാർ വിധിച്ചിട്ടുമുണ്ട്. കൃതജ്ഞത, ജീവകാരുണ്യം, വിനയം, ആസ്തിക്യം, അനസൂയ മുതലായ സൽഗുണങ്ങൾ ശുഭാവഹങ്ങളാണെന്നും ഇവയ്ക്കു വിപരീതങ്ങളായ ദുർഗ്ഗുണങ്ങൾ ദോഷാവഹങ്ങളാണെന്നും പ്രതിപാദിച്ച്, രാമായണാദികഥാപുരുഷന്മാരെക്കൊണ്ടുദാഹരിച്ച് മനുഷ്യരിൽ സൗശീല്യം വളർത്തുന്ന കവികളാണ് രാജാധികാരത്തെക്കാൾ ലോകക്ഷേമം പുലർത്തുന്നവരെന്ന് പറയുന്നതിൽ അതിശയോക്തിയുണ്ടെന്നു വിചാരിക്കുന്നില്ല. 'എൻെറ നാട്ടുകാർക്ക് വേണ്ട നിയമങ്ങൾ ആരെങ്കിലും നിർമ്മിച്ചുകൊള്ളട്ടെ, അവരുടെ ഹൃദയത്തെ സ്പർശിക്കുന്ന ഗാനങ്ങൾ നിർമ്മിക്കാൻ എനിക്കു കഴിയുമെങ്കിൽ ഞാൻ കൃതാർത്ഥനായി' എന്നൊരു കവിശ്രേഷ്ഠൻ പറഞ്ഞിട്ടുള്ളതിൽ ഈ ആശയംതന്നെയല്ലേ പ്രതിഫലിച്ചു കാണുന്നതു്.?

സാഹിത്യത്തിന്റെ സാഹായത്താൽ അതീതകാലത്തിൽ ജീവിച്ചിരുന്ന മഹാന്മാരോട് നമുക്കു പരിചയം നിധിക്കുന്നു. അഭിമുഖമായി നാം അവരോട്ടു സംഭാഷണം ചെയ്യുന്നു. ലോകോപകാരത്തിനായി അവർ സംഭരിച്ചിട്ടുള്ളതും അക്ഷയവുമായ വിജ്ഞാനനിക്ഷേപത്തെ നമ്മുടെ ഇഷ്ടംപോലെ സ്വാധീനപ്പെടുത്തിക്കൊള്ളുന്നതിന് യാതൊരു വൈഷമ്യവുമില്ല. നമ്മുടെ സംശയങ്ങളെ പരിച്ഛേദിക്കയും വ്യാകുലതയെ ദൂരീകരിക്കയും പരമാത്ഥത്തെ വിശദമായി വ്യഖ്യാനിച്ചുതരികയും ചെയ്യുന്നതിൽ അവർ വിരസതയോ ഔദാസീന്യമൊ ഒരിക്കലും ഭാവിക്കുന്നില്ല. വാത്മീകി, വ്യാസൻ, ഷേക്സ്പീയർ, കാളിദാസൻ, എഴുത്തച്ഛൻ മുതലായ കവീശ്വരന്മാരുടെ കൃതികൾ വായിക്കുമ്പോൾ സുധാനിഷ്യന്ദികളായ സൂക്തങ്ങൾ കൊണ്ട് അവർ നമ്മെ രസിപ്പിക്കയും ഉപദേശിക്കയും ശാസിക്കയും ആശ്വസിപ്പിക്കയും ആനന്ദിപ്പിക്കയും ചെയ്യുന്നതുപോലെ നമുക്കനുഭവപ്പെടുന്നു. ഗീതാപാരായണം ചെയ്യുമ്പോൾ ഭഗവാൻ ശ്രീകൃഷ്ണൻ അജ്ജുനനോടെന്നപോലെ നമ്മോടും അരുളിച്ചെയ്യുന്നതായി തോന്നുന്നില്ലെങ്കിൽ പാരായണം മതിയാക്കുകയാണു ഭേദം.

ചരിത്രകാരന്മാർ ഭൂതകാലത്തിലെ സംഭവങ്ങളെ രേഖപ്പെടുത്തിവച്ചിട്ടുണ്ടെങ്കിലും സാഹിത്യം തന്നെയാണ് ഭൂതകാലത്തെ മുഴുവൻ പ്രതിഫലിപ്പിക്കുന്ന സ്വച്ഛമായ ദർപ്പണം. ഹസ്തിനവും ലങ്കയും ഇടിഞ്ഞുപൊളിഞ്ഞു ധൂളിപ്രായമായി അവയുടെ പ്രകൃതിയായ ഭൂദേവിയിൽ ലയിച്ചിട്ട് എത്രയോ വഷശതങ്ങളായി.! രാമരാവണന്മാരും കുരുപാണ്ഡവന്മാരും അവരുടെ സമകാലികരായ സർവ്വജനങ്ങളും അതിന് എത്രയോ മുമ്പുതന്നെ ലോകരംഗത്തിൽനിന്നു നിഷ്ക്രമിച്ചുകഴിഞ്ഞു. അന്ന് ആ രാജധാനികളിൽ ജീവിച്ചിരുന്നെങ്കിൽ തന്നെയും ആ ഗംഭീരപുരുഷന്മാരെ നിഷ്പ്രയാസം നമുക്കു കാണ്മാൻ സാധിക്കുമായിരുന്നോ എന്നു നിശ്ചയമില്ല. എന്നാൽ വ്യാസന്റേയും വാത്മീകിയുടേയും മാഹാത്മ്യം നോക്കുക.! ഭാരതത്തിലേയും രാമായണത്തിലേയും കഥാപുരുഷന്മാരെല്ലാം നമ്മുടെ മുമ്പിൽ നില്ക്കുന്നു. അവരുടെ ആകൃതിയും സ്വഭാവവും നാം സ്പഷ്ടമായി ഗ്രഹിക്കുന്നു. അവർ ചിന്തിച്ചതിനും മന്ത്രിച്ചതിനും പ്രവൃത്തിച്ചതിനും നാം ദൃക്സാക്ഷികളെന്നപോലെ തീന്നിരിക്കുന്നു. പടക്കളത്തിൽ സൈന്യങ്ങളുടെ യാനാപയാനങ്ങളും ജയാപജയങ്ങളും വ്യൂഹവിന്യാസങ്ങളും ദുർഗ്ഗഭേദനവും രണശൂരന്മാരായ സേനാനികളുടെ അപദാനങ്ങളും എല്ലാം കരതലാമലകം പോലെ നാം കാണുന്നു. തത്താദൃശമാണ് സാക്ഷാൽ കവീശ്വരന്മാരുടെ മനോധമ്മത്തിന്റേയും വാഗ്വിലാസത്തിന്റേയും ശക്തി.

പാരവശ്യം വൃഥാദാസ്യം
പഞ്ചാനാമേകഭാരതാ

പാണ്ഡവാനാമഭൂൽകീൎത്ത്യ
പാരാശൎയ്യകവേൎഗ്ഗിരാ.

എന്ന് ഒരു സാഹിത്യമൎമ്മജ്ഞൻ കവനകലയെ പ്രശംസിച്ചിട്ടുള്ളതു വെറുതെയല്ല.

ബുദ്ധിയെ വികസിപ്പിക്കുന്നതിനും ഉൽകൃഷ്ടാശയങ്ങളെ ഉദ്ദീപിപ്പിക്കുന്നതിനും ഉന്നതാദൎശങ്ങളെ ലക്ഷീകരിക്കുന്നതിനും ആത്മാവിനെ ഉന്നമിപ്പിക്കുന്നതിനും പ്രയോജനമായി സാഹിത്യംപോലെ മറെറാന്നുംതന്നെ ഇന്നുവരെ ലോകത്തിൽ ഉണ്ടായിട്ടില്ല. നമ്മുടെ വിശ്രമവേളകളിൽ വിനോദത്തിനു മാത്രം ഉപകരിക്കുന്ന ഒരു സരസകലയാണ് സാഹിത്യം എന്നു വിചാരിക്കുന്നതു് സാഹിത്യധൎമ്മത്തെക്കുറിച്ചുള്ള അജ്ഞതകൊണ്ടു മാത്രമാണ്. പരിപൂൎണ്ണമായ ലോകജീവിതം അനുഭവിക്കാൻ അപരിത്യാജ്യമായ ഉപകരണം തന്നെയാണ് സാഹിത്യമെന്നും സാഹിത്യാനഭിജ്ഞൻെറ ലോകജീവിതം മാതൃഗൎഭത്തിലെ ജീവിതത്തിൽനിന്നു സാരാംശത്തിൽ വിഭിന്നമല്ലെന്നും ഒരു പണ്ഡിതൻ ഉപന്യസിച്ചിട്ടുണ്ടു്.

സദ്യഃപ്രേരയതേമതിംമദയതേരോമാഞ്ചയത്യംഗകം
വ്യാസിഞ്ചത്യപിശീതബാഷ്പവിസരൈരാനന്ദമൂൎച്ഛോത്ഭവൈഃ.

എന്നിങ്ങനെ ഭട്ടതിരി വൎണ്ണിച്ചിട്ടുള്ള ബ്രഹ്മാനന്ദത്തോടു തന്നെയാണ് സല്ക്കാവ്യപരിശീലനത്താൽ സിദ്ധിക്കുന്ന ആനന്ദത്തെ സാഹിത്യസാരജ്ഞന്മാർ ഉപമിച്ചിട്ടുള്ളതു്. കൂലിവേലക്കാർപോലും അവരവൎക്കുപ്രിയമായ സാഹിത്യപാരായണത്താൽ പണിയെടുക്കുമ്പോൾ തങ്ങളുടെ ശ്രമത്തെ വിസ്മരിക്കയും വിശ്രമിക്കുമ്പോൾ മനഃസ്സോല്ലാസത്തെ അനുഭവിക്കയും ചെയ്യുന്നതു നിങ്ങൾ കാണുന്നില്ലേ.? ജാതിഭേദം, കുലഭേദം, വൃത്തിഭേദം, സ്ഥാനഭേദം മുതലായ കൃത്രിമാവസ്ഥകൾക്കൊന്നും വശപ്പെടാതെ ആശ്രിതലോകത്തെയെല്ലാം ഒരുപോലെ ഔദാൎയ്യപൂൎവ്വം അനുഗ്രഹിക്കുന്ന ഈ സാഹിത്യം ഇല്ലായിരുന്നു എങ്കിൽ നമ്മുടെ സ്ഥിതി എന്തായിരുന്നേനെ എന്ന് ഗാഢമായി ഒന്നു ചിന്തിച്ചുനോക്കുക.

(തുടരും)

# വിദ്യാഭ്യാസവും മാതൃത്വവും. *

(കെ. ഭാഗീരഥി അമ്മ, അസി: ഇൻസ്പെക്ട്രസ്സ്.)

അഖിലഭാരതീയവനിതാവിദ്യാഭ്യാസസമ്മേളനത്തിൽ ഒരു പ്രസംഗം ചെയ്യണമെന്ന് അതിൻെറ ഭാരവാഹികൾ എന്നെ അറിയിച്ചപ്പോൾ

* 106 വൃശ്ചികത്തിൽ അഖിലഭാരതീയ വനിതാവിദ്യാഭ്യാസസംഘത്തിൻെറ തിരുവനന്തപുരംശാഖാസമ്മേളനത്തിൽ നടത്തിയ പ്രസംഗച്ചുരുക്കം.

തന്നെ എനിക്ക് ഇതിനുള്ള അപ്രാപ്തിയെ ഞാൻ സൂചിപ്പിച്ചു എങ്കിലും പ്രസ്തുതസംഗതി ഞാൻതന്നെ നിവ്വഹിക്കണമെന്ന് അവർ നിർബന്ധപൂവ്വം ആവശ്യപ്പെട്ടുകയാൽ ഞാൻ ഇപ്പോഠം അതിലേക്ക് ഒരുമ്പെട്ടിട്ടുള്ളതാണ്. എന്റെ ഔദ്യോഗിക കൃത്യങ്ങൾക്കു പുറമെ, ഇത്തരം സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിന് എനിക്കുള്ള സമയവും സൌകയ്യവും വളരെ കുറവായിരിക്കുന്നതിനാൽ എന്റെ ഇന്നത്തെ ശ്രമം അല്പമെങ്കിലും ഫലപ്രദമായിത്തീരുമെങ്കിൽ ആയതു് എനിക്കു പ്രത്യേകം ചാരിതാത്ഥ്യജനകമായിട്ടുള്ളതാണ്. ഇന്നത്തെ സമ്മേളനം സ്ത്രീകളുടെ വിദ്യാഭ്യാസസംബന്ധമായിട്ടുള്ളതാകയാൽ "വിദ്യാഭ്യാസവും മാതൃത്വവും" എന്ന വിഷയത്തെപ്പറ്റി അല്പം പ്രസ്താവിക്കുന്നതു് അസ്ഥാനത്തിലാകയില്ലെന്ന് വിശ്വസിക്കുന്നു.

വിദ്യാഭ്യാസമെന്നാൽ എന്തെന്ന് പല പണ്ഡിതന്മാരും പലവിധത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അവയിൽ ഏററവും പ്രധാനമായിട്ടുള്ളതു് ഒരു പുരുഷന്റെ അല്ലെങ്കിൽ ഒരു സ്ത്രീയുടെ ജീവിതകാലം അവക്കും മററുള്ളവക്കും ഒരുപോലെ ഉപയോഗപ്രദമാക്കുകയും ലൌകികജീവിതത്തിന് വേണ്ട പരിജ്ഞാനവും, പരിചയവും സമ്പാദിക്കുകയും എന്നുള്ളതാണ്. ഇതിലേയ്ക്കു ചെറുപ്പം മുതൽക്ക് അഭ്യസിപ്പിക്കുക എന്നുള്ളതാണ് വിദ്യാഭ്യാസം എന്ന പദംകൊണ്ടു നിർദ്ദേശിക്കുന്നതു്. പെൺകുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ചു് പല ഭിന്നാഭിപ്രായക്കാരും ഇക്കാലത്തും സുലഭമാണ്. തങ്ങളുടെ പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചിട്ടാവശ്യമില്ലെന്നും, അവക്ക് അത്യാവശ്യം വേണ്ടുന്ന ഗൃഹകൃത്യങ്ങൾ പരിശീലിച്ചു് ഒരു ഭർത്താവിനോടുകൂടെ ജീവിതം നയിച്ചാൽ മതിയെന്നും വിചാരിക്കുന്നവർ ഒട്ടും അപൂർവ്വമല്ല. കഷ്ടിച്ചു് അക്ഷരജ്ഞാനം പൂർത്തിയാക്കി, കുറെ പുസ്തകപഠനവും ഉണ്ടായാൽ വിദ്യാഭ്യാസമായി എന്ന് മററുചിലർ വിചാരിക്കുന്നു. ലോകജീവിതത്തിന് ശരിയായ വിദ്യാഭ്യാസം എത്രത്തോളം അത്യാവശ്യമാണെന്ന് ഈ കൂട്ടർ ധരിക്കാത്തതിൽ അത്ഭുതപ്പെടുകയല്ലാതെ തരമില്ല. ചില ആളുകൾ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം ഉദ്യോഗസമ്പാദനമാണെന്ന് വിചാരിക്കുന്നു. ഉദ്യോഗത്തിനുള്ള ആശ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യത്തെ പാടെ നശിപ്പിക്കുകയാണു ചെയ്യുന്നതെന്ന് അവർ ഒട്ടുംതന്നെ ധരിക്കുന്നില്ല. പുരുഷന്മാക്കും സ്ത്രീകൾക്കും ഉള്ള വിദ്യാഭ്യാസരീതിയിൽ സാരമായ പല വ്യത്യാസങ്ങളും വരുത്താനുണ്ടെന്നുള്ളതു് എല്ലാവരും സമ്മതിക്കുന്നതാണ്. ഇക്കാലത്തു് ഒട്ടു വളരെപേർ ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചു് പുരുഷന്മാരോടൊപ്പം പല ജീവിതമാർഗ്ഗങ്ങളിലും പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നു. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചു കഴിഞ്ഞാൽ ഇക്കൂട്ടർ ആഗ്രഹിക്കുന്നതു് സക്കാരുദ്യോഗസമ്പാദനത്തിനാകുന്നു. എല്ലാ

സ്ത്രീകൾക്കു സൎക്കാരുദ്യോഗം ലഭിക്കുക എന്നുള്ളതു് അസാദ്ധ്യമായ ഒരു സംഗതിയാകുന്നു. അപൂൎവ്വം ചിലക്കു് മാത്രം ഇതു സാധിച്ചുവെന്നു വന്നേക്കാം. മററുള്ളവർ ഇതുകണ്ടു് അസൂയപ്പെട്ടിട്ടോ, നിരാശപ്പെട്ടിട്ടോ ആവശ്യമില്ല. ഏതെങ്കിലും ഒരു തൊഴിലിനു മാത്രമാണു് മാഹാത്മ്യമുള്ളതെന്നു് വിചാരിക്കുന്നതു് കേവലം അബദ്ധമാണു്. എല്ലാ ജോലികളും അതതിന്റെ നിലക്കു് വേണ്ടുന്ന മാഹാത്മ്യമുള്ളതാണു്. ഹൈക്കോടതിയിൽ ഏററവും ഉയൎന്ന ഒരു ഉദ്യോഗത്തിൽ പ്രവേശിച്ചു് അതിനെ ശ്രേഷ്ഠമായ വിധത്തിൽ നടത്തിക്കൊണ്ടു് പോരുന്നിടത്തോളം മാഹാത്മ്യം, തന്നെ അടുക്കള ജോലിയിൽ ഏൎപ്പെട്ടു് അതിനെ ശ്രേഷ്ഠമായ വിധത്തിൽ നിൎവ്വഹിക്കുന്ന മറെറാരു മഹതിക്കും ഉള്ളതാണു്. പ്രസ്തുത ജോലികൾ തമ്മിൽ യാതൊരു ബന്ധവുമില്ലെങ്കിലും ഇവ രണ്ടും ഒരുപോലെ അത്യാവശ്യമാണെന്നു് സൂചിപ്പിക്കാൻമാത്രം പ്രസ്താവിച്ചതാണു്. ഇത്തരത്തിൽ പലരുമായി പല ജോലികളും നിൎവ്വഹിക്കാതെ സമുദായത്തിനോ ഒരു വൎഗ്ഗത്തിനോ അഭ്യുദയം സിദ്ധിക്കുന്നതല്ലെന്നുള്ളതു് തീൎച്ചതന്നെ. അതിനാൽ സൎക്കാരുദ്യോഗത്തെമാത്രം ലാക്കാക്കി വിദ്യാഭ്യാസം ചെയ്യുന്നതിനാൽ അതു സാദ്ധ്യമല്ലെന്നു മാത്രമല്ല, ചിലപ്പോൾ തോൽവിയിൽ കലാശിക്കുന്നതിനും ഇടയാകുന്നു.

ലോകത്തിൽ അല്ലെങ്കിൽ ഒരു സമുദായത്തിൽ സ്ത്രീക്കുള്ള സ്ഥാനം സൎവ്വപ്രധാനമായിട്ടുള്ളതാണു്. ഒരു പുരുഷന്റെ ജീവിതോദ്ദേശ്യം തന്നെയാണു് ഒരു സ്ത്രീയുടേയും ജീവിതോദ്ദേശ്യം. സ്ത്രീകൾ വിദ്യാവിഹീനരായിരിക്കുന്നിടത്തോളം കാലം ഒരു സമുദായമൊ ഒരു രാജ്യമൊ മുന്നണിയെ പ്രാപിക്കുന്നതല്ല. ഈ ജനത സ്ത്രീപുരുഷന്മാരെ ഒന്നുപോലെ അധഃപതിപ്പിക്കയാണു ചെയ്യുന്നതു്. ഒരു ശിശുവിന്റെ വിദ്യാഭ്യാസം മാതാവു് ഗൎഭിണിയായിരിക്കുമ്പോൾ തന്നെ ആരംഭിക്കുന്നു. ചീത്ത ഭക്ഷണം കഴിക്കരുതെന്നും, യാതൊരു ദുൎവിചാരത്തിനും ഇടയാക്കരുതെന്നും പറയുന്നതിനു് കാരണം, അതു് ശിശുവിനെ ബാധിക്കുമെന്നുള്ളതിനാലാണു്. ശിശു ജനിച്ചുകഴിഞ്ഞാലും അമ്മയുടെ മുലപ്പാലോടുകൂടി ജ്ഞാനത്തേയും കവൎന്നെടുക്കുന്നു. അതിനാൽ ശരിയായ വിദ്യാഭ്യാസത്തിന്റെ പ്രധാനഉദ്ദേശം പെൺകുട്ടികളെ അവരുടെ ഭാവിജീവിതത്തിലേക്കു് ഒരുക്കുക എന്നുള്ളതാണു്. സ്ത്രീകളുടെ ജീവിതത്തിന്റെ പ്രാധാന്യം പ്രകൃതി അവരിൽ അൎപ്പിച്ചിട്ടുള്ള ഭാവിലോകത്തിന്റെ ജനയിത്രിസ്ഥാനമാണു്. ഒരു സ്ത്രീക്കു് ഏതവസ്ഥയിലും ലോകസേവ ചെയ്യുവാൻ കഴിയുമെങ്കിലും, മാതൃത്വം സ്ത്രീക്കു് പ്രകൃതിദത്തമായിട്ടുള്ളതാകയാൽ വനിതാവിദ്യാഭ്യാസത്തിന്റെ പ്രധാനഉദ്ദേശ്യം പെൺകുട്ടികളെ അവരുടെ ഭാവിജീവിതദശയായ മാതൃത്വത്തിലേക്കു് ഒരുക്കുക എന്നുള്ളതാണു്. ഇന്നത്തെ പെൺകുട്ടികൾ ഭാ

വിയിൽ ഉത്തമപൌരന്മാരുടെ മാതൃത്വം വഹിക്കേണ്ടവരാണെന്നുള്ള കാര്യം പ്രത്യേകം സ്മരിക്കേണ്ടതാണ്. അതിനാൽ അവർ ശരിയായ വിധത്തിൽ ഉള്ള ദേഹശക്തിയോടും, ബുദ്ധിശക്തിയോടും കൂടി വളരേണ്ടവരാണ്. ഇതിലേക്ക് ഇപ്പോൾ നമ്മുടെ രാജ്യത്തു നടപ്പിലിരിക്കുന്ന വിദ്യാഭ്യാസം എത്രത്തോളം യോജിക്കുന്നുണ്ടെന്നുള്ളതിനെപ്പററി അല്പമായി ചിന്തിക്കാം.

പ്രാഥമികം, മദ്ധ്യമം, ഉന്നതവിദ്യാഭ്യാസം ഇങ്ങിനെ മൂന്നു തരമായിട്ടാണ് ആധുനികവിദ്യാഭ്യാസത്തെ വിഭജിച്ചിട്ടുള്ളതു്. ആദ്യം പ്രസ്താവിച്ച രണ്ടുതരം വിദ്യാഭ്യാസവും സാമാന്യനിലയിൽ എല്ലാ സ്ത്രീകൾക്കും അത്യന്താപേക്ഷിതമാകുന്നു. ഈ സാമാന്യവിദ്യാഭ്യാസം കഴിയുന്നതോടുകൂടി പെൺകുട്ടികൾ അവരവർക്ക് വാസനയുള്ള നെയ്ത്തു്, നൂൽനൂല്പു്, ചിത്രമെഴുത്തു്, തുന്നൽപണി, സംഗീതം ഇങ്ങിനെയുള്ള സുകുമാരകലകളിൽ പരിശീലനം ചെയ്യുന്നതു് അവരുടെ ഭാവിജീവിതത്തിന് ഏററവും ഉപകാരപ്രദമായിത്തീരുന്നതാണ്. ഇപ്പോഴത്തെ വിദ്യാഭാസക്രമത്തിൽ ഇതിൽ ചില വിഷയങ്ങളിൽ കുട്ടികൾക്കു് സാമാന്യജ്ഞാനം സിദ്ധിക്കത്തക്ക വിധം പാഠപദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നു് വരുകിലും പ്രായോഗികമായ പരിശീലനത്തിന് അവക്കുള്ള സന്ദർഭം വളരെ അപൂർവ്വമാണ്.

പാശ്ചാത്യരാജ്യങ്ങളിൽ പലേടത്തും ചെറിയ ശിശുക്കളെ അയച്ചു് പഠിപ്പിക്കുന്ന പാഠശാലകൾ ഉണ്ടു്. കിൻറർഗാർട്ടൻ വിദ്യാലയങ്ങൾ എന്നും, നേഴ്സറിവിദ്യാലയങ്ങളെന്നും ഇവയെ പേർ പറഞ്ഞുവരുന്നു. ഇത്തരം പാഠശാലകൾ നമ്മുടെ രാജ്യത്തിലും സ്ഥാപിക്കുന്നതായാൽ വളരെ നന്നായിരിക്കുന്നതാണ്. മൂന്നു വയസ്സിന് മേൽ ആറു വയസ്സുവരെയുള്ള എല്ലാ കുട്ടികളേയും, ജാതിമതവ്യത്യാസം കൂടാതെ ഈ പാഠശാലകളിൽ ചേർക്കണം. ബാലപരിചരണം, കിൻറർഗാർട്ടൻ ഇവയിൽ പ്രത്യേകപരിചരണം സിദ്ധിച്ചവരായിരിക്കണം ഇവിടെ അദ്ധ്യാപികമാരായിരിക്കേണ്ടതു്. സ്വന്തഭവനവും, മാതാപിതാക്കളേയും, സഹോദരങ്ങളേയും വിട്ടു് ജാതിമതഭേദമെന്യേ എല്ലാ കുട്ടികളും ഒരുമിച്ചു സഹവസിച്ചു് പഠിക്കുന്നതിനാൽ ഒരു ഗൃഹത്തിലെ സന്തതികൾ എന്നപോലെ ഒരു സങ്കല്പം ഉള്ളിൽ ഉദിക്കുന്നതിനും, ബാലികാബാലന്മാർ ശിശുപാഠശാല വിട്ടു് മററുയന്നതരം വിദ്യാലയങ്ങളിൽ പ്രവേശിച്ചു് വിദ്യാഭ്യാസം ചെയ്യുമ്പോഴും, ഉന്നതസമത്വവും, സാഹോദര്യവും, പ്രമാണമാക്കിയ ഒരന്തരീക്ഷം അവിടെ സൃഷ്ടിക്കുന്നതിന് ഇടയായിത്തീരുന്നു. അതിനാൽ തിരുവനന്തപുരത്തെങ്കിലും, ഇത്തരം ഒരു ശിശുപാഠശാല ആദ്യമായി സ്ഥാപിക്കുന്നതു് നന്നായിരിക്കും. ഇത്തരം ശിശുപാഠശാലയിൽ എഴുത്തും വായനയും പഠിപ്പിക്കണമെന്നില്ല. കുട്ടികൾക്കുചിതമായ കളികളിലും, വിനോദങ്ങളിലും,

ആയി അവരുടെ സമയം കഴിക്കണം. ഇവ കൂടാതെ കളിസ്ഥലം വെടിപ്പാക്കുക, സാധനങ്ങൾ ക്രമമായി അടുക്കിവെക്കുക, വസ്ത്രവും ദേഹവും ശുചിയായി സൂക്ഷിക്കുക, കളിസാമാനങ്ങൾ ഉണ്ടാക്കുക, കഥ പറയുക. ചിത്രം വരക്കുക, പ്രകൃതിനിരീക്ഷണത്തിന് സന്ദർഭം ഉണ്ടാക്കി ചോദ്യങ്ങൾ ചോദിക്കാനുള്ള ഉത്സാഹം ജനിപ്പിക്കുക ഇവയായിരിക്കണം ശിശുപാഠശാലയിലെ പാഠപദ്ധതി. ശിശുപാഠശാല വിട്ടു കഴിഞ്ഞാൽ ബാലികാബാലന്മാരെ ശരീരത്തിൻെറയും, മനസ്സിൻെറയും വളർച്ചയനുസരിച്ച്, അദ്ധ്യാപികമാരാൽ അദ്ധ്യയനം നടത്തുന്നതിന്, വിദ്യാലയങ്ങളിലേക്ക് അയക്കണം. ഇവിടെ എഴുത്തും വായനയും, പ്രായോഗികമായ രീതിയിലുള്ള കണക്കും, ഇവക്കു പുറമെ ശരീരശാസ്ത്രസംബന്ധമായ ലഘുപാഠങ്ങൾ പ്രകൃതിപാഠങ്ങൾ ഇവയും, അഭ്യസിപ്പിക്കണം. ശുദ്ധവായുസഞ്ചാരമുള്ളതുമായ സ്ഥലത്തു വച്ച് അധ്യയനം നടത്തണം. അതുകഴിഞ്ഞു് ആൺപെൺകുട്ടികൾ തമ്മിൽ വേർതിരിച്ചുള്ള വിദ്യാഭ്യാസം ഏകദേശം ൪-ാംക്ലാസു മുതൽ ആരംഭിക്കാവുന്നതാണ്. ൪-ാംക്ലാസ്സു തുടങ്ങി ഇംഗ്ലീഷും സംസ്കൃതവും ഉപഭാഷയായി ഏർപ്പെടുത്തണം. ഇപ്പോൾ അപൂർവം ചില മിഡിൽസ്കൂളുകളിൽ മാത്രം ഇംഗ്ലീഷ് ഐച്ഛികവിഷയമായി ഏർപ്പെടുത്തിയിട്ടുള്ളതു് മതിയാകുന്നില്ലെന്നാണ് എൻെറ വിനീതാഭിപ്രായം. എല്ലാ വിദ്യാലയങ്ങളിലും, സംസ്കൃതം ഒരു നിർബന്ധവിഷയമാക്കുന്നതിനാൽ ഇൻഡ്യയിലെ ശാസ്ത്രീയമായും സാഹിത്യസംബന്ധമായും, ഉള്ള അമൂല്യസ്വത്തു് നമുക്കു ലഭിക്കുന്നതിനിടയാകുന്നു. ഇപ്പോൾ പ്രാഥമികവിദ്യാലയങ്ങളിലെ പാഠപദ്ധതിയിൽ, ഭാഷ, കണക്ക്, ഭൂമിശാസ്ത്രം, പ്രകൃതിശാസ്ത്രം, ആരോഗ്യശാസ്ത്രം. തയ്യൽ, ഡ്രായിംഗ്, ഡ്രിൽ, ഇവയാണ് ഉൾപ്പെട്ടിട്ടുള്ളതു്.

ഇവിടത്തെ അധ്യാപനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ചെറിയ കുട്ടികളെ അധികം പുസ്തകങ്ങൾ വായിപ്പിച്ചോ, അധികം കണക്കുകൾ ചെയ്യിപ്പിച്ചോ അവരുടെ ബുദ്ധിവികാസത്തെ തടയാതിരിക്കാൻ ശ്രദ്ധിക്കണം. കുട്ടികളെ പഠിപ്പിക്കേണ്ടതു് കൌതുകകരങ്ങളായ ചിത്രങ്ങളൊ മററുപകരണങ്ങളൊ, കാണിച്ചും ഉത്സാഹപ്രദമായ കഥാരൂപത്തിലും ആയിരിക്കണം. അധ്യാപകർ കുട്ടികളോട് ഒരു സഹപാഠിയെപ്പോലെ അല്ലാതെ, അവരെ ഉപദ്രവിച്ചോ ഭയപ്പെടുത്തിയൊ പെരുമാറരുതു്. മിഡിൽസ്കൂൾ പാഠപദ്ധതിയിൽ ചരിത്രവും, ഇംഗ്ലീഷ് ഐച്ഛികവിഷയവും കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഉള്ള വിഷയങ്ങളിൽ നിന്ന് കൂടുതലായി, ഗൃഹഭരണം, ബാലപരിചരണം, പാചകം, രോഗശുശ്രൂഷ, വസ്ത്രംഅലക്കൽ ഈ വിഷയങ്ങൾ കൂടുതലായി പാഠപദ്ധതിയിൽ ഉൾപ്പെടുത്തുന്നതു് നന്നായിരിക്കും. ആൺപെൺകുട്ടികൾ തമ്മിലുള്ള

വിദ്യാഭ്യാസത്തിൻെറ പ്രധാനവ്യത്യാസം ഈ ഭാഗത്തിലാണ് സ്ഥിതിചെയ്യുന്നതു്. ഇപ്പോഴത്തെ പാഠപദ്ധതിയിൽ പെൺകുട്ടികൾക്കായി ഏതാനും വിഷയങ്ങൾ കൂട്ടതലായി ചേർത്തിട്ടുണ്ടെന്നു വരികിലും, അവ പ്രായോഗികമായി വേണ്ടവിധത്തിൽ അഭിവൃദ്ധി പ്രാപിച്ചിട്ടെല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

ഉന്നതവിദ്യാഭ്യാസത്തെപ്പറ്റി പറയുകയാണെങ്കിൽ പബ്ളിക്ക്പരീക്ഷാവിജയമാണ് ഇവിടത്തെ ലാക്ക്. പാഠപദ്ധതി സ്ത്രീകൾക്കും, കുട്ടികൾക്കും ഒന്നുതന്നെയാണ്. തയ്യൽ, സംഗീതം, ഗൃഹഭരണശാസ്ത്രം ഇവ ഐഛികവിഷയമായി എടുത്താൽ മതി. കാളേജ്ക്ലാസ്സുകളിൽ ഇതിനുള്ള അവസരവും അപൂർവ്വമാണ്. ചുരുക്കിപ്പറയുന്നതായാൽ സാഹിത്യപരമായ ഭാഷാജ്ഞാനം മാത്രം സിദ്ധമാകുന്നു. ഇവിടെ പഠിച്ച് പരിഷ്കൃതയായിത്തീന്ന ഒരു യുവതിക്കുതന്നെ, സ്ത്രീധമ്മത്തെ നിവ്വഹിക്കുന്നതിന് തക്ക പ്രായോഗികമായ അറിവുണ്ടാകുന്നില്ലെന്ന് മാത്രമല്ല സ്വഭാഷാപരിജ്ഞാനമില്ലാത്തതിനാൽ അതിനോട്ട് അവജ്ഞ കാണിക്കുന്നതിനുമിടയാകുന്നു. ഇക്കാരണങ്ങളാൽ മററുള്ളവരെ ഭരിക്കുന്നതിനും ഉപദേശിക്കുന്നതിനും, നയിക്കുന്നതിനും വേണ്ട പ്രാപ്തിയും ബുദ്ധിശക്തിയും, ഉള്ള പെങ്കുട്ടികളെ മാത്രം ഉയന്നതരം വിദ്യാഭ്യാസത്തിലേക്ക് പ്രവേശിപ്പിച്ചാൽ ആയതു് സമുദായത്തിനൊരനുഗ്രഹമായിത്തീരുന്നതാണ്.

ഇപ്പോൾ പാഠശാലകളിൽ ശരിയായവിധം ശ്രദ്ധിച്ചുപോരുന്നില്ലാത്ത വേറൊരു വിഷയം കായികാഭ്യാസമാകുന്നു. കായികാഭ്യാസം ദേഹശക്തിക്കെന്നപോലെ ബുദ്ധിവികാസത്തിനും അത്യന്താപേക്ഷിതമായ മറെറാരു വിഷയമാണ്. "ദൃഢബുദ്ധിയിൽ ദൃഢമനസ്സ്" എന്നാണല്ലോ ആപ്തവാക്യം. ശരീരം ശരിയായ വളർച്ചയെ പ്രാപിക്കുന്നതിന് വ്യായാമം കൂടാതെ കഴികയില്ല.

ശാസ്ത്രപ്രകാരം സന്താനമില്ലാത്ത സ്ത്രീകൾക്ക് ജന്മസാഫല്യമില്ലെന്നാണു വച്ചിരിക്കുന്നതു്. ദേഹശക്തിയില്ലാത്ത മാതാവിൻെറ കുട്ടികൾ അശക്തരും രോഗപീഡിതരും ആയി തീരുന്നതു കൂടാതെ സമുദായം അധഃപതിക്കുന്നതിനും ഇടയാക്കുന്നു. അതിനാൽ ദേഹശക്തിക്ക് വേണ്ടതു പ്രവത്തിക്കേണ്ടതു് എല്ലാവരുടേയും കത്തവ്യകമ്മമാകുന്നു. ഇൻഡ്യയിലെ ക്ഷയരോഗവിദഗ്ദ്ധനായ ഡാക്ടർ സി. മുത്തു അവർകൾ സ്ത്രീകളെ പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"സ്ത്രീകളുടെ ഇടയിൽ ഗർഭത്തിലെ മരണം, ശിശുമരണം ഇവകളുടെ വദ്ധനവ് ഭയങ്കരമായിരിക്കുന്നു. നമ്മുടെ സ്ത്രീകൾക്ക് ഉയർച്ച ഉണ്ടാവാത്ത പഠിപ്പ് ആവശ്യമില്ല. അവർ സദാ പുസ്തകവുമായി കഴിയുന്നതിനാൽ ശരീരബലം ഇല്ലാതെയാകുന്നു. ഒരു പ്രസവം കഴിഞ്ഞാൽ

ക്ഷയരോഗവും പിടിപെടുന്നു. ഉന്നതവിദ്യാഭ്യാസം ചെയ്ത ഭാരതീയ സ്ത്രീകളേക്കാൾ നല്ല അറിവുള്ള വൈദികസ്ത്രീകൾ തന്നെയാണ് ഉയന്നവർ എന്ന് ഞാൻ പറയുന്നു. അറിവ് സമ്പാദിച്ചവരായും, കുഡുംബകാര്യങ്ങൾ അന്വേഷിക്കുന്നവരായുമുള്ള സ്ത്രീകൾ തന്നെയാണ് ഇൻഡ്യക്ക് ആവശ്യം. കുഡുംബത്തിലെ സ്ത്രീകൾ സമത്ഥകളും കുട്ടികളുടെ ക്ഷേമത്തിൽ വളരെ ആഗ്രഹമുള്ളവരും ആയിരിക്കണം.''

അതിനാൽ ഭാവിയിൽ ഉത്തമപൌരന്മാരെ സൃഷ്ടിക്കേണ്ട ഇന്നത്തെ വനിതകൾ ദേഹശക്തിക്കു വേണ്ടി പ്രവൃത്തിക്കേണ്ടതു് അവരുടെ പ്രധാനകത്തവ്യമായി കരുതണം. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച നമ്മുടെ സഹോദരിമാരിൽ അധികംപേരും ആരോഗ്യമില്ലാത്തവരായിട്ടാണ് കാണുന്നതു്. വിദ്യാഭ്യാസം ചെന്നതിൻെറ പൂണ്ണഫലം സിദ്ധിക്കണമെങ്കിൽ അവർ അരോഗദൃഢഗാത്രരായിരിക്കേണ്ടതാണ്.

ഇതിനെ ആടിസ്ഥാനപ്പെടുത്തിയാണ് ശിശുസംരക്ഷണസംഘം, വിദ്യാത്ഥിനികളുടെ ദേഹപരിശോധന മുതലായ പ്രസ്ഥാനങ്ങൾ, സ്കൂളുകളിൽ ഉണ്ടായിട്ടുള്ളതു്. ആരോഗ്യതത്വമനുസരിച്ച് പാഠശാലകളിൽ കായികപരിശീലനം ഏപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഈ വിഷയത്തിൽ അദ്ധ്യാപകർ വേണ്ടപോലെ ശ്രദ്ധിക്കാത്തതു് പരിതാപകരം തന്നെ.

സന്മാഗ്ഗതത്വബോധവും അദ്ധ്യേതാക്കളിൽ ഉണ്ടാക്കിത്തീക്കേണ്ടതു് അധ്യാപകരുടെ പ്രധാനജോലിയാകുന്നു. സന്മാഗ്ഗനടപടികൾക്ക് അധ്യാപകർ തന്നെ ഉത്തമദൃഷ്ടാന്തമായി തീരേണ്ടതാണ്. അധികസമയവും അധ്യാപകരുമായി ഇടപെടേണ്ട കുട്ടികൾ അവരെ അനുകരിക്കുമെന്നുള്ളതിന് സംശയമില്ല. അതിനാൽ അവർ പൂത്തിയായ സൽഗുണങ്ങളോടു കൂടി ഇരിക്കേണ്ടതാണ്. അധ്യാപകക്ക് വേണ്ടതായ ഗുണങ്ങൾ ഉത്സാഹശീലം, പ്രസന്നത, ദയ, സ്നേഹം, കൃത്യനിഷ്ഠ, സഹനശക്തി, ക്ഷമ, പരിശ്രമശീലം ഇവയാകുന്നു. കുട്ടികൾ ഇന്ന തരക്കാരാണെന്ന് മനസ്സിലാക്കി പ്രവൃത്തിക്കുന്നതിനുള്ള വിവേചനാശക്തി അവക്ക് ആവശ്യം വേണ്ടതായ ഒരു പ്രധാനഗുണമാണ്. മേൽ പ്രസ്താവിച്ച ഗുണങ്ങളോടുകൂടിയ ഉപാദ്ധ്യായരെ ലഭിക്കുന്നതിൽ കൂടുതലായ ഒരനുഗ്രഹം പാഠശാലകൾക്ക് സിദ്ധിക്കാനില്ല.

മതപഠനം, പാഠശാലയിൽനിന്ന് ബഹിഷ്ക്കരിച്ചിരിക്കുന്നതിനാൽ നമ്മുടെ പെൺകുട്ടികൾ ദൈവചിന്ത കൂടാതെ വെറും ഭൌതികസുഖത്തെ മാത്രം ലാക്കാക്കി ജീവിതം നയിക്കാനിടയായി തീരുന്നതിനാൽ അങ്ങിനെയുള്ളവരുടെ സന്താനങ്ങൾ ആത്മീയചിന്ത കൂടാതെ വളരുന്നതിന് ഇടയാകുന്നതു ശോചനീയമാകുന്നു. ഇങ്ങിനെ ഓരോന്നും ചൂണ്ടിക്കാണിക്കുന്നതിന് എനിക്കു അനുവദിച്ചിട്ടുള്ള സമയം തീരെ പരിമിതമാകയാൽ

പെൺകുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ മാതാക്കൾക്കുള്ള ഗൗരവമേറിയ ചുമതലയെപ്പററി പ്രസ്താവിച്ചുകൊണ്ടു് ഇതവസാനിപ്പിച്ചുകൊള്ളുന്നു.

പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ വിമുഖരായ മാതാപിതാക്കൾ നാട്ടിൻപുറങ്ങളിലും മററും ഇപ്പോഴും ധാരാളം കാണ്മാനുണ്ടു്. കുട്ടികൾ തങ്ങളെ അസഹ്യപ്പെടുത്തുമെന്നു വിചാരിച്ചു് അവരെ പാഠശാലയിൽ പറഞ്ഞയക്കുന്നവരുടെ സംഖ്യയും ദുർല്ലഭമല്ല. അദ്ധ്യാപകർ എങ്ങിനെ കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ ശ്രദ്ധിക്കണമെന്നു് വിചാരിക്കുന്നുവോ അതിലും ഉപരിയായി് മാതാപിതാക്കൾ ശ്രദ്ധിക്കാനുള്ളതാകുന്നു. അതിനാൽ എല്ലാ മാതാക്കളും, പ്രത്യേകം ചുമതലബോധത്തോടുകൂടി തങ്ങളുടെ പെൺകുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ മനസ്സുവയ്ക്കുന്നതിന്നു് ഞാൻ ഈ അവസരത്തിൽ അവരെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ഇപ്രകാരം ഓരോ വിധത്തിലും ശ്രദ്ധിച്ചു് വിദ്യാഭ്യാസം നടത്തുന്നതായാൽ ബുദ്ധിശക്തിയിലും, ആരോഗ്യത്തിലും, സന്മാർഗ്ഗനിഷ്ഠയിലും എന്നു വേണ്ട, ജീവിതത്തിന്നത്യാവശ്യം വേണ്ട സകല കാര്യങ്ങളിലും ഉന്നതി പ്രാപിക്കുന്നതും, തന്നിമിത്തം നിങ്ങൾക്കും, മററുള്ളവർക്കും നന്മയും സുഖവും, സന്തോഷവും സംതൃപ്തിയും വളർത്താവുന്നതും പ്രസിദ്ധആംഗ്ലകവിയായ ലോംഗ് ഫെല്ലൊ (Long fellow) എന്ന മഹാൻ എഴുതിയിട്ടുള്ള ജീവിതഗീതത്തെ പ്രമാണമാക്കി ജീവിച്ചു് ഓരോ ഗൃഹത്തേയും, സ്വർഗ്ഗതുല്യമാക്കിത്തീർക്കാവുന്നതുമാകയാൽ മാന്യസഹോദരിമാർ ശ്രദ്ധിക്കണമെന്നുള്ള പ്രാർത്ഥനയോടുകൂടി ഞാൻ ഇതു് ഉപസംഹരിച്ചുകൊള്ളട്ടെ.


# വില്പാനുണ്ടു്.

| | |
|---|---|
| പ്രണയപാശം നോവൽ | 1—8—0 |
| വീരമാർത്താണ്ഡൻ | 1—8—0 |
| ലീലാതിലകം | 1—8—0 |

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ

കൃതികൾ 1, 2, 3, 4, ഭാഗങ്ങൾ.

'ഈശ്വരവിലാസം' പുസ്തകശാല

പറവൂർ.

# അദ്ധ്യാപകന്മാരുടെ പ്രാവിഡണ്ടുഫണ്ടു്.

(1)

ഈ തലക്കെട്ടോടുകൂടിയ ഒരു ചെറുലേഖനം മുഞ്ചിറ അദ്ധ്യാപകയോഗം സിക്രട്ടറി ശ്രീമാൻ എസ്സ്. നീലകണ്ഠയ്യർ അവർകൾ കഴിഞ്ഞ ഗുരുനാഥനിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു് വായനക്കാർ വിസ്മരിച്ചിരിക്കയില്ലല്ലൊ. അദ്ദേഹം പതിനഞ്ചു നിർദ്ദേശങ്ങൾ ചിന്തകന്മാരുടെ ആലോചനക്കായി സമർപ്പിച്ചിട്ടുണ്ടു്. അവ ഓരോന്നിനെപ്പററിയും വിമർശിച്ചു് അഭിപ്രായം പറവാൻ ഇപ്പോൾ ഞാൻ ഉദ്യമിക്കുന്നില്ല. അർദ്ധപ്പട്ടിണിക്കാരായ വർണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാർക്കു് അവർ പെൻഷ്യൻ പററി പിരിയുമ്പോഴോ ജോലിയിലിരുന്നു മരിക്കുമ്പോഴോ കുടുംബാരിഷ്ടശാന്തിക്കു് ഒരു ഗണ്യമായ തുക ലഭിക്കത്തക്ക ഒരേർപ്പാടുണ്ടായാൽ അതു് അവർക്കു് ഒരനുഗ്രഹമായിരിക്കുമെന്നതിനു് സംശയമില്ല. കാര്യക്ഷമമായി ജോലിചെയ്യുന്നതിലേക്കു് ഈ ഏർപ്പാടു പ്രത്യേക പ്രേരണയായിരിക്കുന്നതുമാണു്. മിസ്റ്റർ നീലകണ്ഠയ്യർ ഗവമ്മെൻറു് സ്കൂൾ അദ്ധ്യാപകന്മാരെ മാത്രമെ അനുഭാവത്തോടുകൂടി നോക്കുന്നുള്ളു. ഒപ്പിട്ടു കൊടുക്കുന്ന തുകയുടെ പകുതിയൊ കൂടിയാൽ മൂന്നിൽ രണ്ടോ—വെക്കേഷൻകാലത്തു് ഒന്നുമില്ല—വാങ്ങി എത്ര കാലം ജോലി നോക്കിയാലും പെൻഷ്യനൊ മററു ആനുകൂല്യമൊ ഇല്ലാതെ വെറും കയ്യായി ഇറങ്ങിപ്പോകേണ്ടിവരുന്ന ഗ്രാൻറു സ്കൂൾ അദ്ധ്യാപകന്മാരുടെ കുടുംബരക്ഷയേയും പ്രത്യേകം കരുതാനുള്ളതാകുന്നു. തിരുവിതാംകൂറിൽ എക്സൈസ് ഡിപ്പാർട്ടുമെൻറു് സിൽബന്ധികൾക്കു് താങ്ങായി ഒരു പ്രാവിഡണ്ടുഫണ്ടു് ഏർപ്പാടു് ആ ഡിപ്പാർട്ടുമെൻറു് മേധാവിയുടെ ചുമതലയിൽ തുടങ്ങിയിട്ടുണ്ടെന്നു് അറിയുന്നു. അവരേക്കാൾ വിപുലമായ ഒരു സമുദായമാണല്ലൊ അദ്ധ്യാപകന്മാർ. വിശേഷിച്ചു് വിദ്യാഭ്യാസമുള്ളവരുമാണു്. അതുകൊണ്ടു് അദ്ധ്യാപകരക്ഷയെക്കരുതി പ്രാവിഡണ്ടുഫണ്ടു് ഏർപ്പാടു കഴിയുന്ന വേഗം നടപ്പിൽവരുത്തുന്നതിനു് ദീനദയാലുവായ ചീഫ് ഇൻസ്പെക്ടർ അവർകൾ ശ്രമിക്കുമെന്നു് വിശ്വസിക്കുന്നു. ഏതാനും അദ്ധ്യാപകയോഗങ്ങളിൽ നിന്നു് ഈ ഏർപ്പാടു നടപ്പിൽ വരുത്തുന്നതിനു് അദ്ധ്യാപകന്മാർ മെമ്മോറിയൽ സമർപ്പിച്ചിട്ടുള്ളതായും ഞാൻ അറിഞ്ഞിട്ടുണ്ടു്. ഗ്രാൻറുസ്കൂളുകൾ ഉൾപ്പെടെ പന്തീരായിരത്തിൽ പരം നാട്ടുഭാഷാദ്ധ്യാപകന്മാരുണ്ടെന്നാണു് എൻെറ അറിവു്. ഇത്ര വിപുലമായ ഒരു സംഘത്തെ നിയന്ത്രിച്ചു് കേന്ദ്രീകരിക്കുന്നതിനു ഡിപ്പാർട്ടുമെൻറ് മേധാവിയുടെ മനഃപൂർവമായ ശ്രമം ആവശ്യമാകുന്നു. അനുദ്യോഗസ്ഥമാന്യന്മാരെ ഇതിലേക്കു് വലിച്ചിടണമെന്നു തോന്നുന്നില്ല. അദ്ധ്യാപകന്മാരെക്കൊണ്ടു പ

ണ്ണിയെടുപ്പിച്ച് ശമ്പളം കൊടുക്കുന്നതു പോലെ ഇതും ഒരു ഡിപ്പാർട്ടുമെൻറു കാൎയ്യമായിത്തീരണം. ഓരോ ഡിസ്ത്രീക്റ്റിലേയും അസിസ്റ്റൻറു ഇൻസ്പെക്ടർമാർ മുഖാന്തിരം ആളൊന്നിന് രണ്ടര രൂപ വീതം സംഭാവന പിരിച്ചാൽ മുപ്പതിനായിരം രൂപയിൽ കുറയാതെ ഒരു മൂലധനം ലഭിക്കും. അതു ശരിയായ പലിശക്കിട്ട് വൎദ്ധിപ്പിക്കുക. ഒരു അദ്ധ്യാപകൻ മരിച്ചൊ പെൻഷ്യൻപററിയൊ, ന്യായമായ മാൎഗ്ഗേണ അല്ലാതെ ജോലി വിട്ടു പോകയൊ ചെയ്യുമ്പോൾ ആളൊന്നിന് കാൽ രൂപാ വീതം ഒരു സംഭാവന പിരിച്ച് പത്തുകൊല്ലം സൎവീസുകാരന് ൧൦൦, പതിനഞ്ചു കൊല്ലക്കാരന് ൨൦൦, ഇരുപതൊ അധികമൊ കൊല്ലം സൎവീസിലിരുന്നവൎക്ക് ൪൦൦൦ എന്നീ ക്രമത്തിന് ഒരു സംഭാവനകൊടുത്തു പിരിക്കുക. കാൽ രൂപ വീതം പിരിഞ്ഞുകിട്ടുന്ന തുക ൩൦൦൦-ൽ കുറയുകയില്ലെന്നുള്ളതു കൊണ്ട് പിരിഞ്ഞുപോകുന്ന അദ്ധ്യാപകനു കൊടുക്കുന്നതുകഴിച്ച് ബാക്കി മൂലധനത്തോടു ചേൎത്ത് മുതൽക്കൂട്ടുകയും ചെയ്യാം. മരണമൊ പെൻഷ്യനൊ ദൈനംദിനസംഭവമല്ലാത്തതുകൊണ്ട് ഇതു അദ്ധ്യാപകന്മാൎക്ക് വഹിക്കത്തക്കതാണ്. വിശേഷിച്ച് ഗവൎമ്മെൻറിലേക്കു യാതൊരു ചിലവുമില്ല. തൽക്കാലം എനിക്കിത്രമാത്രമെ ഇതിനെപ്പററി അഭിപ്രായം പറയാനുള്ളു. ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരെ പുറന്തള്ളാക്കി നിറുത്തിയിട്ടുള്ള ഒരു പ്രാവിഡണ്ടുഫണ്ട് ഏൎപ്പാടു നാട്ടുഭാഷാദ്ധ്യാപകലോകത്തിന് ആശ്വാസപ്രദമൊ അഭിമാനകരമൊ അല്ല.

ഡി. ഗോവിന്ദൻ കൎത്താ

(II)

മേൽകാണുന്ന അഭിധാനത്തിൽ കഴിഞ്ഞ ലക്കം "ഗുരുനാഥ"നിൽ ചേൎത്തിരുന്ന ലേഖനം വായിച്ചു. ചുരുങ്ങിയ ശമ്പളക്കാരായ മലയാളം സ്കൂൾ അദ്ധ്യാപകന്മാരുടേയും അവരുടെ കുടുംബങ്ങളുടേയും രക്ഷക്ക് വ്യവസ്ഥാപിതമായ എന്തെങ്കിലും ഏൎപ്പാടുകൾ ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്. എക്സൈസ് ഡിപ്പാൎട്ടുമെൻറിൽ അടുത്തകാലത്തു് നടപ്പിൽ വരുത്തിയിട്ടുള്ള സഹായധനഏൎപ്പാടുകളാണ് കുറെക്കൂടെ സ്വീകാൎയ്യമായി എനിക്കു തോന്നുന്നതു്. ഓരോ അംഗങ്ങളിൽനിന്നും മാസമൊന്നിന് ഒരു രൂപ വീതം പത്തുരൂപ പിരിച്ച് ഒരു ശാശ്വതനിധി സ്ഥാപിച്ചിട്ടുള്ളതിനു പുറമെ ഒരാൾ മരിക്കുകയൊ പെൻഷൻ പററുകയൊ ചെയ്യുമ്പോൾ ഡിപ്പാൎട്ടുമെൻറിലെ ജീവനക്കാരും പ്രസ്തുതസമിതിയിലെ അംഗങ്ങളുമായ ആളുകളിൽ നിന്നും ഒരു രൂപാ വീതം പിരിച്ച് ആയിരം രൂപ അവകാശികൾക്കൊ പെൻഷ്യൻ പററിയ ആളുകൾക്കൊ കൊടുക്കു

കയാണ് എക്സൈസ് ഡിപ്പാർട്ടുമെൻറിലെ പതിവെന്നാണറിയുന്നതു്. ഈ സമ്പ്രദായം വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലും സ്വീകരിക്കുന്നതു പ്രയോജനകരമല്ലയോ.? മലയാളം ശാഖയിൽ സ്ഥിരാധ്യാപകന്മാർ അധികമുള്ള സ്ഥിതിക്ക് ഒരു രൂപയിൽ കുറഞ്ഞ സംഖ്യ ആവശ്യം വരുമ്പോൾ പിരിച്ചാലും ധാരാളം മതിയാകുന്നതാണ്.

ഈ കാര്യങ്ങൾ എല്ലാം വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നു തന്നെ നടത്തുന്നതു് നന്നായിരിക്കും. ഇതുസംബന്ധിച്ച സംഗതികൾക്കു പുറമെനിന്നും ഭരണാധികാരികളും ഒരു പ്രത്യേകസംഘവും ഉണ്ടാകാതിരിക്കയാണ് നല്ലതെന്നു തോന്നുന്നു. എഡ്യൂക്കേഷൻ ഡിപ്പർട്ടുമെൻറിലെ മലയാളം വകുപ്പിലെ പ്രധാനമേലധികാരിയായ ചീഫ് ഇൻസ്പെക്ടർ തന്നെ ഇതിൻെറ ഭരണകർത്തൃത്വം കയ്യേൽക്കുന്നതു് പല പ്രകാരത്തിൽ ഗുണകരമായിരിക്കും. ഗ്രാൻറുസ്കൂളുകളിലെ സ്ഥിരാധ്യാപകന്മാർക്കും ഇതിൽ പ്രവേശനം അനുവദിക്കേണ്ടതാണ്.

പ്രസ്തുതസംഗതികളുടെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി താഴെ നിർദ്ദേശിക്കുന്നന്ന മാർഗ്ഗങ്ങൾ അധ്യാപകന്മാർ അനുവർത്തിക്കുന്നതു് ഫലപ്രദമായിരിക്കുമെന്ന് വിശ്വസിക്കുന്നു.

ക. മേൽപ്രസ്താവിച്ച വിധത്തിലുള്ള ഒരു സഹായധനനിധി ഏർപ്പാട്ട് ഡിപ്പാർട്ടുമെൻറിൽനിന്നും നടപ്പിൽവരുത്തേണ്ടതാണെന്ന് ഓരോ അധ്യാപകസംഘത്തിൽനിന്നും ഒരു നിശ്ചയം പാസാക്കി അസിസ്റ്റൻറു ഇൻസ്പെക്ടർ ആപ്പീസുവഴി മേലധികാരത്തിൽ അയക്കുക.

വ. ഏതാനും അധ്യാപകന്മാർ, മെസ്സേഴസ് ആർ. ഈശ്വരപിള്ള, എം. രാമവർമ്മതമ്പാൻ, ആർ. കൃഷ്ണസ്വാമി അയ്യർ, ഒ. എം. ചെറിയാൻ മുതലായ പെൻഷ്യൻറു ഉദ്യോഗസ്ഥന്മാരെ കണ്ടു് വേണ്ട ആലോചനകൾ ചെയ്തു പ്രായോഗികമാർഗ്ഗങ്ങൾ അറിഞ്ഞതിനു ശേഷം മലയാളം സ്കൂൾ അധ്യാപകന്മാരുടെ രക്ഷക്കുവേണ്ടി തക്കതായ ധനസഹായനിധിഏർപ്പാട്ടുകൾ ചെയ്യുന്നതിന് വേണ്ട ഒത്താശകളും ശ്രമങ്ങളും ചെയ്യണമെന്ന്, ചീഫ് ഇൻസ്പെക്ടർ അവർകളെയും ഡയറക്ടർ അവർകളെയും അഭിമുഖമായി കണ്ടു് അപേക്ഷിക്കണം. ഈ സംഗതി കാര്യക്ഷമമായി നടത്തുന്നതിന് അറിഞ്ഞിട്ടുള്ളിടത്തോളം മാർഗ്ഗങ്ങൾ അവരുടെ ദയാപൂർവ്വമായ ആലോചനക്കായി സമർപ്പിക്കുകയും ചെയ്യുക.

ന. പൊതുജനപ്രതിനിധികളും അധ്യാപകന്മാരോട്ട് അനുകമ്പയുള്ളവരുമായ നിയമസഭാസാമാജികന്മാരെ കണ്ടു് ഈ കാര്യം ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, ഇതിനു് അനുയോജ്യമായ ര

ർഗ്ഗങ്ങൾ നിർദ്ദേശിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും വിദ്വാന്മാരും മലയാളം സ്കൂൾ അദ്ധ്യാപകന്മാരുടെ പ്രതിനിധികളും അടങ്ങിയ ഒരു കമ്മററിയെ ഉടനെ നിയമിക്കുന്നതിന് ബഹുമാനപ്പെട്ട ഗവർമ്മെൻറിനോട് അപേക്ഷിക്കുകയും ചെയ്യുക.

വിദ്വാൻ കെ. വി. അയിപ്പ്.

# അദ്ധ്യക്ഷപ്രസംഗം

## സമസ്തകേരളസാഹിത്യപരിഷത്തിന്റെ അഞ്ചാമത്തെ യോഗം

(മൂക്കോത്തു കുമാരൻ)

വിദ്വജ്ജനങ്ങളാലും മഹാകവികളാലും സവിശേഷം അലങ്കരിക്കപ്പെട്ട ഈ മഹാസഭയെ ഞാൻ സവിനയം വന്ദിക്കുന്നു.

സമസ്തകേരളസാഹിത്യപരിഷത്തിൻെറ അഞ്ചാമത്തെ സംവത്സരോത്സവത്തിൽ പ്രവർത്തകന്മാർ, എന്നെ ഈ മഹാസദസ്സിൽ ആദ്ധ്യക്ഷം വഹിക്കുവാൻ ക്ഷണിച്ചു ബഹുമാനിച്ചതിന് ഞാൻ അവരോടു ഏററവും കൃതജ്ഞനായിരിക്കുന്നു. ഈ സ്ഥാനം വഹിക്കുവാൻ എന്നേക്കാൾ എത്രയോ അധികം യോഗ്യതയുള്ളവർ കേരളത്തിൽ അനേകം മാന്യന്മാർ ഉണ്ടെന്ന് ഞാൻ നല്ലവണ്ണം അറിയുമെങ്കിലും ആ ഒരു കാരണം നിമിത്തം പരിഷത്തിൻെറ പ്രവർത്തകന്മാരുടെ അപേക്ഷയെ നിരസിക്കേണ്ടതു ആവശ്യമാണെന്ന് എനിക്കു അഭിപ്രായം ഉണ്ടായിട്ടില്ലെന്ന് സമ്മതിക്കുന്നു.

ഏകകാര്യമഥവാ ബഹുത്ഥമാ-
മേകഹേതുബഹുകാര്യകാരിയാം.

എന്ന പ്രമാണമനുസരിച്ച് എന്നെ അദ്ധ്യക്ഷനായി ക്ഷണിച്ചതിന്നു പലേ കാരണങ്ങളും ഉണ്ടായേക്കാം. അവയൊക്കെ ഞാൻ നിമിത്തമേ സാധിക്കുകയുള്ളുവെന്നാണെങ്കിൽ പരിഷത്തിൻെറ പ്രവർത്തകന്മാരുടെ ഉദ്ദേശ്യസാദ്ധ്യത്തിനു വിഘ്നം വരുത്തുന്നതു് അവരുടേയും കൈരളിയുടേയും നേരെ ഞാൻ ചെയ്യുന്ന അപരാധമായിരിക്കുമെന്നും ഭാഷയ്ക്കുവേണ്ടി അണ്ണാക്കണ്ണനെപ്പോലെ തന്നാലാവുംവണ്ണം വല്ലതും ചെയ്തുകൊണ്ടിരിക്കുന്ന എനിക്കു് അതു് ഒരു പാപകാരണമായിത്തീരുമെന്നും ഞാൻ വിചാരിച്ചു. ഏതായാലും ആദ്ധ്യക്ഷം വഹിക്കാമെന്ന് ഞാൻ സമ്മതിക്കുകയും അതനുസരി

ച്ച് ഇവിടെ വരികയും ഇങ്ങിനെ വല്ലതും പ്രസംഗിക്കുകയും ചെയ്യുതുകൊണ്ടുതന്നെ പരിഷൽപ്രവൎത്തകന്മാൎക്കുവേണ്ടി ചെയ്യുവാൻ ബാദ്ധ്യതപ്പെട്ടവയൊക്കെ ചെയ്തുകഴിഞ്ഞിരിക്കുന്നുവെന്ന് എനിക്കു കൃതാൎത്ഥനാകാവുന്നതാണ്. എന്നാൽ എന്റെ പ്രസംഗം അവർ ഊഹിച്ചവിധം നന്നാകാതെയൊ സന്ദർഭോചിതമല്ലാതെയൊ ആകയും സഭാനടപടികൾ ശരിയായി നിയന്ത്രിക്കുവാൻ എനിക്കു സാധിക്കാതാകുകയും ചെയ്യുന്നതായാൽ അതിനുള്ള തെററുകാരനൊ കുററക്കാരനൊ ഞാനായിരിക്കയില്ലല്ലൊ. പഞ്ഞിയേക്കാൾ വെളുപ്പു നൂലിനു സിദ്ധിക്കയില്ലെന്നു അവർതന്നെ അറിയേണ്ടതായിരുന്നു. ഈയുള്ളവനാൽ സാദ്ധ്യമാവുന്നതു് എന്താണെന്നു് ശരിയായി മുൻകൂട്ടി മനസ്സിലാക്കുവാൻ സൎവപ്രകാരത്തിലും സൌകൎയ്യം സിദ്ധിച്ച സഹൃദയന്മാരാണല്ലൊ എന്നെ ഈ സ്ഥാനത്തേക്കു ക്ഷണിച്ചിട്ടുള്ളതു്. വിശേഷിച്ചും സാഹിത്യപരിഷത്തിന്റെ വാർഷികോത്സവത്തിന്റെ ഒരു സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കാനുള്ള ബഹുമതി ഒരിക്കൽ എനിക്ക് ഉണ്ടായിരുന്നതിനാൽ ഈ അവസരത്തിലും എന്നെ ക്ഷണിച്ചതിൽ, ക്ഷണിച്ചവരുടെ ഉത്തരവാദിത്വത്തെപ്പററി ആക്ഷേപിക്കുന്നവൎക്ക്, അങ്ങിനെ ചെയ്യാനുള്ള കാരണത്തിന് ശക്തി വൎദ്ധിച്ചിരിക്കുമെന്നും ഈ യോഗത്തിന്റെ പ്രവൎത്തകന്മാർ അറിയാതിരിക്കുമോ.? ഈ സ്ഥാനം സ്വീകരിക്കുന്നതിന് എനിക്കുണ്ടായ കാരണങ്ങൾക്കു ശക്തി വൎദ്ധിപ്പിച്ചതും അതുതന്നെയാണെന്ന് വിനയത്തോടുകൂടിയാണെങ്കിലും ധൈൎയ്യത്തോടുകൂടി പറഞ്ഞുകൊള്ളുന്നു.

ഇങ്ങിനെ സമസ്തകേരളസാഹിത്യപരിഷത്തിന്റെ അഞ്ചാംവാൎഷികമഹോത്സവത്തിൽ ഗദ്യപരമായ സംഗതികളെ പ്രതിപാദിക്കുന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കാൻ ക്ഷണിക്കപ്പെട്ട ആളുടെ എല്ലാ കുറവുകൾക്കും ഇതിന്റെ പ്രവൎത്തകന്മാരെ ഉത്തരവാദപ്പെടുത്തിക്കൊണ്ട്, എനിക്കു പറയാനുള്ളതു് ഏററവും താഴ്മയോടുകൂടി പറഞ്ഞുകൊള്ളുന്നു. ദുൎബലംവാ സുബലംവാ എല്ലാം ക്ഷമയോടുകൂടി കേൾക്കണമെന്ന്, മഹാകവികളും വിദ്വജ്ജനങ്ങളും വിമൎശനപടുക്കളും അടങ്ങിയ സദസ്യരോട് കൈകൂപ്പി അപേക്ഷിക്കുന്നു:

ജന്മനാ ദരിദ്രരാണെന്ന് ഒരു പഴഞ്ചൊല്ലായി പറയപ്പെടുന്ന വിദ്വജ്ജനങ്ങൾ വരിയിട്ടു പണംപിരിച്ച് ഈവക സമ്മേളനങ്ങൾ കൊണ്ടാടുന്നതു കാണുന്നവൎക്ക് ഭോജരാജപ്രഭൃതികളെ ഓൎമ്മവരുന്നതു സാധാരണമാണ്. നമ്മുടെ ഗവൎമ്മെന്റും മഹാരാജാക്കന്മാരും മാതൃഭാഷാഭിവൃദ്ധിക്ക് പലതും ചെയ്യുന്നുണ്ടെങ്കിലും കൊല്ലത്തിൽ ഒരിക്കൽ ഇങ്ങിനെ ഒരു സമ്മേളനം അത്യാവശ്യമാണെന്നുള്ള അഭിപ്രായം ഭാഷാപോഷിണിസഭയുടെ ആരംഭം മുതല്ക്കേ ഈ രാജ്യത്തെ വിദ്വാന്മാർ പ്രത്യക്ഷപ്പെടുത്തീട്ടുള്ളതാ

ണ്. അതിലേക്ക ഗവമ്മെൻറുകളുടേയൊ മഹാരാജാക്കന്മാരുടേയൊ പ്രത്യേകസഹായമൊ വിശേഷവിധിയായ വല്ല അനുഭാവമൊ ഉണ്ടായതായി എനിക്ക് അറിവില്ല. അതിന്നു നിയമനഭാഗങ്ങളൊ വേറെ വല്ലവരുമൊ, ആവശ്യപ്പെട്ടതായും അറിയുന്നില്ല.

സാഹിത്യപരിഷത്ത്, കൊല്ലംതോറും നടത്തപ്പെടുന്ന ഒരു ഉത്സവവും വെടിക്കെട്ടും പോലെയല്ലാതെ, അതിനെക്കൊണ്ട് വലിയ പ്രയോജനമൊന്നും ഭാഷക്ക് ഉണ്ടാകുന്നില്ലെന്ന് ആക്ഷേപിക്കുന്നവരുണ്ട്. അവർ ആക്ഷേപത്തിൽ ഉപയോഗിച്ച ഉപമയെ സംവേദിക്കുകതന്നെയാണ് ഞാനും ചെയ്യുന്നത്. കൈരളീദേവിയുടെ ക്ഷേത്രത്തിൽ നിത്യപൂജ മൂന്നു ഗവമ്മെൻറും അഥവാ പരന്ത്രീസുകാരെക്കൂടി ഉൾപ്പെടുത്തിയാൽ ർ ഗവമ്മെൻറും ചെയ്തുപോരുന്നുണ്ട്. വിദ്യാലയങ്ങൾ ഏർപ്പെടുത്തുകയും അവയിൽ പഠിപ്പിക്കുവാൻ പാഠ്യപുസ്തകങ്ങൾ നിശ്ചയിക്കുകയും പണ്ഡിതന്മാരെ നിയമിക്കുകയും ചെയ്തുകൊണ്ടുള്ള ഈ പൂജ നിത്യം നിർവിഘ്നമായിത്തന്നെ നടന്നുകൊണ്ടിരിക്കുന്നു. ശാന്തിക്കാരായ അദ്ധ്യാപകന്മാരുടേയും പുഷ്പകന്മാരായ പാഠപുസ്തകകമ്മിററിക്കാരുടേയും തന്ത്രികളായ പരീക്ഷകന്മാരുടേയും ദോഷങ്ങൾകൊണ്ട് വല്ല കുറവും ഇടയ്ക്കിടയ്ക്ക് വന്നുചേരുന്നുണ്ടെങ്കിൽ, അവരെ ശരിയായ വഴിക്ക് നടത്തുവാൻ അധികാരപ്പെട്ട സെനററ്, സിണ്ടിക്കേററ് മുതലായ കാരാളസംഘവും ഊരാളസംഘവും ഉണ്ട്. മഹാകവികളുടേയും ഗ്രന്ഥകർത്താക്കളുടേയും നേർച്ചകളും വഴിപാടുകളും ഇടക്കിടക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇവയെല്ലാം പുറമെ ക്ഷേത്രത്തിൽ ഭജനമിരിക്കുന്ന പത്രങ്ങളും പത്രഗ്രന്ഥങ്ങളും അസംഖ്യം. അവയൊക്കെ ശത്രുസംഹാരഹോമങ്ങളും എതിരാളികളെ പിടിച്ചു പുഷ്പാഞ്ജലിയും വരിക്കാക്ക് ത്രികാലപൂജയും ദീർഘായുസ്സിന് മൃത്യുഞ്ജയവും ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു സഹസ്രനാമവും മുദ്രാലയങ്ങൾക്ക് ഗ്രഹശാന്തിയും മററും ചെയ്തുപോരുന്നത് ഏതു നിലയിലായാലും ഒരു വിധത്തിൽ ക്ഷേത്രത്തിൻെറ അഭിവൃദ്ധിക്ക് സഹായമായിത്തീരുന്നു. ഇങ്ങിനെ പല വഴിയായി ക്ഷേത്രത്തിൽ പൂജയും, പാട്ടും, നീറുംപാലും, വിളക്കും, തീച്ചാട്ടവും, ഭരണിവേലയും, ആറാട്ടും, വഴിയാട്ടവും, കളിയാട്ടവും, പൂരവേലയും, തെയ്യാട്ടും, താലപ്പൊലിയും നടക്കുന്ന സ്ഥിതിക്ക്, കൊല്ലത്തിൽ ഒരു ഉത്സവവും അതിനെസ്സംബന്ധിച്ചു വെടിക്കെട്ടുകളും ഉണ്ടാകുന്നതിൽ എന്താണ് ആക്ഷേപിക്കുവാൻ.? അഥവാ, ഉത്സവം ശരിയായി നടത്തപ്പെടുന്നില്ലെന്നും വെടിക്കെട്ടുകൾക്ക് മോടിപിടിപ്പിക്കുന്നില്ലെന്നും വിദഗ്ദ്ധന്മാരായ മേളക്കാരേയും കുഴൽക്കാരെയും പണംകൊടുത്തു് വരുത്തുന്നില്ലെന്നും ആണ് പരാതിയെങ്കിൽ അതിന്നു ആരാണ് ഉത്തരവാദികൾ. ഊരാളന്മാരുടെ സഹായസഹകരണങ്ങൾ ഇല്ലാതെ ഭക്തന്മാർ തന്നെ സ്വയം സഹായം

അവലംബിച്ചു നടത്തപ്പെടുന്നതാണ് ഈ ഉത്സവം. അതിൽ യഥാർത്ഥഭക്തന്മാരായവരൊക്കെ ഭാഗഭാക്കുകളാകേണ്ടതാണല്ലോ.? അപ്പോൾ ആർ ആക്ഷേപിക്കുവാൻ? ആരെ ആക്ഷേപിക്കുവാൻ.? സമസ്തകേരളസാഹിത്യപരിഷത്ത്, സമസ്തകേരളത്തിലെ സമസ്തസാഹിത്യഭക്തന്മാരെയും സംബന്ധിക്കുന്നതാണെന്നുള്ള ധാരണയും അതിന്നനുസരിച്ചുള്ള ഉത്തരവാദിത്വബോധവും എല്ലാവൎക്കും ഉണ്ടാകുന്നതായാൽ ഈ ഉത്സവാഘോഷം സൎവ്വഥാ വിജയകരമാകാതെയിരിക്കയില്ല.

വ്യക്തിപരമായി പറയുന്നതായാൽ, എനിക്കാകട്ടെ, ഈ സമ്മേളനങ്ങളിൽ സംബന്ധിച്ചതുകൊണ്ട്, വലിയ ഗുണവും പ്രയോജനവും ഉണ്ടായിട്ടുണ്ട്. മറ്റെവിടെവെച്ചാണ് കേരളത്തിലെ മഹാകവികളെ ഒന്നിച്ചുചേൎന്ന് കാണ്മാനും അവരുടെ വാണീവിലാസം സ്വന്തം മുഖത്തിൽനിന്ന് നിൎഗ്ഗമിക്കുന്നതു കേട്ടാനന്ദിപ്പിക്കാനും സംഗതിവരുന്നത്.? പരേതരായ കവികുലമണികളുടേയും ഭാഷാഭിമാനികളുടേയും ഛായാപടങ്ങൾ ഒന്നിച്ചു ശേഖരിച്ചുവെച്ചതു നോക്കികണ്ട്, അവൎക്ക് ഓരോ വിഷയത്തിലുണ്ടായിരുന്ന പാടവത്തെ താരതമ്യപ്പെടുത്തി ആലോചിച്ച് ഗുണപ്പെടുവാൻ സാധിച്ചത് സാഹിത്യപരിഷൽസമ്മേളനത്തിലല്ലാതെ മറ്റെങ്ങുമായിരുന്നില്ല. അച്ചടിക്കപ്പെട്ടവയും അല്ലാത്തുള്ളവയും ആയ പ്രാചീനഗ്രന്ഥങ്ങളെ ഒന്നിച്ചു ക്രമപ്പെടുത്തിയത് കാണ്മാനും അവയെപ്പറ്റിയുള്ള വിവരം അന്വേഷിച്ച് മനസ്സിലാക്കുവാനും ഏകസമയത്ത് സൌകൎയ്യം സിദ്ധിച്ചതും ഈ സമ്മേളനങ്ങളിൽ വെച്ചായിരുന്നു. കേരളത്തിലെ നാനാപ്രദേശങ്ങളിലും അന്യോന്യം സംബന്ധമില്ലാതെ, നടപ്പുള്ളതും ഭാഷാരീതികൊണ്ടും നാട്യസമ്പ്രദായംകൊണ്ടും വ്യത്യാസപ്പെട്ടതും അധികസമയം ചെലവഴിച്ചു ബുദ്ധിമുട്ടിയല്ലാതെ കാണ്മാൻ സാധിക്കാത്തതും ആയ പലവിധ കളികൾ പാടിയാടുന്നതു കാണ്മാൻ ഇതിൽപരം സൌകൎയ്യം എവിടെയാണ്. വിലയേറിയ അഭിപ്രായങ്ങൾ പറവാൻ സാധിക്കുന്ന കലാമൎമ്മജ്ഞന്മാരോടൊന്നിച്ചിരുന്നു വള്ളത്തോൾ വരുത്തിയ പരിഷ്കാരങ്ങളോടുകൂടിയ ആട്ടക്കഥാഭിനയം കണ്ട് ആനന്ദിപ്പാൻ ഭാഗ്യമുണ്ടാകുന്നത് ഒരു ചില്ലാക്കാൎയ്യമാണോ.? നാനാപ്രദേശങ്ങളിൽനിന്നും വന്നെത്തിയ ഭാഷാഭിമാനികളായ യുവജനങ്ങൾ ഗദ്യപദ്യമത്സരങ്ങളിൽ ഏൎപ്പെട്ട് വിജയപതാക സമ്പാദിക്കുന്നതു കണ്ട് തൃപ്തനാകുവാനുള്ള സൌകൎയ്യം മറ്റെവിടെ സിദ്ധിക്കും.? അന്യോന്യം ബഹുമാനിക്കുന്നവരും ബഹുമാനിക്കപ്പെടേണ്ടവരും ആയ ഭാഷാഭിമാനികളും പണ്ഡിതാഗ്രേസരന്മാരും കൂടിച്ചേൎന്നു സ്വാഗതം പറയുന്നതും അവർ ഫലിതസമ്മിശ്രമായ സംഭാഷണം ചെയ്യുന്നതും കേട്ട് ആഹ്ലാദിപ്പാൻ കിട്ടുന്ന അവസരം ഇതുപോലെ മറ്റേതാണ്.? പത്രപ്രവൎത്തനത്തിൽ വേണ്ടുന്ന അഭ്യാസവും ഉത്സാഹവും സിദ്ധിച്ച രസി

കന്മാരായ ലേഖകന്മാർ ഉണ്ടെങ്കിൽ, അവർ ഈ അവസരത്തിൽ ഇവിടെ, ചേന്ന മഹാകവികളേയും ഗ്രന്ഥകത്താക്കളേയും ഓരോരുത്തരായി ചെന്നു കണ്ടു അഭിമുഖസംഭാഷണം ചെയ്തു, ഓരോ വിഷയത്തിൽ അവൎക്കുള്ള അഭിപ്രായങ്ങൾ എഴുതിയെടുത്തു് പരസ്യംചെയ്യുന്നതായാൽ അതുതന്നെ സാഹിത്യവിഷയമായ വിലയേറിയ ഒരു ഗ്രന്ഥമായിരിക്കുമെന്നു് എനിക്കു തോന്നാറുണ്ടു്. സാഹിത്യക്കളരിയിൽ ഇറങ്ങിപ്പയററി തഴക്കവും പഴക്കവും സിദ്ധിച്ചിരിക്കുന്ന വയോവൃദ്ധന്മാരും, അതിൽ കച്ചകെട്ടി ഇറങ്ങി അത്യന്തം ഉന്മേഷത്തോടും ഉത്സാഹത്തോടും കൂടി ഗണപതിവന്ദന മാത്രം ചെയ്തു കഴിഞ്ഞിരിക്കുന്ന യുവജനങ്ങളുംകൂടി ചേരുമ്പോൾ ഓരോരുത്തൎക്കും ഉണ്ടാകുന്ന മനോഗതി നിരീക്ഷണംചെയ്തു മനസ്സിലാക്കുവാൻ കഴിയുന്നവൎക്കു് അനുഭവമാകുന്ന ആനന്ദം എന്തായിരിക്കും.!"

(തുടരും)

# അധ്യക്ഷപ്രസംഗസംഗ്രഹം.

സമസ്തകേരളസാഹിത്യപരിഷത്തിന്റെ അഞ്ചാമത്തെ
യോഗത്തിൽ ചെയ്ത പ്രസംഗം.

(പി കെ. നാരായണപിള്ള ബി. ഏ., ബി. എൽ)

ഉള്ളൂർ പരമേശ്വരയ്യർ പറഞ്ഞതുപോലെ പരിഷത്തിലെ പ്രവത്തകന്മാർ മുഹൂത്തസമയത്താണു്, എന്നോടു പ്രസംഗം ചെയ്യണമെന്നാവശ്യപ്പെട്ടതു്. വിശേഷിച്ചും ഇവിടെ വന്നപ്പോൾ അദ്ധ്യക്ഷദർഭിക്ഷം നേരിട്ടിരിക്കുന്നതിനാൽ ആ സ്ഥാനംകൂടി വഹിക്കണമെന്നു് അവർ എന്നോടു് പറഞ്ഞു. ഉപേക്ഷിക്കാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ടു് ഞാൻ ആ സ്ഥാനം സ്വീകരിച്ചതാണു്. സാഹിത്യത്തെക്കുറിച്ചും കാവ്യങ്ങളെക്കുറിച്ചും ഇവിടെ പലരും പലതും പറഞ്ഞു. എന്നാൽ ഞാൻ ചോദിക്കുന്നതു് നമ്മുടെ ഭാഷയിൽ കാവ്യങ്ങൾ എത്രത്തോളമുണ്ടെന്നാണു്. കാവ്യങ്ങളില്ലാതെ വിമൎശനംചെയ്യുന്നതിനു് നിരൂപകന്മാരും ഉണ്ടാകയില്ല. ദിഗംബരന്മാർ മാത്രമല്ല ദിക്കിൽ വെളുത്തേടൻ വിഷമിക്കുന്നതാണല്ലോ. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന രാമായണം, ഭാരതം മുതലായ ഗ്ര

ന്ഥങ്ങൾ വായിക്കാതെ പൂർവികരുടെ ജീവചരിത്രകഥകൾ മാത്രം വായിച്ചാൽ മതി എന്ന് ഇന്നലെ ഒരു പ്രാസംഗികൻ പറഞ്ഞു. കാവ്യം എന്നതുതന്നെ നിൎത്തണമെന്ന് പുത്തേഴവും പറഞ്ഞു. ഇങ്ങിനെ പലവിധം അഭിപ്രായങ്ങൾ ഉള്ളതുകൊണ്ട് കേവലം വാദരൂപമായിട്ട് ഒരു യത്നം ചെയ്ക മാത്രമാണ് ഇവിടെ ചെയ്യുന്നത്. ആദ്യമായി സാഹിത്യം മനുഷ്യജീവിതവുമായി എത്രകണ്ട് ഇടപെടുന്നുണ്ട് എന്നാണു നോക്കേണ്ടത്. പ്രവൎത്തിമണ്ഡലം, ബുദ്ധിമണ്ഡലം, ഹൃദയമണ്ഡലം എന്ന് മൂന്നു ഉപാധികൾ മനുഷ്യനുണ്ട്.

ഹൃദയത്തിന്റെ ചോദന വികാരമായി പ്രവൎത്തിക്കുമ്പോൾ അതിനെ ബുദ്ധി നിയന്ത്രിക്കുന്നു. ഇതിനെ ആദരിക്കാതെ ഇരിക്കുമ്പോൾ അപകടങ്ങളിൽ ചെന്നു ചാടും. ചിലപ്പോൾ ഹൃദയത്തിന്റെ സഹായം കൂടാതെ മനസ്സ് തന്നെ പ്രവൎത്തിക്കും. ഹൃദയം മനുഷ്യന്റെ വികാരത്തിന്റെ അടിസ്ഥാന ഭൂമി ആണ്. വികാരം എങ്ങിനെ ഉണ്ടായി, അതിന്റെ പ്രവൃത്തി എന്ത് എന്നു ആലോചിക്കാം. ചരിത്രഗ്രന്ഥങ്ങളിൽ തന്നെ വികാരങ്ങളെ ആണ് കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നത്. രഘുവംശം ഒരു ചരിത്രഗ്രന്ഥമാണെങ്കിലും അതിലെ കാവ്യരസം അനുഭവിക്കുവാൻ ഒരു ഹൃദയംകൂടി ആവശ്യമാണ്. പദ്യം, ഗദ്യം എന്ന് രണ്ടുവിധത്തിലാണല്ലൊ സാഹിത്യം. പദ്യം വേണ്ടെന്നുവയ്ക്കാം എന്ന് മിസ്റ്റർ. രാമൻമേനോൻ പറഞ്ഞു. അത് എല്ലാവരും സമ്മതിക്കും എന്ന് തോന്നുന്നില്ല. എന്നാൽ വാക്കുകൊണ്ട് എല്ലാ സംഗതികളും വിവരിക്കാവുന്നിടത്ത് പദ്യം വേണമെന്നില്ല. വാക്കുകൊണ്ട് എല്ലാം വൎണ്ണിക്കാൻ കഴിയാത്ത വികാരപരമ്പരകൾ ഉണ്ട്. അവ കവിതമൂലമല്ലാതെ എങ്ങിനെയാണ് വൎണ്ണിക്കുക.

"എന്തഹോവല്ലഭാ! ഇന്നേരംമൌനഭാവം
എന്തപരാധം ചെയ്തുഞാൻ" ഇവിടെ പദ്യം തന്നെയല്ലെ വേണ്ടതു്. ഈ വരികൾ ഗദ്യത്തിൽ പറഞ്ഞാൽ എന്താണ് രസം. വികാരങ്ങളെ ഇത്ര ഭംഗിയായി മനസ്സിലാക്കാൻ കഴിയുമെന്നിരിക്കെ കവിത വേണ്ട എന്നു നിശ്ചയിക്കുതിന് ആൎക്കാണു മനസ്സുവരുന്നതു്. കവ്യങ്ങളുടെ കാലം പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ച പാശ്ചാത്യദേശങ്ങളിൽപോലും നശിച്ചിട്ടില്ല. മനുഷ്യരുടെ ഉററ ബന്ധുക്കൾ പക്ഷികളാണെന്ന് റാബർട്ട് ബ്രിഡ്ജ്സ് എന്ന ഇംഗ്ലീഷ് കവിയുടെ ഒരു നൂതനകവിതയിൽ കാണുന്നു. എന്തുകൊണ്ടെന്നാൽ പാട്ടിലും നൃത്തത്തിലും മനുഷ്യൎക്കുള്ള പാടവം പക്ഷികളിലും കാണുന്നതുകൊണ്ടു തന്നെ. കാൎയ്യസാദ്ധ്യത്തിനും ഗദ്യത്തേക്കാൾ പദ്യത്തിന് ശക്തിയുണ്ടെന്നു കാണാം. യാച

കന്മാർ പോലും ഒരുവിധം സംഗീതത്തിലാണ യാചിക്കുന്നതു്. അവക്കു പോലും മനുഷ്യരെ വശീകരിക്കുന്നതിനും തന്റെ കാൎയ്യസാദ്ധ്യത്തിനും ഗദ്യത്തേക്കാൾ പദ്യത്തിനു ശക്തിയുണ്ടെന്നു് അറിയാം. പദ്യം നിൎമ്മിക്കുന്നതുതന്നെ വള്ളത്തോൾ പറയുംപോലെ ദ്രാവിഡവൃത്തത്തിൽ ആയിരിക്കേണ്ടതാണു്. മനുഷ്യാത്മാവിനു് പ്രകൃതിദത്തമായുള്ള ഒരു ആകൎഷണമാണു് കലകൾ. ഫലാപേക്ഷയില്ലാതെ ചെയ്യുന്ന പ്രവൃത്തിയാണു് കളികൾ. കലകളുടെ പൂൎവ്വരൂപം കളികളായിരുന്നു. ഈ കലകൾ ആദിമനുഷ്യൎക്കു പോലും ഇഷ്ടതരങ്ങളായിരുന്നു.

"തെങ്ങിൻറിളംചൊട്ടപോലെ
ചെമ്മേവളഞ്ഞൊരുകൊമ്പു്" ആദിയായ ഉദാഹരണം നോക്കുക.

ശിശുക്കളെ കാണുമ്പോൾ ആൎക്കും സന്തോഷമുണ്ടാകുന്നതു് അവരുടെ കളങ്കരാഹിത്യംകൊണ്ടാണു്. ഇതുപോലെ കലയുടെ അങ്കുരാവസ്ഥയിലുള്ള കവിതകൾ വായിക്കുന്നതിനും കാണുന്നതിനും നമുക്കു് ഉത്സാഹമുണ്ടു്. കാളിദാസപ്രഭൃതികൾ വ്യാസന്റെ ഭാരതത്തിൽ എന്തെല്ലാം വേലകളാണു ചെയ്തതു്. അക്ഷയമായ ആ ഭണ്ഡാഗാരത്തിൽനിന്നു് ചില ഭാഗങ്ങൾ എടുത്തു പൊടിപ്പും തൊങ്ങലും വെച്ചതാണു് ശാകുന്തളം. പണ്ടത്തെ കവികൾ, കവിതകൊണ്ടു് രാജാക്കന്മാരെ സന്തോഷിപ്പിച്ചു. ഈസ്സൻ എന്ന കവി തന്റെ കവിതകൊണ്ടു് ആളുകളെ തന്റെ പന്ഥാവിലേക്കു തിരിപ്പിച്ചു് ആ പന്ഥാവു വിജയത്തിൽ കലാശിപ്പിച്ചു. കവികൾ പരമാൎത്ഥമാണു പറയാറുള്ളതു്. മാലതിയുടെ വിയൎപ്പുതുള്ളികൾ പയഃസമുദ്രകണങ്ങളായി വിചാരിച്ചതു് ഒട്ടും കളവല്ല. പ്രേമചാപല്യത്തിനു് വശംവദനായ മാധവൻ വികാരാധീനനായി വെറും വിയൎപ്പുതുള്ളികളെ ഇങ്ങനെ വൎണ്ണിച്ചതു് വിമൎശകന്മാർ ആക്ഷേപമായിട്ടു പറയുന്നു. കവി വികാരാധീനനാകയാൽ കാണുന്ന ഏതു വസ്തുക്കളേയും വൎണ്ണിക്കും. മാധവനു് ആ വിയൎപ്പുതുള്ളികൾ നാറുന്നവയല്ല.

സാമുദായികദൂഷ്യങ്ങളുടെ ദൂരീകരണത്തിലും സാഹിത്യത്തിനു് ഒരു സ്ഥാനമുണ്ടു്. കുഞ്ചൻനമ്പ്യാരുടെ കാലശേഷം അത്തരം കവികൾ കാണുന്നില്ല. റൂസ്സോയുടെ എഴുത്തുകളായിരുന്നു ഫ്രഞ്ചുവിപ്ലവത്തിനു കാരണം. ടാൾസ്റ്റായിയുടെ എഴുത്തുകളായിരുന്നു റഷ്യയിലെ വിപ്ലവത്തിനു കാരണം. ഡിക്കൻസിന്റെ നോവലുകൾ ഇംഗ്ലണ്ടിൽ പല പരിഷ്കാരങ്ങളും വരുത്തി. അമേരിക്കയിൽ സിൻക്ലിയായുടെ നോവൽ ദുഷിച്ച മാംസവില്പനയെ നിറുത്തി. സംസ്കൃതവാക്കുകൾ ഉപയോഗിക്കുന്നതു് ഭാഷക്കു് ഒരു ദൂഷ്യമാണെന്നു് തോന്നുന്നില്ല. "അനപലപനീയം" മുതലായ പദങ്ങൾ

പത്തുരൂപാപട്ടാളം* എന്നു് പറഞ്ഞുവരുന്ന വാധ്യാന്മാർ പോലും പ്രയോഗിക്കുന്നുണ്ടു്. 'അഭ്യവകഷണം' എന്ന വാക്കു് തെററാണെന്നു് പത്രക്കാർ സമ്മതിക്കാൻ ഭാവമില്ല. കുറെ നാളായി ഉപയോഗിച്ചുവന്നതുകൊണ്ടു് തെററായാലും മാററാൻ സമ്മതമില്ല. കേരളത്തിൽ ഒരു ഭാഷക്കു് കൂടുതൽ പ്രചാരം വരണമെങ്കിൽ അതു് സംസ്കൃതത്തിനു തന്നെ. സംസ്കൃതത്തെ ഇപ്പോഴും ഉപേക്ഷിക്കാറായിട്ടില്ല. ബുക്കുകമ്മിററിക്കാരെ കുറിച്ചു പറഞ്ഞതു് മുഴുവൻ ശരിയാണെന്നു തോന്നുന്നില്ല.

## ശാന്തിശിബിരം.

വിദ്യാഭ്യാസത്തിൻെറ ആധുനികദശയുടെ മുദ്രാവാക്യം ഗ്രാമസേവനമായിരിക്കണം. എന്നാൽ ശരീരത്തിനും മനസ്സിനും യഥാൎത്ഥപരിശീലനം കൂടാതെ സേവനം അൎത്ഥശൂന്യവും നിഷ്പ്രയോജനവുമാണു്. എന്നു തന്നെയല്ല, സേവനത്തിൻെറ അതിപ്രധാനമാനസികഗുണമായ വിനയം സ്വയമായ നിയമനം കൂടാതെ അലഭ്യവുമാകുന്നു. സ്വയമായ സംസ്കാരം, ആത്മനിയമനം, സേവനം ഇവ ഭാരതീയവിദ്യാഭ്യാസത്തിൻെറ ഭാവിയുടെ മൂന്നു തത്വങ്ങളായി പരിഗണിക്കേണ്ടതാണു്.

ഈ ആദൎശങ്ങളെ വിതരണം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്, വേനൽക്കാലത്തു് ഒരു മാസത്തോളം ശാന്തിശിബിരം (ശാന്തിനികേതനം)കൊണ്ടാടണമെന്നു് മിസ്റ്റർ കെ. എസ്സ്. കറന്തു് ആഗ്രഹിച്ചതു്. കഴിഞ്ഞ രണ്ടു വേനൽക്കാലങ്ങളിൽ രാജ്യത്തിൻെറ ശ്രേയസ്സിനും യുവജനങ്ങളുടെ വിദ്യാഭ്യാസത്തിനും വേണ്ടി ഈ പ്രസ്ഥാനം സ്മരണീയമായ സേവനം ചെയ്തിട്ടുണ്ടു്. ഈ കാൎയ്യത്തിനായിട്ടുള്ള നേതാക്കന്മാരുടെ പരീക്ഷണം ശ്രദ്ധാൎഹമായിട്ടുള്ളതാണു്.

ശാന്തിശിബിരത്തിൻെറ ഉദ്ദേശങ്ങൾ നിരവധിയാണു്. (൧) വിദ്യാൎത്ഥികൾക്കു് കായികസംസ്കാരം സംബന്ധിച്ച പരിശീലനം നൽകുക. (൨) ഭക്ഷണം, ശീലങ്ങൾ, ജീവിതം മുതലായവ സംബന്ധിച്ചു് സ്വയമാ

* ആ പേരു് പോയി. ആ വക പദങ്ങൾ പ്രയോഗിക്കാൻ മററു ജോലിക്കാരേക്കാൾ അവൎക്കാണു് വശം. മി: പി. കെ. യുടെ പ്രയോഗങ്ങൾതന്നെ മനസ്സിലാക്കി രസിക്കണമെങ്കിൽ അവർവേണം.

കെ. ശ്രീനിവാസ ആചാൎയ്യ എം. എ. 'ഹിന്ദു'വിൽ എഴുതിയിട്ടുള്ളതു്.

യ നിയമനപാലനത്തിൽ അവരെ സഹായിക്കുക. (൩) ആധുനികവിദ്ദ്യാഭ്യാസപദ്ധതിയിൽ നിന്നും പൂർണ്ണമായി ത്യജിച്ചിട്ടുള്ള രാഷ്ട്രീയം, സാമ്പത്തികം, മതം എന്നീ വിഷയങ്ങളിൽ വിജ്ഞാനം നല്കുക. (൪) ഗ്രാമീണരെ യഥാൎത്ഥമായി സേവിക്കുന്നതിനുള്ള സന്ദർഭങ്ങൾ ഉണ്ടാക്കുക. (൫) പ്രായമായവരുടെ വിദ്ദ്യാഭ്യാസത്തിനുവേണ്ടി ഒരു പദ്ധതി രൂപവൽക്കരിച്ച് അന്ധകാരമയങ്ങളായ കുടിലുകളിൽ ജ്ഞാനദീപം പ്രകാശിപ്പിക്കുന്നതിന് അവരെ സഹായിക്കുക ഇവയാണ് ആദർശങ്ങൾ.

൧൯൩൦-ലെ വേനൽക്കാലത്ത് ശിബിരം നടത്തിയത് തെക്കെ കർണ്ണാടകത്തിൽ ബെൽത്താങ്ങ്ഡിയിലുള്ള ഗുരുവായനകരി എന്ന ഗ്രാമത്തിലാണ്. ശ്രീമാന്മാരായ കെ. എസ്സ്. കരന്തും, രാമൻനമ്പ്യാരുമാണ് പ്രധാനപ്രവൎത്തകന്മാർ. നികേതനത്തിലെ ആവശ്യമുള്ള പദാൎത്ഥങ്ങൾ തദ്ദേശീയരായ പൊതുജനങ്ങൾ ഔദാൎയ്യപുരസ്സരം നല്കി. ശിബിരത്തിൽ ആറു പ്രവൎത്തകന്മാരും ഇരുപതു വിദ്ദ്യാൎത്ഥികളുമുണ്ടായിരുന്നു. കുട്ടികൾ ൯ മുതൽ ൧൬ വരെ വയസ്സുള്ളവരും നാനാവർഗ്ഗങ്ങളിൽ പെട്ടവരുമായിരുന്നു. ഒരു മഹമ്മദീയബാലനുമുണ്ടായിരുന്നു.

## ശിബിരത്തിലെ നിത്യജീവിതം

രാവിലെ അഞ്ചുമണിക്ക് മണിയുടെ ശബ്ദം കേട്ടാൽ ഉണൎന്ന് പ്രഭാതകൎമ്മങ്ങൾ നടത്തണം. അരഞ്ചര മുതൽ ആറുവരെ പ്രാർത്ഥന. ആറര മുതൽ ഏഴുവരെ കായികസംസ്കാരവും ലഘുഭക്ഷണവും. ഏഴര മുതൽ പത്തുവരെ സമീപത്തുള്ള ബാലികാബാലന്മാരെക്കൊണ്ട് കായികവ്യായാമങ്ങൾ ചെയ്യിപ്പിക്കുക. ഓരോ കൂട്ടമായി ഗ്രാമസംബന്ധമായ ജോലി ചെയ്യുക. പത്തുമുതൽ പതിനൊന്നുവരെ താമസസ്ഥലം കഴുകലും കുളിയും. പതിനൊന്നര മുതൽ മൂന്നുവരെ വിശ്രമം. മൂന്നുമുതൽ നാലര വരെ അവൎക്കുവേണ്ടിയുള്ള പ്രസംഗങ്ങൾ. നാലരക്ക് കഞ്ഞി. അഞ്ചുമുതൽ ആറുവരെ ഗ്രാമജോലി, കായികസംസ്കാരം. ആറരക്ക് ഭക്ഷണം. ഏഴുമുതൽ ഒൻപതുവരെ പ്രാർത്ഥനയും പ്രായമായവരുടെ വിദ്ദ്യാഭ്യാസകാൎയ്യപരിപാടിയും. പത്തുമണിക്ക് നിദ്ര.

രാവിലെ ആറരമണിക്ക് പ്രവൎത്തകാംഗങ്ങൾ പലവിധത്തിൽ വ്യായാമം ചെയ്യുക പതിവായിരുന്നു. ഗ്രാമജോലി നിൎവ്വഹിക്കുവാനുള്ള അത്ധ്യദ്ധ്വാനം തന്നെ ഒരുവന്റെ ശക്തിയെ പരീക്ഷിക്കുവാൻ മതിയായിരുന്നു. രാവിലെ ഗ്രാമത്തിലുള്ള ബാലികാബാലന്മാർ വന്ന് വ്യായാമം ചെയ്തിരുന്നു.

ശിബിരത്തിൽ ഭൃത്യന്മാരുണ്ടായിരുന്നില്ല. കുട്ടികൾ തന്നെ ക്രമമായി ദിവസത്തിൽ രണ്ടുപ്രാവശ്യം നിലം അടിച്ചുവാരുകയും കഴുകുകയും

ചെയ്തിരുന്നു. അവരുടെ ഉപയോഗത്തിനായി അവർതന്നെ മൂന്നു കക്കൂസുകൾ ഉണ്ടാക്കുകയും ദിവസവും അവയിൽ മണ്ണിട്ടു വൃത്തിയാക്കുകയും ചെയ്തിരുന്നു.

ഭക്ഷണത്തെപ്പററി പ്രത്യേകം പറയേണ്ടതായുണ്ട്. മുളക്, പുളി, പലവ്യഞ്ജനം മുതലായവകൂടാത്ത നിർമ്മലഭക്ഷണമായിരുന്നു അവർ ഉപയോഗിച്ചിരുന്നത്. തവിടു കളയാത്ത ഉണക്കലരിയും, സസ്യാദികളും, മോരുമായിരുന്നു ഭക്ഷണപദാർത്ഥങ്ങൾ. രാവിലെ ഗ്രാമജോലിക്കു പോകുന്നതിനു മുമ്പെ രണ്ടപ്പവും ഒരു പാത്രം ഗോതമ്പുകഞ്ഞിയും കഴിക്കും. വൈകുന്നേരവും ജോലിക്കുപോകുന്നതിനു മുമ്പ് ഒരു പാത്രം കഞ്ഞി കുടിക്കുക പതിവാണ്.

മഹാത്മാഗാന്ധിയുടെ ആദർശങ്ങൾ അനുസരിച്ചിരുന്ന ഞങ്ങൾ രാവിലേയും വൈകുന്നേരവും ഒന്നിച്ച് പ്രാർത്ഥന നടത്തിയിരുന്നു. ഞങ്ങളെല്ലാവരും നിലത്തിരുന്ന് നിശ്ശബ്ദമായി പ്രാർത്ഥിക്കും. ആശ്രമത്തിലെ പ്രാർത്ഥനപ്പുസ്തകമായിരുന്ന ഭജനാവലി ശരിയായ വ്യാഖ്യാനത്തിനു ശേഷമെ ഉപയോഗിച്ചിരുന്നുള്ളു. അവസാനത്തിൽ ചില ഗാനങ്ങൾ പാടുകയും ഒരു പുസ്തകത്തിൽനിന്നും ഒരു അദ്ധ്യായം വായിക്കുകയും ചെയ്യും. മതഭ്രാന്തോ ഓരോ വർഗ്ഗത്തിനും പ്രത്യേകമതമൊ ഉണ്ടായിരുന്നില്ല.

### ഗ്രാമജോലി

'ഗ്രാമീണപുനസ്സംഘടന', 'ഗ്രാമസേവനം' മുതലായി പ്രസംഗവേദികളിൽനിന്നും പുറപ്പെടുന്ന പ്രസംഗങ്ങളിൽ ശിബിരം വിശ്വസിക്കുന്നില്ല. യഥാർത്ഥസേവനത്തിലാണ് വിശ്വസിക്കുന്നത്. ആദ്യമായി അവരുടെ ശ്രദ്ധയെ ആകർഷിച്ചതു് ഗ്രാമശുചീകരണമാണ്. ദിവസത്തിൽ നാലു മണിക്കൂർ ഇതിനായി വിനിയോഗിക്കുന്നുണ്ട്. ഈ ജോലികൊണ്ട് ഗ്രാമീണർക്കു ലഭിക്കുന്ന ഗുണങ്ങൾക്കു പുറമെ പ്രവർത്തകന്മാരുടെ ജീവിതത്തിലും ഒരു പുതിയ അദ്ധ്യായം തുറന്നു. റോഡും കുഴികളും നന്നാക്കുന്നതിനും മഹമ്മദൻകുടിലുകളുടെ ചുററുമുള്ള ചവറു നീക്കുന്നതിനും കുട്ടയും ചൂലുമായിപ്പോകുന്നതു് പരിശ്രമപരമായ ഒരു വിദ്യാഭ്യാസം തന്നെയാണ്. അപരിചിതന്മാർ വന്ന് തങ്ങളുടെ ഭിത്തികളും കിണറുകളും വഴികളും നന്നാക്കുന്നതുകണ്ട് അത്ഭുതപരതന്ത്രരായ ഗ്രാമവാസികൾ തങ്ങളുടെ ഉത്തരവാദിത്വം മനസ്സിലാക്കി അവരെ സഹായിച്ചുവന്നു. അവിടെ വന്നിട്ടുള്ള പ്രവർത്തകന്മാർ ദേശത്തിന്റെ ദാസന്മാരാണെന്ന് അറിഞ്ഞു. കാലത്തെ സമയം മുഴുവനും താഴെ പറയുന്ന ജോലികൾ ഓരോ കൂട്ടരായി നിർവ്വഹിച്ചുവന്നു. (ക) തോട്ടുകൾ കുഴിക്കുക, (ഖ) കുടിലുകൾക്കു ചുററുമുള്ള ചവറു മാററുക, (ഗ) കിണറുകൾ നന്നാക്കുക, (ഘ) വഴികൾ ഉണ്ടാ

ക്കുക, (ഒ) ഗ്രാമത്തിലെ ഉപയോഗത്തിനായി രണ്ടു കക്കൂസുകൾ കഴിച്ചുണ്ടാക്കുക, (ന്ന) ചന്തസ്ഥലത്തിനു വേണ്ടി നിരപ്പില്ലാത്ത ഭൂമി വെട്ടി നിരത്തുക.

### പ്രായമായവരുടെ വിദ്യാഭ്യാസം

ഈ പ്രധാനജോലിക്കായി രാത്രി രണ്ടു മണിക്കൂർ പ്രത്യേകം നിശ്ചയിച്ചിരുന്നു. വൈകുന്നേരത്തെ പ്രാർത്ഥനയിലും സംഗീതത്തിലും പങ്കുകൊള്ളുന്നതിനായി ഗ്രാമവാസികളെ ക്ഷണിച്ചിരുന്നു. സന്ധ്യാസമയം അവർ ശിബിരത്തിൽ കഴിച്ചുകൂട്ടും. കാര്യപരിപാടി വിവിധത്വമുള്ളതും കൌതുകത്തെ ജനിപ്പിക്കുന്നതും ബുദ്ധിശക്തിയെ ആകർഷിക്കുന്നതുമാണ്. ശ്രീരാമകൃഷ്ണൻ, ബുദ്ധൻ, ശിവാജി മുതലായ മഹാത്മാക്കളെക്കുറിച്ചും ഗ്രാമശ്രുചീകരണം, സഹകരണം, അക്ബരുടെ ജീവിതം മുതലായ സദ്വിഷയങ്ങളെപ്പററിയും മാന്യന്മാരായവർ പ്രസംഗിക്കും. പുരാണങ്ങളിൽനിന്നും നാടകങ്ങളിൽനിന്നും ചില ഭാഗങ്ങൾ വായിക്കും. കൊറാനേയും ഗീതയേയും പററി സംഭാഷണം നടത്തും; സംഗീതത്തിനു പുറമെ, തുറന്ന സ്ഥലത്തു വച്ച് സാമുദായികനാടകങ്ങൾ അഭിനയിക്കും; കായികസംസ്കരണത്തെപ്പററി പ്രസംഗിക്കും, ആരോഗ്യത്തേയും സമുദായജീവിതത്തേയും പററിയുള്ള മായാദീപപ്രദർശനം മുതലായവയും കാര്യപരിപാടിയിൽ ഉൾപ്പെട്ട വിഷയങ്ങളാണ്. അവിടെ സന്നിഹിതരാകുന്ന ആളുകളുടെ സംഖ്യതന്നെ ഇതെല്ലാം വിജ്ഞേയവും താല്പര്യജനകവുമായ ഒന്നാണെന്നു തെളിയിക്കുന്നുണ്ട്. സന്ദർശകന്മാരുടെ സംഖ്യ പന്ത്രണ്ടിൽനിന്നും നൂററിഅൻപതായി. ശരാശരിഹാജർ അറുപതാണ്.

### പ്രവർത്തകാംഗങ്ങളുടെ വിദ്യാഭ്യാസം

ഈ ശാന്തിനികേതനത്തിൻെറ ഒരു പ്രധാനഉദ്ദേശം ജ്ഞാനസമ്പാദനമാണെന്നുള്ളതിന് സംശയമില്ല. പ്രസംഗങ്ങൾ, സംഭാഷണങ്ങൾ, സഞ്ചാരം എന്നിവ മുഖാന്തിരം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനു സന്ദർഭങ്ങൾ നൽകിയിരുന്നു. ഓരോ ദിവസവും മദ്ധ്യാഹ്നത്തിനു ശേഷം ഒന്നര മണിക്കൂർ ഇക്കാര്യത്തിനായി വിനിയോഗിച്ചിരുന്നു. ആ സമയത്ത് പ്രത്യേകവിദഗ്ദ്ധന്മാർ പ്രസംഗങ്ങൾ ചെയ്തിരുന്നു. സേവനാദർശങ്ങൾ, ഭരണരീതികൾ, ദാരിദ്ര്യം, ഭരതീയധനതത്വശാസ്ത്രതത്വങ്ങൾ, ഭാരതീയഭരണസമ്പ്രദായം, ഇൻഡ്യയും ലോകവും, പ്രയത്നം, കലയും ജീവിതവും, ഉല്പാദനം, വിതരണം, സഹകരണപ്രസ്ഥാനം, മുതലായവ അവിടെ നൽകിയ ചില പ്രസംഗവിഷയങ്ങളാകുന്നു.

വിദ്യാർത്ഥികൾ ചില ഗ്രാമങ്ങളിലെ സാമ്പത്തികപര്യാന്വേഷണ ജോലി നിർവ്വഹിക്കേണ്ടിയിരുന്നു. തന്മൂലം ഗ്രാമങ്ങളിലെ സ്ഥിതിഗതികൾ

അവക്കു മനസ്സിലാകുമല്ലൊ. എന്നാൽ മഴ നിമിത്തം ഇതു നടന്നില്ല. പശ്ചിമപൎവ്വതത്തിലെ പല കൊടുമുടികളും ഇവർ കയറി പ്രകൃതിവിലാസം കണ്ടനുഭവിക്കയുണ്ടായി.

ഈ ശാന്തിഭവനം ഇൻഡ്യൻ വിദ്യാഭ്യാസചരിത്രത്തിലെ ഒരു പുതിയ ഭാഗമായി തോന്നുന്നു. കായികസംസ്കാരം, നിയമനം, സ്വയമായ വിദ്യാഭ്യാസം, ഗ്രാമീണപുനസ്സംഘടന എന്നിവ കൂട്ടിച്ചേൎത്തുള്ള അതിന്റെ കാൎയ്യപരിപാടി, നമ്മുടെ വിദ്യാഭ്യാസാദൎശങ്ങളിൽ ഒരു നവീനകാലത്തെയാണു കാണിക്കുന്നതു്. അതു് പുരാഗതിയിലും ഉൽകൃഷ്ടമായ ആദൎശത്തിലുമുള്ള സുസ്ഥിരവിശ്വാസത്തിന്റേയും മനുഷ്യവൎഗ്ഗത്തെ സേവിക്കുവാനുള്ള അത്യാസക്തിയുടേയും ഫലമായി ഉണ്ടായിട്ടുള്ളതാകുന്നു.

# പുസ്തകാഭിപ്രായം.

## സരസൻ (ഓണം വിശേഷാൽപ്രതി)

മാനേജർ, സരസൻ; തളിപ്പറമ്പു്.

വില 12 ണ.

ബ്രിട്ടീഷ് മലബാറിലെ വിനോദമാസികയായ സരസന്റെ ഓണം വിശേഷാൽപ്രതി ഈയിടെയാണ് ഞങ്ങൾക്ക് അഭിപ്രായത്തിന് ലഭിച്ചതു്. ഇതിൽ ഗദ്യപദ്യങ്ങളായി ൨൦ ലേഖനങ്ങൾ കാണുന്നുണ്ടു്. സരസൻ ഒരു വിനോദമാസികയും, അതിന്റെ ആദൎശം വായനക്കാൎക്കു് വിനോദപരമായ വിജ്ഞാനം നൾകുകയും ആയിരിക്കെ, ഇതിൽ ചേൎത്തുകാണുന്ന ലേഖനങ്ങളിൽ അധികവും സരസനു യോജിക്കുന്നവയാണോ എന്നു് ഞങ്ങൾ ബലമായി സംശയിക്കുന്നു. ഈ വിനോദമാസികയുടെ വിശേഷാൽപ്രതിയിൽ അധികവും വിനോദപരങ്ങളായ ലേഖനങ്ങൾ വേണം പ്രസിദ്ധീകരിപ്പാൻ എന്നാണ് ഞങ്ങളുടെ അഭിപ്രായം.

ഗദ്യലേഖനങ്ങളിൽ 'സ്വദേശിപ്രസ്ഥാന'ത്തിനാണ് പ്രഥമസ്ഥാനം നൾകിക്കാണുന്നതു്. സ്വദേശിപ്രസ്ഥാനത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം അതിൽനിന്നും മനസ്സിലാക്കാവുന്നതാണ്. 'അഭിനവനിരൂപ

ണാദർശം' എന്ന ലേഖനത്തിൽ ഇന്നത്തെ ഭാഷാനിരൂപണലോകത്തിൽ നടക്കുന്ന കുചേഷ്ടിതങ്ങളെ നല്ലപോലെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 'കരിക്കട്ട' എന്ന ലേഖനത്തിൽ ഗ്രന്ഥകർത്താവു് ഉദ്ദേശിക്കുന്നിടത്തോളം വിനോദം കാണുന്നില്ല. 'ചിരിയും പുഞ്ചിരി'യും പ്രസ്വമെങ്കിലും വിലയേറിയതുതന്നെ. 'കവികേസരി'യുടെ തീപ്പു് എല്ലാ തർജ്ജമക്കാരും വായിച്ചുനോക്കേണ്ടതാണ്. 'നമ്മുടെ മതവിശ്വാസ'ത്തിൽ ഒരു നമ്പൂരിയുവാവു പ്രകടിപ്പിക്കുന്ന ഉല്പതിഷ്ണുത്വത്തിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഇതിൽ ചേർത്തിരിക്കുന്ന കഥകളെല്ലാം 'ഒരു കഥ'യായിട്ടുതന്നെ തോന്നുന്നു.

പദ്യലേഖനങ്ങളിൽ അത്ഭുതവസ്ത്രം, മരിച്ചിട്ടും, വിരഹോൽക്കണ്ഠിതയായ നവോഢ, അന്ത്യശാസനം ഇവ സാമാന്യം നന്നായിട്ടുണ്ട്. 'കവിത'യില്ലാത്തതായ പദ്യലേഖനങ്ങളും ഇതിൽ കാണുന്നുണ്ട്. ആകപ്പാടെ പറയുകയാണെങ്കിൽ ഒരു വിശേഷാൽപ്രതിക്കു യോജിച്ച നല്ല ഗദ്യപദ്യലേഖനങ്ങൾ കുറവാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. എങ്കിലും ഇതു് ആദ്യത്തെ വിശേഷാൽപ്രതിയായതുകൊണ്ടു് പ്രവർത്തകന്മാർക്കു കൃതാർത്ഥതക്കു വഴിയുണ്ടു്.

## സാപ്തപദീനപാരമ്യം

ഗ്രന്ഥകർത്താ:— എം. രാജരാജവർമ്മതമ്പുരാൻ എം. എ., ബി. എൽ.

റിട്ടയാഡ് ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം

വില 6 അണ

ഈ പുസ്തകത്തിന്റെ പേരു കേൾക്കുമ്പോൾ തന്നെ 'ഇതെന്തൊരു പുസ്തകം' എന്നു് വായനക്കാർക്കു തോന്നിയേക്കാം. സാപ്തപദീനം—സഖ്യം—അതിന്റെ പരമകാഷ്ഠയെ പററി പറയുന്നതു് എന്ന അർത്ഥത്തിലാണ് പദം പ്രയോഗിച്ചിരിക്കുന്നതു്. സർവ്വരാജ്യമഹാസമിതി (The League of Nations)യുടെ ഒരു സംക്ഷിപ്തവിവരണമാണ് ഇതിലടങ്ങിയിരിക്കുന്നതു്. ഈ മഹാസമിതിയെപ്പററി കേട്ടിട്ടില്ലാത്തവർ തന്നെ നമ്മുടെയിടയിൽ ധാരാളമുണ്ടെങ്കിലും—കേട്ടിട്ടുള്ളവരിൽതന്നെ അതു എന്തെന്നറിയാൻ പാടില്ലാത്തവരും ഒട്ടും കുറവല്ല. ഓരോ രാജ്യക്കാരും തമ്മിലുള്ള മത്സരം അകററി സൌഹാർദ്ദവും സമാധാനവും വളർത്തണമെന്നാണ് ഈ മഹാസമിതിയുടെ ഉദ്ദേശം. ഇത്ര മഹിമയേറിയ ഈ സമിതിയെ പററി സാമാന്യമായ ഒരു ജ്ഞാനം ഈ ചെറുഗ്രന്ഥപാരായണംകൊണ്ടു് സിദ്ധിക്കുന്നതാണ്: സാധാരണജനങ്ങൾക്കു വായിച്ചാൽ നല്ലപോലെ മനസ്സി

ലാകത്തക്കവണ്ണം അത്ര ലളിതമായ ഭാഷയിലാണ് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നത്. ഇതിലെ ലേഖനങ്ങൾ എല്ലാംതന്നെ 'ഗുരുനാഥൻ' മാസികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും പലരും പ്രശംസിച്ചിട്ടുള്ളതുമാണ്. പ്രയോജനപ്രദമായ ഇത്തരം പ്രസിദ്ധീകരണങ്ങൾ മൂലം ഗ്രന്ഥകർത്താവ് മേലും ഭാഷാദേവിയെ അനുഗ്രഹിക്കുമാറാകട്ടെ.

---

# കുറിപ്പുകൾ.

## അഖിലഏഷ്യാ വിദ്യാഭ്യാസ സമ്മേളനം.

അഖിലഏഷ്യാവിദ്യാഭ്യാസസമ്മേളനത്തിന്റെ പ്രഥമയോഗം ൧൯൩൦ ഡിസംബർ ൨൬-ാംനു- കാശിയിലെ സെൻറ്റൽ ഹിന്ദുഹൈസ്കൂൾ മൈതാനത്ത് പ്രത്യേകം തയ്യാർചെയ്തിരുന്ന വിശാലമായ പന്തലിൽ വെച്ച് കൂടിയിരിക്കുന്നു. ഈ യോഗത്തിൽ പ്രൊഫസർ രാധാകൃഷ്ണനാണ് ആദ്ധ്യക്ഷം വഹിച്ചത്. ഏകദേശം ൫൦൦൦ പേർ സന്നിഹിതരായിരുന്നു. അവരിൽ അനേകംപേർ സ്ത്രീകളുമാണ്. ഇൻഡ്യയുടെ നാനാഭാഗങ്ങളിൽ നിന്നും പ്രതിനിധികൾ ഹാജരായിരുന്നു. മദ്രാസിൽനിന്നും ൩൦൦ പ്രതിനിധികൾ ഉണ്ടായിരുന്നു എന്നാണ് അറിയുന്നത്. ചൈന, ജപ്പാൻ, സിലോൺ, ഫിലിപ്പയിൻദ്വീപുകൾ എന്നീ സ്ഥലങ്ങളിൽനിന്നും പ്രതിനിധികൾ ഹാജരായിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണ്. കാശിയിലെ മഹാരാജാവാണ് സമ്മേളനം ഉൽഘാടനം ചെയ്തത്. ഏഷ്യയിലെ ബുദ്ധിമാന്മാരുടെ ഈ സമ്മേളനം, പൌരസ്ത്യപരിഷ്കാരത്തിലെ സർവതോന്മുഖമായ ഉദ്ധാരണത്തിനു വേണ്ടി ഒരു മാർഗ്ഗം കണ്ടുപിടിക്കുമെന്നും, സമ്മേളനത്തിലെ ചിന്തകൾ ഒരു പൌരസ്ത്യനവോത്ഥാനത്തിനുള്ള മാർഗ്ഗങ്ങൾ സ്പഷ്ടമാക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹത്തിന്റെ സാരതരമായ പ്രസംഗത്തിലെ പ്രധാനഭാഗങ്ങൾ അടുത്തലക്കത്തിൽ ചേർത്തുകൊള്ളാം.

പ്രിൻസിപ്പാൾ പി. ശേഷാദ്രിയാണ് സ്വാഗതപ്രസംഗം നടത്തിയത്. ആ പ്രസംഗത്തിൽ ഇന്നു പ്രചരിച്ചിരിക്കുന്ന വിദ്യാഭ്യാസത്തിന്റെ സ്ഥിതികളെ ചൂണ്ടിക്കാണിക്കുകയും അക്ഷരജ്ഞാനമുള്ളവരുടെ സം

ഖ്യ ത്തലോം കറഞ്ഞിരിക്കുന്നതിൽ വ്യസനിക്കുകയും ചെയ്തു. പ്രായമായവരുടെ വിദ്യാഭ്യാസത്തെപ്പററിയും അദ്ദേഹം സംസാരിക്കയുണ്ടായി. സർവ്വകലാശാലകളുടെ എണ്ണം കൂട്ടിയതുകൊണ്ടു മാത്രം പ്രയോജനമില്ലെന്നും വായനശാലകളുടെ എണ്ണം കൂട്ടണമെന്നും, പര്യാന്വേഷണം നടത്തുവാനുള്ള പണ്ഡിതന്മാരുടെ സംഖ്യ വർദ്ധിപ്പിക്കണമെന്നും മനുഷ്യവർഗ്ഗത്തിൻെറ ജ്ഞാനത്തെ വിസ്തൃതമാക്കുവാൻ ഒരു പണ്ഡിതസമൂഹത്തെ ഉണ്ടാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സ്ത്രീവിദ്യാഭ്യാസവും അധഃകൃതരുടെ വിദ്യാഭ്യാസവും അദ്ദേഹത്തിൻെറ ശ്രദ്ധക്ക് വിഷയീഭവിച്ചിരുന്നു.

പ്രൊഫ്സർ രാധാകൃഷ്ണൻ തൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ ആ സമ്മേളനത്തിൻെറ ചുമതലകളെ വിശദമാക്കി. ഏഷ്യയിലുള്ള എല്ലാ രാജ്യങ്ങളേയും കൂട്ടിച്ചേർത്ത് ഇങ്ങനെ ഒരു സമ്മേളനം ആരംഭിച്ചതു് സങ്കുചിതമായ ദേശീയബോധമായി വിചാരിക്കരുതെന്നും, അഖിലലോകഅദ്ധ്യാപകസംഘത്തിൻെറ കീഴിലാണ് ഈ സമ്മേളനം നടക്കുന്നതെന്നും, ഇതു് ലോകത്തിൻെറ സഹകരണത്തെ വർദ്ധിപ്പിക്കുവാനുള്ള ഒരു ഉപകരണമാണെന്നും അദ്ധ്യക്ഷൻ പ്രസ്താവിച്ചു. പൌരസ്ത്യരാജ്യങ്ങളിലെ സംസ്കാരങ്ങളും പാശ്ചാത്യദേശത്തിലെ ശാസ്ത്രീയവിജയങ്ങളും തമ്മിൽ സംഘടിക്കുവാൻ പോകുന്നുഎന്നും അതു് മനുഷ്യചരിത്രത്തിൽ ഒരുപുതിയ അദ്ധ്യായം ആരംഭിക്കുന്ന എന്നും അതു വിദ്യാഭ്യാസപ്രവർത്തകന്മാരുടെ പ്രവൃത്തികളെ ആണ് ആശ്രയിച്ചിരിക്കുന്നതെന്നും പറഞ്ഞു. ഏഷ്യയും യൂറോപ്പും തമ്മിൽ ശത്രുക്കളുടെ നിലയിലൊ മിത്രങ്ങളുടെ നിലയിലൊ വർത്തിക്കേണ്ടതെന്ന് നിശ്ചയിക്കണമെന്നും,ശത്രുഭാവത്തിലാണെങ്കിൽ ഭൂതകാലത്തെക്കാൾ കൂടുതൽ സങ്കടം അനുഭവിക്കേണ്ടിവരുമെന്നും അദ്ദേഹം പ്രസംഗിച്ചു.

ബന്ധനവിമുക്തനായ മാളവ്യജി ൩൦-൬- സമ്മേളനത്തിൽ ഹാജരായി. സഭാവാസികൾക്ക് എന്തെന്നില്ലാത്ത സന്തോഷമുണ്ടായി. അദ്ദേഹത്തിൻെറ പ്രസംഗത്തിൽ, വിദ്യാഭ്യാസം ഒരു വർഗ്ഗത്തിൻേറയൊ ദേശത്തിൻേറയൊ കുത്തകയല്ലെന്നും, വനുഷ്യവർഗ്ഗത്തെ ഒട്ടാകെ സംബന്ധിക്കുന്ന ഒരു വിഷയമാണെന്നും, എല്ലാ രാജ്യക്കാരും തമ്മിൽ സമാധാനവും സൌഹാർദ്ദവും ഉണ്ടാക്കണമെന്നും,.വിരോധവും അസൂയയും ഉപേക്ഷിക്കണമെന്നും പറയുകയുകയുണ്ടായി. മാളവ്യജിയുടെ ഈ ഉൽകൃഷ്ടവിദ്യാഭ്യാസരൂപത്തെ പ്രവൃത്തിരൂപത്തിലാക്കുവാൻ സമ്മേളനം ശ്രമിക്കേണ്ടതാണ്.